
# ഭദ്രാസന ധ്വനി


റാന്നി-നിലയ്ക്കൽ ഭദ്രാസന ത്രൈമാസിക
2025 ഏപ്രിൽ,മെയ്,ജൂൺ



# ജന്മദിനാശംസകൾ...



റൈറ്റ്.റവ.ഡോ.തോമസ് മാർ തീത്തോസ്
എപ്പിസ്കോപ്പ
**മെയ് 10**



റൈറ്റ്.റവ.സഖറിയാസ് മാർ അപ്രേം
എപ്പിസ്കോപ്പ
**ഏപ്രിൽ 22**



റൈറ്റ്.റവ.മാത്യൂസ് മാർ സെറാഫീം
എപ്പിസ്കോപ്പാ
**മെയ് 1**

## ദിവംഗതരായ പട്ടക്കാർ – ആദരാഞ്ജലികൾ



റവ.പി.റ്റി.ചെറിയാൻ (89)
പേരങ്ങാട്ട് മലയിൽ അട്ടച്ചാക്കൽ
24.12.2024



റവ.സി.സി.മാമ്മൻ (84)
ചെമ്പകത്തിനാൽ നാരങ്ങാനം
08.03.2025



റവ.ഡോ.പി.എം.മാത്യു (95)
ബഥേൽ,കോന്നി
20.03.2025



റവ.ജയിംസ് ജോർജ് (63)
ഗ്രയ്സ് വില്ല, കടപ്ര, കുമ്പനാട്
27.03.2025





ഭദ്രാസന കൺവൻഷൻ ഗായകസംഘം




ഭദ്രാസന സുവിശേഷകർ ചുമതലക്കാരോടൊപ്പം

# ഉള്ളടക്കം

**ഭദ്രാസനധ്വനി**
റാന്നി നിലയ്ക്കൽ ഭദ്രാസന ത്രൈമാസിക
2025 ഏപ്രിൽ - ജൂൺ




2 ഭദ്രാസന അദ്ധ്യക്ഷനിൽ നിന്നും
4 സെക്രട്ടറിയുടെ കത്ത്
6 എഡിറ്റോറിയൽ

8 നോമ്പ്: വീണ്ടെടുപ്പിന്റെ കാലം
റവ. സിബി മാത്യു കൊമ്പാടി
11 നോമ്പ് : ക്രിസ്തീയ ജീവിതത്തിലെ ഊന്നുവടി
ബിനിൽ വർഗ്ഗീസ്
12 നോമ്പ് : പരിവർത്തനത്തിന്റെ പരിശീലനകാലം
റവ. എം.ജെ. ചെറിയാൻ
14 നിഖ്യ ഒരു പുനർവിചിന്തനം: നമ്മുടെ കാലത്തിനുവേണ്ടി ഒരു വിശ്വാസപ്രമാണം
റവ. ഡോ. വൈ. റ്റി. വിനയരാജ്







അനുഭവക്കുറിപ്പുകൾ –


15 ദൈവകൃപയുടെ തണലിൽ
റവ. ഏബ്രഹാം മാത്യു കീക്കൊഴൂർ
18 ദൈവിക കരുതലിൽ 41 വർഷം
റവ. മാത്യൂസ് ചാണ്ടി
19 കരുതലും കൂട്ടായ്മയും
റവ. തോമസ് പി. ചാണ്ടി
20 എന്നെ ശക്തനാക്കിയവൻ മുഖാന്തരം
റവ. വി. ജെ. മാത്യു

21 പൂമ്പാറ്റകളുടെ നിറം മാറുകയോ?
സി.ജെ. ഈശോ, റാന്നി
22 ജീവിതത്തെ ഉണർത്തുന്ന ദൈവിക സംഗീതം
റവ. ഉമ്മൻ കെ. ജേക്കബ്
23 GRACEFUL LENT: EMBRACING FASTING WITH JOYFUL HEART
നമിത ഏബ്രഹാം
24 ഭരണഘടന @75: ഒരു വിലയിരുത്തൽ
അഡ്വ. ശ്യാം ജെ. സാം
25 GEN Z'S PREFERENCE IN THE DIGITAL ERA
ഡോ. ആനി രാജൻ
27 നോമ്പ്: ദൈവത്തോടും ദൈവസൃഷ്ടികളോടുമുള്ള സഹവാസം
പ്രൊഫ. ഡോ. റോയ്സ് മല്ലശ്ശേരി
28 നോമ്പ്: അനുകമ്പയുടെയും ആത്മീയ വളർച്ചയുടെയും ഒരു യാത്ര
അജീഷ് മാത്യു തോമസ്










29 ക്രൂശിൻ നിഴലിൽ
എസ്തേർ മിറിയം സിബി
30 A CALL TO SACRED STEWARDSHIP
ഡോ. എലിസബേത്ത് ജേക്കബ്
32 ബൈബിൾ ക്വിസ്






**എഡിറ്റോറിയൽ ബോർഡ്**
**ചെയർമാൻ**
റൈറ്റ് റവ. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്ത
**മാനേജിംഗ് എഡിറ്റർ**
റവ. തോമസ് കോശി പി.
**ചീഫ് എഡിറ്റർ**
റവ. തോമസ് പി. കോശി

**എഡിറ്റേഴ്സ്**
റവ. ഷാനു വി. ഏബ്രഹാം
ശ്രീ. അനു ഫിലിപ്പ്
ശ്രീ. മാത്യൂസൺ പി. തോമസ്
ശ്രീമതി. ആനി പി. ഏബ്രഹാം
ശ്രീ. ജോൺ ശാമുവേൽ
ശ്രീ. റിബു തോമസ് മാത്യു



**വിലാസം:**
ചീഫ് എഡിറ്റർ, ഭദ്രാസന ധ്വനി,
റ്റി.എം.എ.എം. മാർത്തോമ്മാ സെന്റർ
മന്ദിരം പി.ഒ., റാന്നി 689 672
ഫോൺ 04735 - 227487
**വാർഷിക വരിസംഖ്യ 75/- രൂപ**
dhwani2326@gmail.com



# ഭദ്രാസന അദ്ധ്യക്ഷനിൽ നിന്നും

**കർത്താവിൽ** പ്രിയരെ,

ഏഴ് ആഴ്ചവട്ടം നീണ്ടുനിൽക്കുന്ന വലിയ നോമ്പിന്റെ മധ്യത്തിലാണ് നാം ഇപ്പോൾ. നമ്മുടെ മിക്ക ഇടവകകളും നോമ്പ് നമസ്കാരം ഭക്തിയോടും വിശ്വാസത്തോടും അച്ചടക്കത്തോടും ആചരിക്കുന്നതിൽ സന്തോഷമുണ്ട്. എന്നാൽ പാതി നോമ്പ് കഴിഞ്ഞു മതി നോമ്പ് നമസ്കാരം എന്ന് ചിന്തിക്കുന്ന ഇടവകകളും ഇല്ലാതില്ല. സഭ ഒന്നാകെ ആചരിക്കുന്ന ഈ പ്രാർത്ഥനായജ്ഞത്തിൽ നിന്ന് മാറി നിൽക്കുന്നതിന് വികാരി അച്ചന്മാർക്കും ഇടവകകൾക്കും അനുവാദമില്ലാത്തതാണ്. കുരിശിന്റെ വഴിയും അതിന്റെ മർമ്മവും അത് ഉയർത്തുന്ന വെല്ലുവിളികളും ഉൾക്കൊള്ളുകയും പഠിക്കുകയും അനുസരി ക്കുകയും ചെയ്യേണ്ടുന്ന ഈ നാളുകൾ അലക്ഷ്യമായി പ്രവർത്തിക്കുന്നത് ശരിയായ നടപടി അല്ല.

പാതി നോമ്പും വചനിപ്പ് പെരുന്നാളും കഴിഞ്ഞു. ഇനി സഭ പീഡാനുഭവ വാരത്തിലേക്ക് പ്രവേശിക്കുന്നു. പരിശുദ്ധ സഭയുടെ ആരാധനയും അനുഷ്ഠാനവും ഏറ്റം ചിട്ടയായും ക്രമമായും ഭക്തിയോടും വിശ്വാസത്തോടും ചേർന്ന് അനുഷ്ഠിക്കുന്നതിന് വികാരിമാരും ഇടവക ചുമതലക്കാരും ശ്രദ്ധിക്കണം. റശീസാ സഭാ തലവനായ മെത്രാപ്പോലീത്തായ്ക്ക് ഓരോ സഭ അംഗവും നൽകുന്ന പ്രത്യേക തുകയാണ്. റീശ് എന്ന സുറിയാനി വാക്കിന് തല എന്നർത്ഥം. ഓരോ വീടിന്റെ പേര് എഴുതി എത്ര അംഗങ്ങൾ ഉണ്ടോ അതിന് തുല്യമായ റശീസാ തുക എഴുതി കവറുകൾ കൊടുത്താൽ, അംഗങ്ങൾക്ക് ദുഃഖവെള്ളിയാഴ്ച ആരാധനാ മധ്യേ ചുമതലക്കാരെ ഏൽപ്പിക്കാൻ കഴിയും. ഇത് കേവലമായ ഒരു സംഭാവന എന്നതിന് ഉപരിയായി സഭയുടെ പിതാവായ മെത്രാപ്പോലീത്തമാരുമായുള്ള സഭാമക്കളുടെ സ്നേഹത്തിന്റെയും ബന്ധത്തിന്റെയും അടയാളമാണ് അതിൽ നാം ഉറച്ചു നിൽക്കണം. ഉയിർപ്പ് പെരുന്നാൾ അനുഗ്രഹകരമായി അനുഷ്ഠിക്കുന്നതിന് എല്ലാവരും ഉത്സാഹിക്കുക.

ഈ നാളുകളിൽ പള്ളി ആരാധനയിൽ പങ്കെടുക്കാൻ സാധിക്കാത്ത പ്രായം ചെന്നവർക്കും, ശയ്യാവലംബർക്കും ഭവനങ്ങളിൽ ചെന്ന് തൈലാഭിഷേകവും വിശുദ്ധ കുർബാനയുടെ അനുഭവവും പങ്കിട്ടു കൊടുക്കുന്നതിന് വികാരി അച്ചന്മാർ ശ്രദ്ധിക്കുക.

നാരങ്ങാനം ഇടവകാംഗമായ ദിവ്യശ്രീ സി. സി. മാമ്മൻ കശീശ്ശായും, കൂർത്തമല ഇടവകാംഗവുമായ ദിവ്യശ്രീ ജെയിംസ് തോമസ് കശീശ്ശായും പൂവൻപാറ ഇടവകാംഗമായ ദിവ്യശ്രീ ഡോ. പി. എം. മാത്യു കശീശ്ശായും ഈ മാസത്തിൽ നമ്മിൽ നിന്ന് കടന്നുപോയി. ദുഃഖിതരായ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നു. ഈ പ്രിയ വൈദീകരിലൂടെ ലഭിച്ച ധന്യമായ ശുശ്രൂഷകൾക്കായി ദൈവത്തെ സ്തുതിക്കുന്നു.

സഭയിലെ വൈദികരുടെ സ്ഥലംമാറ്റം മെയ് മാസം മുതൽ ക്രമീകരിച്ചിരിക്കുന്നു. ഈ ഭദ്രാസനത്തിലെ ശുശ്രൂഷകൾ പൂർത്തീകരിച്ച് മറ്റ് ഭദ്രാസനത്തിലേക്ക് സ്ഥലം മാറിപ്പോകുന്ന അച്ചന്മാർക്ക് മംഗളങ്ങൾ നേരുന്നു. ഈ ഭദ്രാസനത്തിൽ നിങ്ങൾ കുടുംബമായി നൽകിത്തന്ന ശുശ്രൂഷകൾക്കും നേതൃത്വത്തിനും സന്തോഷം അറിയിക്കുന്നു. ദിവ്യശ്രീ മാത്യൂസ് ചാണ്ടി കശീശ്ശായും (കുമ്പളാംപൊയ്ക), ദിവ്യശ്രീ എബ്രഹാം മാത്യു കശീശ്ശായും (കീക്കൊഴൂർ), ദിവ്യശ്രീ തോമസ് ചാണ്ടി കശീശ്ശായും (അയിരൂർ കർമ്മേൽ മന്ദിരം) മെയ് മാസം മുതൽ സഭയിലെ സജീവശുശ്രൂഷയിൽ നിന്ന് വിരമിക്കുകയാണ്. സഭയിലെ വിവിധങ്ങളായ ഇടവകകളിലും സ്ഥാപനങ്ങളിലും അവർ കുടുംബമായി നിർവഹിച്ച അനുഗ്രഹീത ശുശ്രൂഷകൾക്ക് സഭയുടെ സന്തോഷം അറിയിക്കട്ടെ. റിട്ടയർമെന്റ് കാലം സന്തോഷം നിറഞ്ഞതാകട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

അവധിക്കാലം കുട്ടികൾക്ക് വി.ബി.എസ് കാലമാണല്ലോ. എല്ലാ ഇടവകകളിലും വി.ബി.എസ് ഭംഗിയായും ക്രമമായും നടക്കുന്നതിൽ സൺഡേസ്കൂൾ ചുമതലക്കാരുടെ നേതൃത്വം ശ്ലാഘനീയമാണ്.

ഭദ്രാസനത്തിലും സഭ ഓഫീസിലും അടയ്ക്കേണ്ട തുകകൾ വിഹിതം കൂടാതെ അടച്ചു തീർക്കുന്നതിന് ഇടവക ചുമതലക്കാർ ശ്രദ്ധിക്കുക.

തേക്ക്തോട് ഇടവകാംഗമായ ജെറിൻ കെ. മാത്യു ശെമ്മാശന്റെ കശ്ശീശ പട്ടംകൊട ഏപ്രിൽ 12-ാം തീയതി ശനിയാഴ്ച തേക്ക്തോട് പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രിയ അച്ചനെ പ്രാർത്ഥനയിൽ ഓർക്കുക.

**പരിശുദ്ധ സഭയുടെ ആരാധനയും അനുഷ്ഠാനവും ഏറ്റം ചിട്ടയായും ക്രമമായും ഭക്തിയോടും വിശ്വാസത്തോടും ചേർന്ന് അനുഷ്ഠിക്കുന്നതിന് വികാരിമാരും ഇടവക ചുമതലക്കാരും ശ്രദ്ധിക്കണം. റശീസാ സഭാ തലവനായ മെത്രാപ്പോലീത്തായ്ക്ക് ഓരോ സഭ അംഗവും നൽകുന്ന പ്രത്യേക തുകയാണ്. റീശ് എന്ന സുറിയാനി വാക്കിന് തല എന്നർത്ഥം. ഓരോ വീടിന്റെ പേര് എഴുതി എത്ര അംഗങ്ങൾ ഉണ്ടോ അതിന് തുല്യമായ റശീസാ തുക എഴുതി കവറുകൾ കൊടുത്താൽ, അംഗങ്ങൾക്ക് ദുഃഖവെള്ളിയാഴ്ച ആരാധന മധ്യേ ചുമതലക്കാരെ ഏൽപ്പിക്കാൻ കഴിയും. ഇത് കേവലമായ ഒരു സംഭാവന എന്നതിന് ഉപരിയായി സഭയുടെ പിതാവായ മെത്രാപ്പോലീത്തമാരുമായുള്ള സഭാമക്കളുടെ സ്നേഹത്തിന്റെയും ബന്ധത്തിന്റെയും അടയാളമാണ് അതിൽ നാം ഉറച്ചു നിൽക്കണം.**

---

പരിശുദ്ധ അന്ത്യോഖ്യ പാത്രിയാർക്കീസ് ബാവയുടെ ക്ഷണപ്രകാരവും നമ്മുടെ മെത്രാപ്പോലീത്താ തിരുമേനിയുടെ നിയോഗം അനുസരിച്ചും മാർച്ച് 25-ാം തീയതി ലബനോനിൽ വച്ച് നടന്ന ഡോ. ജോസഫ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കാതോലിക്കാ സ്ഥാനാരോഹണത്തിൽ വിവിധ സഭാ മേൽ അധ്യക്ഷൻമാരോടൊപ്പം പങ്കെടുക്കുവാൻ ദൈവം കൃപ ചെയ്തു. സിലിഷ്യയിലെ അർമേനിയൻ ഓർത്തഡോക്സ് പാത്രിയാർക്കീസായ കാതോലിക്കോസ് അരാം ഒന്നാമൻ, അലക്സാണ്ട്രിയയിലെ കോപ്റ്റിക് ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച ജറുസലേമിലെ മെട്രോപൊളിറ്റൻ അന്റോണിയസ്, അർമേനിയക്കാരുടെയും പാത്രിയാർക്കീസും കാതോലിക്കോസുമായ കരേകിൻ രണ്ടാമനെ പ്രതിനിധീകരിച്ച ഡമാസ്കസിലെ ബിഷപ്പ് അർമാഷ് നാൽബാൻഡിയൻ, അന്ത്യോക്യയിലെയും കിഴക്കിലെയും ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ പത്താമത്തെ പാത്രിയാർക്കീസ് ജോൺ, കിഴക്കിലെ അസീറിയൻ സഭയുടെ പരിശുദ്ധ കാതോലിക്കോസ് പാത്രിയാർക്കീസ് മാർ ആവാ മൂന്നാമൻ, അന്ത്യോക്യയിലെയും കിഴക്കിലെയും മരോണൈറ്റ് പാത്രിയാർക്കീസ് കർദ്ദിനാൾ മാർ ബെച്ചാറ ബുട്രോസ് അൽ-റായി, അന്ത്യോക്യൻ സിറിയൻ കത്തോലിക്കാ സഭയുടെ പാത്രിയർക്കീസ് മോർ ഇഗ്നേഷ്യസ് യൂസഫ് മൂന്നാമൻ, ലെബനനിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആയ അഭിവന്ദ്യ ആർച്ച് ബിഷപ്പ് പൗലോ ബോർജിയ, അന്തിയോക്കിയൻ മെൽക്കൈറ്റ് ഗ്രീക്ക് കത്തോലിക്കാ സഭയുടെയും കിഴക്കൻ പ്രദേശങ്ങളിലെയും പാത്രിയർക്കീസ് യൂസഫ് അബ്സിയെ പ്രതിനിധീകരിച്ച് ബെയ്റൂട്ടിലെ അഭിവന്ദ്യ ആർച്ച് ബിഷപ്പ് ജോർജ്ജ് ബക്കൂണി എന്നീ പ്രധാന മേൽപട്ടക്കാരോടൊപ്പം ഈ ശുശ്രൂഷയിൽ ലഭിച്ച പങ്കാളിത്തം ധന്യമായ ഒരു അനുഭവമായിരുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയോട് അന്തോക്യൻ സഭയ്ക്കും പിതാക്കന്മാർക്കും ഉള്ള സ്നേഹവും ആദരവും നേരിട്ട് അനുഭവിക്കുന്നതിന് ലഭിച്ച അനുഗ്രഹീതമായ ദിനങ്ങളായി ഈ യാത്ര മാറി.

തുടർന്ന് നൈജീരിയിലെ ലാഗോസ്, കെനിയയിലെ നൈറോബി, സൗത്ത് ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽ ചിതറി പാർക്കുന്ന നമ്മുടെ സഭ അംഗങ്ങളെയും അവിടെയുള്ള സഭാ പിതാക്കന്മാരെയും സന്ദർശിക്കുന്നതിനും ആരാധനകളിൽ പങ്കെടുക്കുന്നതിനും ഇടയായി. ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ഇവാനിയോസ് തിരുമേനിയും ഈ മിഷനറി യാത്രയിൽ പങ്കുചേർന്നു. നാട്ടിൽ നിന്ന് വളരെ അകലെയായി പ്രത്യേക സാഹചര്യത്തിലും ചുറ്റുപാടിലും കഴിയുന്ന ഈ ചെറിയ ആരാധന സമൂഹങ്ങൾ വിശ്വാസത്തിലും സഭയോടുള്ള ബന്ധത്തിലും ശക്തരായി നിലനിൽക്കുന്നത് ദൈവകൃപയാലത്രെ. ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിലെ വിശ്വാസ സമൂഹത്തെ പ്രാർത്ഥനയിൽ ഓർക്കുക.

ഭദ്രാസന ധ്വനിയുടെ ചീഫ് എഡിറ്ററായി ഈ നാളുകളിൽ ധന്യമായ ശുശ്രൂഷ നിർവ്വഹിച്ച ദിവ്യശ്രീ തോമസ് പി. കോശി കശീശ്ശാ കോട്ടയം ഭദ്രാസനത്തിലേക്ക് സ്ഥലം മാറി പോകുന്നു. അച്ചനിലൂടെ ലഭിച്ച എല്ലാ ശുശ്രൂഷകൾക്കും ഭദ്രാസനത്തിനുള്ള സന്തോഷം അറിയിക്കുന്നു. പ്രിയരേ, നിങ്ങൾ എല്ലാവർക്കും ഉയിർപ്പ് പെരുന്നാളിന്റെ ആശംസകൾ അറിയിക്കട്ടെ. ക്രിസ്തു വാസ്തവമായി ഉയർത്തു എന്ന സന്ദേശം നമ്മോടും ലോകത്തോടും നമുക്ക് സുവിശേഷിക്കാം.

പ്രാർത്ഥനയോടെ,

**ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ**

വലിയ നോമ്പ് - 2025

# സെക്രട്ടറിയുടെ കത്ത്

**ക**ർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

നോമ്പുകാലത്തിന്റെ അവസാന ദിനങ്ങളിലേക്ക് നാം പ്രവേശിക്കയാണ്. നമ്മുടെ ഭദ്രാസനത്തിലെ മിക്ക ഇടവകകളിലും വിശ്വാസികൾ നോമ്പ് ഗൗരവമായി അനുഷ്ഠിക്കുന്നതിൽ സന്തോഷം അറിയിക്കുന്നു.മാർത്തോമ്മാ സഭയുടെ ഭരണഘടന നിലവിൽ വന്നത് 1910 ലാണ്. നോമ്പും മോറാനായ പെരുന്നാളുകളും മാറ്റപ്പെടുവാൻ പാടില്ല എന്ന് ഭരണഘടനയുടെ അധ്യായം 1:3 ൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

അന്ന് നിലവിലുണ്ടായിരുന്നതും സഭാ പഞ്ചാംഗത്തിലും തിരുമേനിമാരുടെ എഴുത്തുകളിലും കല്പനകളിലും രേഖപ്പെടുത്തിയിരുന്നതുമായ ഇരുപത്തിയഞ്ച് നോമ്പ്,മൂന്ന് നോമ്പ്,അൻപതുനോമ്പ്, ശ്ലീഹാനോമ്പ്, പതിനഞ്ചുനോമ്പ് എന്നിവ മാറ്റപ്പെടാൻ പാടില്ല എന്നാണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്.

മലങ്കര സഭയിലെ പിളർപ്പിനെ തുടർന്ന് പല ആരാധനാ ക്രമങ്ങളും ആ കാലഘട്ടങ്ങളിൽ തർജ്ജമ ചെയ്യുവാൻ നമുക്ക് കഴിഞ്ഞില്ല. ഭാഗ്യസ്മരണീയനായ തീത്തൂസ് ദ്വിതീയൻ തിരുമേനി തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ച ശ്ഹീമ നമസ്കാരക്രമമാണ് സഭയിൽ സുറിയാനിയിൽ നിന്ന് തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ച അവസാന പുസ്തകം. അതിനുശേഷം നമസ്കാരക്രമങ്ങളുടെ തർജ്ജമയിൽ ശ്രദ്ധ ചെലുത്തുവാൻ നമ്മുടെ തിരുമേനിമാർക്ക് കഴിഞ്ഞില്ല.

ഇവാഞ്ചലിക്കൽ സഭയുടെ രൂപീകരണത്തിൽ പങ്കാളികളായ പലരും നോമ്പുകൾക്ക് എതിരായിരുന്നു. അന്ന് ആ പക്ഷത്തോട് ചേർന്നു നിന്ന പലരും പിൽക്കാലത്ത് മാർത്തോമ്മാ സഭയിലേക്ക് തിരികെ വന്നു. ഇവർ നോമ്പിന്റെ വിമർശകരായി നിലകൊണ്ടു. ഈ കാരണങ്ങളാലാണ് നോമ്പിന്റെ മഹത്വം മനസിലാക്കാൻ നാം വൈകിപ്പോയത്.

എട്ട് നോമ്പ് അകാനോനികമായതിനാൽ ഈ നോമ്പിനെ അബ്രഹാം മല്പാൻ വിമർശിച്ചിരുന്നു. പാലക്കുന്നത്ത് മാത്യൂസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ ഇത് നീക്കം ചെയ്യുകയും ചെയ്തു. 'ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കു പോലെ എനിക്ക് ഭവിക്കട്ടെ എന്ന് പറഞ്ഞു ദൈവേഷ്ടത്തിനു സ്വയം സമർപ്പിച്ച പരിശുദ്ധ കന്യകാമറിയാമിനെ അനുസ്മരിക്കുന്ന ദിനങ്ങളായാണ് പതിനഞ്ച് നോമ്പിനെ നമ്മുടെ സഭ കാണുന്നത്. എന്നാൽ മറ്റ് സഭകളിലെപ്പോലെ മാർത്തോമ്മാ സഭയിൽ കന്യകാമറിയാമിനോട് പ്രാർത്ഥിക്കുകയോ മധ്യസ്ഥത ചെയ്യുകയോ ഇല്ല.നവീകരിച്ച തക്സാ ഉപയോഗിച്ച് കൈതയിൽ ഗീവർഗീസ് മല്പാൻ കുർബാന ചൊല്ലിയത് 15 നോമ്പ് ആരംഭിച്ച ദിവസവും, അബ്രഹാം മല്പാൻ അത് ഉപയോഗിച്ചത് പതിനഞ്ച് നോമ്പ് വീടുന്ന ദിവസവും ആയിരുന്നു.



വിശുദ്ധ വാരത്തിലേക്ക് കടക്കുന്നതിനു മുൻപ്, ഹൃദയത്തിന്റെ വിശുദ്ധീകരണം നടത്തി ചൈതന്യത്തോടെ ജീവിതം നയിക്കുന്നതിന് നാം ഒരുങ്ങണം.

ഹൃദയത്തിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളുടെ സമൂലമായ ശുദ്ധീകരണം നമുക്ക് ആവശ്യമാണ്. പ്രാർത്ഥന, ധ്യാനം, ഉപവാസം, തിരുത്തൽ, കാരുണ്യം എന്നീ അനുഭവങ്ങളിലൂടാണ് ശുദ്ധീകരണം സാദ്ധ്യമാകുന്നത്. ഹോശാന, പെസഹ, ദുഃഖവെള്ളി, ഉയിർപ്പ് തുടങ്ങിയ ദിനങ്ങൾ ക്രിസ്തു ഭാവം പൂർണ്ണമായി ഉൾക്കൊള്ളുന്നതിനും ജീവിതത്തെ ശക്തീകരിക്കാനുമുള്ള സന്ദർഭമായിരിക്കണം.

മെയ് 4 സഭ ഭൂഭവനദാന ദിനമായി ആചരിക്കുന്നു. ഇന്നും നമ്മുടെ നാട്ടിൽ ഭൂരഹിതരും ഭവനരഹിതരും ഉണ്ട്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ നാം ഉത്സാഹിക്കണം. അഭിവന്ദ്യ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ 75 -ാം ജന്മദിന ആഘോഷങ്ങളുടെ ഭാഗമായി നമ്മുടെ ഭദ്രാസനം നടപ്പാക്കുന്ന 'കനവ് 'പാർപ്പിട പദ്ധതിയിലേക്ക് സംഭാവനകൾ നൽകി ഏവർക്കും ഇതിൽ പങ്കുചേരാം. മെയ് 25 ദിവ്യ സംഗീത ഞായറാണ്. മധുരമുള്ള ഈണങ്ങൾ നമ്മെ ശുദ്ധീകരിക്കയും ശക്തീകരിക്കയും ചെയ്യും. സംഗീതം മരുന്നാണ്, പ്രത്യാശയാണ്, ആശ്വാസമാണ്, ശക്തിയാണ്. മെയ് 29 സ്വർഗ്ഗാരോഹണ പെരുന്നാളാണ്. കർത്താവിന്റെ പീഡാനുഭവത്തിനും മരണത്തിനും ശേഷമുള്ള മഹത്വത്തിന്റെ ആഘോഷമാണ് സ്വർഗ്ഗാരോഹണം. സ്വർഗ്ഗാരോഹണത്തിന് മുമ്പ് കർത്താവ് സുവിശേഷീകരണത്തിനുള്ള ദൗത്യം തന്റെ ശിഷ്യന്മാരെ ഏൽപ്പിച്ചു. നാമും ഈ ദൗത്യത്തിൽ പങ്കുചേരുവാൻ തീരുമാനമെടുക്കുന്ന സന്ദർഭമാണ് സ്വർഗ്ഗാരോഹണ പെരുന്നാൾ.

ജൂൺ 4 വിദ്യാലയ വർഷാരംഭദിനവും വിദ്യാർത്ഥികളുടെ പ്രതിഷ്ഠാദിനവുമാണ്. തിരിച്ചറിവും വിവേകവും പക്വതയും സമർപ്പണവും ഉള്ള ഒരു നവസമൂഹത്തെ ചിട്ടപ്പെടുത്താൻ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കഴിയണം. ജൂൺ 22

ലഹരിവിരുദ്ധ ദിനമാണ്.ഒരു രാജ്യത്തിന്റെ സാമൂഹിക ഘടനയെ പ്രതികൂലമായി ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളാണ് മയക്കുമരുന്നുകളും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗത്തിലൂടെ സംഭവിക്കുന്നത്. വളരെ വ്യാപകമായിരിക്കുന്ന ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യത്തെ മാത്രമല്ല, അവരുടെ കുടുംബങ്ങളെയും സമൂഹത്തെയും മുഴുവനായി തകർക്കും. ഇവയുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിച്ച് വിദ്യാസമ്പന്നരായ യുവജനതയെ വഴിതെറ്റിച്ചു രാജ്യത്തിന്റെ അഖണ്ഡതയെയും, സാമ്പത്തിക, സാംസ്കാരിക, ബൗദ്ധിക പുരോഗതിയെയും തടഞ്ഞ് അരാജകത്വം സൃഷ്ടിക്കുക എന്നൊരു അജണ്ട ഇതിന്റെ പിന്നിലുണ്ട്. വർത്തമാനകാല സിനിമകളും സമൂഹിക മാധ്യമങ്ങളും നമ്മുടെ യുവജങ്ങളിൽ ലഹരിയുടെ ആസക്തിയും അക്രമവാസനയും അധാർമ്മിക ജീവിതക്രമവും വളരുവാൻ ഒരുപാട് സ്വാധീനം ചെലുത്തുന്നുണ്ട് . ലഹരി മൂത്ത ഇന്നത്തെ ജനങ്ങളിൽ ഭാഷ പോലും വികൃതമായിരിക്കുന്നു. സഭയും രാഷ്ട്രവും ഉയർന്നു പ്രവർത്തിക്കണം.

ജനുവരി 12 മുതൽ 19 വരെ ഭദ്രാസന കൺവൻഷൻ അനുഗ്രഹകരമായി നടന്നു.കൺവൻഷൻ രജത ജൂബിലിയുടെ ഭാഗമായി നടന്ന കുട്ടികളുടെ റാലി വളരെ പ്രൗഢമായിരുന്നു. അഞ്ചു ഭവനങ്ങൾ നവീകരിക്കുന്നതിനും സാധിച്ചു. ഭദ്രാസന നവദർശന സംഗമം ഫെബ്രുവരി 23 ന് വൈകിട്ട് 3.30 മുതൽ ഇട്ടിയപ്പാറ മാർ അത്താനാസിയോസ് കൺവൻഷൻ സെന്ററിൽ നടന്നു. അഭിവന്ദ്യ.ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ അധ്യക്ഷതയിൽ നടന്ന സംഗമം പ്രശസ്ത ചരിത്രകാരൻ ഡോ.വിനിൽ പോൾ ഉത്ഘാടനം ചെയ്തു. പതിനേഴ് ഇടവകകളിൽ നിന്നും എണ്ണൂറിൽ പരം അംഗങ്ങൾ പങ്കെടുത്തു. വിവിധ കലാപരിപാടികൾ, കരകൗശല വസ്തുക്കളുടെയും ചിത്രങ്ങളുടെയും പ്രദർശനം, വയോജനങ്ങളെ ആദരിക്കൽ എന്നിവ ഉണ്ടായിരിന്നു. വെച്ചൂച്ചിറ സെന്റ് ജോൺസ് മാർത്തോമ്മാ ഇടവകാംഗമായ യുവ സംവിധായകൻ പ്രശാന്ത് ബി മൂളിക്കലിനെയും യോഗം അനുമോദിച്ചു. കേൾവി പരിമിതികൾ ഉള്ളവർക്ക് ശ്രവണ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് 'ശ്രവണം'. മാർച്ച് 19 ന് ശ്രവണ പരിശോധന നടത്തി 16 പേർക്ക് ഉപകരണങ്ങൾ നൽകി. മുക്തി കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 29 ന് റാന്നി ക്രിസ്തോസ് പള്ളിയിൽ വച്ച് ഏകാന്തത അനുഭവിക്കുന്നവരുടെ ഒരു സംഗമം നടന്നു. മിഷൻ ബോർഡിന്റെ നേതൃത്വത്തിൽ വിവിധ സ്കൂളുകളിൽ മോട്ടിവേഷൻ ക്ളാസുകളും ലഹരിവിരുദ്ധ സെമിനാറും നടന്നു.

**ഹൃദയത്തിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളുടെ സമൂലമായ ശുദ്ധീകരണം നമുക്ക് ആവശ്യമാണ്. പ്രാർത്ഥന, ധ്യാനം, ഉപവാസം, തിരുത്തൽ, കാരുണ്യം എന്നീ അനുഭവങ്ങളിലൂടാണ് ശുദ്ധീകരണം സാദ്ധ്യമാകുന്നത്. ഹോശാന, പെസഹ, ദുഃഖവെള്ളി, ഉയിർപ്പ് തുടങ്ങിയ ദിനങ്ങൾ ക്രിസ്തു ഭാവം പൂർണ്ണമായി ഉൾക്കൊള്ളുന്നതിനും ജീവിതത്തെ ശക്തീകരിക്കാനുമുള്ള സന്ദർഭമായിരിക്കണം.**

നമ്മുടെ ഭദ്രാസനത്തിലെ 21 വൈദീകർ മെയ് മാസം മുതൽ മറ്റ് ഭദ്രാസനങ്ങളിലേക്ക് സ്ഥലം മാറി പോകയാണ്. ബഹുമാനപ്പെട്ട അച്ചന്മാരിലൂടെ ഭദ്രാസനത്തിനു ലഭിച്ച ശുശ്രൂഷകൾക്ക് നന്ദി അറിയിക്കുന്നു. മറ്റ് ഇടങ്ങളിൽ നിന്ന് റാന്നി നിലയ്ക്കൽ ഭദ്രാസനത്തിലേക്ക് എത്തിച്ചേരുന്ന എല്ലാ വൈദീകർക്കും സ്വാഗതം. കഴിഞ്ഞ രണ്ടു വർഷമായി ഭദ്രാസന ധ്വനി വളരെ ഭംഗിയായി പ്രസിദ്ധീകരിക്കുന്നതിന് നേതൃത്വം നൽകിയ ചീഫ് എഡിറ്റർ ബഹുമാനപ്പെട്ട റവ.തോമസ് പി. കോശി അച്ചൻ എറണാകുളത്തേക്ക് സ്ഥലം മാറി പോകയാണ്. അച്ചനിലൂടെ ലഭിച്ച സേവനങ്ങൾക്ക് നന്ദി അറിയിക്കുന്നു.

ഏപ്രിൽ 1 മുതൽ നമ്മുടെ ഭദ്രാസനത്തിലെ സുവിശേഷകരുടെ സ്ഥലംമാറ്റം നടപ്പിലായി. മിഷൻ ഹൗസുകളിൽ താമസിച്ചു പ്രവർത്തിക്കാനാണ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്. ഇവരുടെ ശുശ്രൂഷകൾക്ക് ആവശ്യമായ പ്രോത്സാഹനങ്ങൾ നൽകണമെ.

ഭദ്രാസന പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്ന ദൈവകൃപയ്ക്കായി സ്തോത്രം. തുടർന്നും ഏവരുടെയും പ്രാർത്ഥനയും പ്രോത്സാഹനങ്ങളും അഭ്യർത്ഥിക്കുന്നു. കർത്താവിന്റെ കൃപ ഏവരുടെമേലും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**റവ.തോമസ് കോശി പനച്ചമൂട്ടിൽ**

ഭദ്രാസന സെക്രട്ടറി



## എഡിറ്റോറിയൽ

തട്ടിക്കൊണ്ടുപോയി നിർബന്ധപൂർവ്വം വിവാഹം ചെയ്തയാളുടെ ഒപ്പം പോകുവാൻ ലാഹോർ ഹൈക്കോടതി വിധിച്ചതിന്റെ പേരിൽ വാർത്തകളിൽ നിറഞ്ഞ പതിനാലുകാരിയായ പാക്ക് ക്രിസ്ത്യൻ പെൺകുട്ടി മൈറ ഷഹ്ബാസ്, യു.കെ പാർലമെന്ററി കമ്മിറ്റിയുടെ സഹായത്തിൽ എ.സി.എൻ സംഘടിപ്പിച്ച 'Set Your Captives Free" എന്ന സെമിനാറിൽ "എളിയവനും അനാഥനും ന്യായം പാലിച്ചു കൊടുപ്പിൻ; പീഡിതനും അഗതിക്കും നീതി നടത്തിക്കൊടുപ്പിൻ.

എളിയവനെയും ദരിദ്രനെയും രക്ഷിപ്പിൻ; ദുഷ്ടന്മാരുടെ കയ്യിൽനിന്നു അവരെ വിടുവിപ്പിൻ" (സങ്കീർത്തനങ്ങൾ 82 :3,4) എന്ന വാക്യങ്ങളോടെയാണ് തന്റെ സന്ദേശം ആരംഭിച്ചത്.

സങ്കീർത്തനം 82, യഥാർത്ഥ നീതിക്കു വേണ്ടിയുള്ള ദൈവത്തോടുള്ള ശക്തമായ അപേക്ഷയാണ്. അത് മനുഷ്യന്റെ നീതിയല്ല, ദൈവത്തിന്റെ നീതിയാണ്.

സങ്കീർത്തനം ആരംഭിക്കുന്നത് ദൈവം ഈ ലോകത്തിന്റെ ന്യായാധിപന്മാരെ ന്യായം വിധിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ്. ദൈവം ഈ ലോകത്തിലെ അനീതിയുടെ കതൃത്വത്തെ അവരുടെ അനീതികളിൽ ശാസിക്കുകയും ദുഷ്ടതയെ ചോദ്യം ചെയ്യുകയും യഥാർത്ഥ നീതിക്കുവേണ്ടിയുള്ള ശബ്ദം ഉയർത്തുകയും ചെയ്യുന്നു. ദരിദ്രരെയും അനാഥരെയും സംരക്ഷിക്കുക, ദുരിതമനുഭവിക്കുന്നവർക്കും പീഡിതർക്കും നീതി നൽകുക, അവരെ വിടുവിക്കുക, ദുഷ്ടന്മാരുടെ കയ്യിൽ നിന്ന് അവരെ മോചിപ്പിക്കുക, അവർക്ക് കരുതലും പരിഗണനയും നൽകുക. ഇതൊക്കെയാണ് നീതിയുടെ പ്രകടമായ ഭാവങ്ങൾ.

ദുർബലനും അനാഥനും എളിയവനും ദരിദ്രനും ന്യായം നടത്തിക്കൊടുക്കുക എന്നത് ഒരു സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അവരുടെ കഷ്ടപ്പാടുകൾ ദൈവത്തിന്റെ ന്യായവിധി വരുത്തുന്നു.

ലോകത്തിൽ കതൃത്വം വഹിക്കുന്നവരുടെ അന്യായ ഭരണം "ദുഷ്ടന്മാർക്ക്" നേരിട്ട് പ്രയോജനം ചെയ്തതിനാൽ, അവരുടെ കൈകളിൽ ഏൽപ്പിക്കപ്പെട്ട ദുരിതബാധിതരെ വീണ്ടെടുക്കുക എന്നതാണ് സങ്കീർത്തനക്കാരന്റെ ആവശ്യം.

ഭൂമിയുടെ അടിത്തറയുടെ കുലുക്കത്തേക്കുറിച്ച് പറയുകവഴി അനീതിയുടെ പ്രാപഞ്ചിക പ്രത്യാഘാതങ്ങൾ വളരെ വലുതാണ് എന്നു അദ്ദേഹം സമർത്ഥിക്കുന്നു. തന്റെ സൃഷ്ടിയിലെ നിവാസികൾക്കിടയിലുള്ള അനീതിക്കെതിരെ ദൈവം സ്വയം പ്രതികരിക്കും, ദുഷ്ടന്മാരുടെ ഇരകൾക്കുവേണ്ടി നീതി നടപ്പാക്കും.

യുദ്ധവും അഴിമതിയും അനീതിയും അക്രമവും സൃഷ്ടിച്ച രോഗവും പട്ടിണിയും നിറഞ്ഞ ദരിദ്രരുടെയും രോഗികളുടെയും അനാഥരുടെയും വിധവകളുടെയും ലോകമാണ് നിങ്ങളും ഞാനും ജീവിക്കുന്ന ലോകം. ഈ സാഹചര്യങ്ങൾ സൃഷ്ടിച്ച ലോകത്തിൽ നിന്ന് വളരെ വ്യത്യസ്തരാണ് നാമെന്ന രീതിയിലാണ് നാം പ്രതികരിക്കുന്നത്. ഈ ആവശ്യക്കാരോട് പ്രതികരിക്കുന്ന നമ്മുടെ വ്യതിരക്തമായ രീതിയാണ് നമ്മുടെ മനോഭാവത്തിലും സ്വഭാവത്തിലും സഭയെ വേറിട്ടു നിർത്തുന്നത്.

ദരിദ്രരെയും പീഡിതരെയും അനാഥരെയും സഭ എങ്ങനെ കാണണം എന്നതിന്റെ മാതൃകയാണ് യേശു തന്റെ ശുശ്രൂഷയിൽ ഉടനീളം പ്രകടമാക്കിയ അനുകമ്പ ഇതാണ്.

'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരാൾക്ക് വേണ്ടി നിങ്ങൾ ചെയ്തതെല്ലാം എനിക്കും ചെയ്തു.' (മത്തായി 25:40), അത് അന്ധരായാലും വിശക്കുന്നവരായാലും മുടന്തരായാലും രോഗികളായാലും ദരിദ്രരായാലും വിലപിക്കുന്നവരായാലും അനീതിക്ക് ഇരയായവരായാലും അടിച്ചമർത്തപ്പെട്ടവരായാലും.

ആരാധന ദൈവത്തോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ്. എന്നാൽ ജീവിതത്തിൽ ദൈവത്തിന്റെ സ്നേഹം, കരുണ, അനുകമ്പ എന്നിവ പ്രതിഫലിപ്പിക്കുന്ന ശുശ്രൂഷകളും അതുപോലെ നീതിക്കുവേണ്ടിയുള്ള നിരന്തരമായ പോരാട്ടങ്ങളും ആവശ്യമാണ്. ദൈവത്തോടുള്ള സ്നേഹം എല്ലായ്പ്പോഴും നമ്മുടെ സഹസൃഷ്ടികളോടുള്ള സ്നേഹത്തിലേക്ക് നയിക്കണം. ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും അനുകമ്പയാണ് ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള "ഉപവാസം". ഉപവാസം, ശരിയായ രീതിയിലാണെങ്കിൽ, അത് ദൈവത്തിൽ നിന്നുള്ള പ്രീതി നേടാനുള്ള ഒരു മാർഗമല്ല; അത് ആത്മീയ പരിവർത്തനത്തിനുള്ള ഒരു മാർഗമാണ്. ഒരാളുടെ മുൻഗണനകളെ ദൈവഹിതവുമായി യോജിപ്പി

ക്കാനുള്ള ശ്രമമാണ് ഉപവാസം. അനുതാപവും വിനയവും ഉള്ളവർ വിശുദ്ധനായ ദൈവവുമായി യോജിച്ച് ജീവിക്കും. സാമൂഹിക നീതിയുടെ പ്രതിബദ്ധതയുള്ള അന്വേഷണവും നമ്മുടെ ചുറ്റും ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലുകളും ആകണം നോമ്പ്.

നമുക്ക് സ്വയം നീതിമാൻമാരും ശുദ്ധന്മാരുമായി നടിക്കാം.നാം പ്രാർത്ഥനയുടെയും നല്ല മനസ്സിന്റെയും ആളുകളാണെന്ന് നമുക്ക് സ്വയം അഭിനന്ദിക്കാം. നമ്മുടെ ആത്മീയ ആചാരങ്ങൾ, നമ്മുടെ വ്യക്തിപരമായ ഭക്തി, നമ്മുടെ ധാർമ്മിക പെരുമാറ്റം എന്നിവ ചൂണ്ടിക്കാണിക്കാം. എന്നാൽ നഷ്ടപ്പെട്ടവരെയും ഏകാന്തത അനുഭവിക്കുന്നവരെയും അന്വേഷിക്കുന്നതുവരെ, വിശക്കുന്നവർക്കും ദരിദ്രർക്കും ഭക്ഷണം നൽകുന്നതുവരെ, രോഗികളെയും മരിക്കുന്നവരെയും പരിപാലിക്കുന്നതുവരെ, എളിയവരെ ഉയർത്തി അവരെ പുനഃസ്ഥാപിക്കാൻ പ്രവർത്തിക്കുന്നതുവരെ ദൈവത്തിന്റെ മഹത്വം നമ്മുടെ ഇടയിൽ വരില്ല.

അനീതിയുടെ ചങ്ങലകൾ അഴിക്കുമ്പോൾ, കുനിഞ്ഞിരിക്കുന്നവരുടെ നുകം ഉയർത്തുമ്പോൾ, ആവശ്യത്തിലിരിക്കുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുമ്പോൾ നമ്മുടെ പ്രകാശം പ്രഭാതം പോലെ പ്രകാശിക്കും, നമുക്ക് രോഗശാന്തി വേഗത്തിൽ ലഭിക്കും.

നമ്മുടെ നോമ്പിന്റെയും ഉപവാസത്തിന്റെയും ഉദ്ദേശ്യം സഹജീവികളോടുള്ള സ്നേഹം വർധിപ്പിക്കുകയും നമ്മുടെ സ്വാർത്ഥത, അഹങ്കാരം, ഈ ലോകത്തിലെ മോഹങ്ങൾ എന്നിവയെ നീക്കിക്കളയുകയുമാണ്.

ഏതെങ്കിലും തരത്തിലുള്ള അടിച്ചമർത്തൽ, തെറ്റായ ആരോപണങ്ങൾ അല്ലെങ്കിൽ ദോഷകരമായ സംസാരം എന്നിവ ഉണ്ടെങ്കിൽ നാം അവയിൽ നിന്ന് മുക്തി നേടണം. വിശക്കുന്നവരുമായി നമ്മുടെ അപ്പം പങ്കിടുകയും കഷ്ടപ്പെടുന്നവരെ ആശ്വസിപ്പിക്കുകയും പീഢിതനെ വിടുവിക്കുകയും വേണം. അപ്പോൾ നമ്മുടെ ജീവിതത്തിൽ വെളിച്ചം തെളിയും, "അന്ധകാരം നിങ്ങൾക്കു മദ്ധ്യാഹ്നം പോലെയാകും". നാം "നനവുള്ള തോട്ടം പോലെ, ഒരിക്കലും വറ്റാത്ത നീരുറവ പോലെ" ആയിത്തീരും.

ഈ നോമ്പ് കാലത്തിൽ നമുക്ക് ക്രിസ്തുവിന്റെ മനസ്സ് സ്വീകരിക്കാം. നമ്മിലേക്ക് എത്തിച്ചേരുന്ന എല്ലാവരേയും സ്പർശിക്കുന്നതിന് യേശുവിന്റെ ശക്തി നമ്മിൽ നിന്ന് പുറപ്പെടട്ടെ. നീതിയുടെ കാവലാളുകളും വക്താക്കളുമാകാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഞാൻ ഒരു മണിക്കൂർ നേരത്തേക്ക് ഇന്ത്യയുടെ സർവ്വാധിപതിയായാൽ ആദ്യം ചെയ്യുക, ഇന്ത്യയിലെ മദ്യഷാപ്പുകൾ മുഴുവൻ പ്രതിഫലം കൊടുക്കാതെ അടച്ചുപൂട്ടുകയായിരിക്കും. മദ്യത്തിൽ നിന്നുള്ള നികുതി പാപത്തിന്റെ കൂലിയാണ് - പറഞ്ഞത് നവഭാരതസ്വപ്നം സാക്ഷാത്കരിക്കുവാൻ ആയുസ്സ് നീക്കി വെച്ച മഹാത്മാ ഗാന്ധിയാണ്.

ലഹരി വസ്തുക്കളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം കേരള സമൂഹം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയായി മാറിയിരിക്കുന്നു. നാം ആർജ്ജിച്ച സാമൂഹ്യ നേട്ടങ്ങളും നന്മകളും ഇല്ലാതാവുകയാണ്. കുടുംബത്തിലും സമൂഹത്തിലും സമ്പദ്ഘടനയിലും രാഷ്ട്രീയരംഗത്തുമെല്ലാം ലഹരിയും അക്രമവും സൃഷ്ടിക്കുന്ന വിപത്ത് നിയന്ത്രിക്കാനാവാത്ത വിധം കൂടിവരികയാണ്. എന്നിട്ടും ഇതിനെതിരെയുള്ള സാമൂഹിക ഇടപെടൽ വളരെ പരിമിതമാണ്.

യൗവനം കൂടുതൽ പുതിയ അനുഭവത്തിലേക്കും അനുഭൂതിയിലേക്കും നയിക്കുന്ന സമയമാണ്. ജിജ്ഞാസകളും അതനുസരിച്ചുള്ള പുതിയ രീതികളും പരീക്ഷണമാക്കാനുള്ള വെമ്പലും ഈ പ്രായത്തിൽ കൂടുതലാണ്. ഈ കാലഘട്ടത്തിൽ മാദ്ധ്യമങ്ങളിലൂടെയും അല്ലാതെയും കിട്ടുന്ന കാര്യങ്ങൾ അനുകരിക്കാൻ പരിശ്രമിക്കുന്ന കുട്ടികൾ ധാരാളം അപകട കരമായ പ്രതിസന്ധികളിലൂടെ കടന്നു പോകുന്നു. ലഹരിക്കു പറയാനുള്ളത് കണ്ണുനീരിന്റെ കദനകഥ മാത്രമാണ്. പേക്കൂത്തുകളുടെയും അഴിഞ്ഞാട്ടങ്ങളുടെയും പോരാട്ടങ്ങളുടെയും കുടിപ്പകയുടെയും രക്തച്ചൊരിച്ചിലിന്റെയും കഥകൾ! വാർത്താ മാധ്യമങ്ങളിൽ സിംഹഭാഗവും ആ കഥകളാണ് നിറഞ്ഞിരിക്കുന്നതും. ആരോഗ്യമുള്ള ഒരു സമൂഹം അന്യം വരുന്ന സാഹചര്യത്തിലേക്ക് നാം സഞ്ചരിക്കുകയാണ്. ശാരീരികവും മാനസികമായും അദ്ധ്യാത്മികവുമായി ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. വ്യക്തികളുടെ മാത്രമല്ല സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കും സ്വപ്ന സാക്ഷാത്ക്കാരത്തിനും ലഹരിവിമുക്ത അന്തരീക്ഷം സംജാതമാകണം.

*കഴിഞ്ഞ രണ്ടു വർഷങ്ങൾ ഭദ്രാസന ധ്വനിയുടെ എഡിറ്റർ ആയി പ്രവർത്തിക്കുവാൻ തുണച്ച ദൈവകൃപയ്ക്ക് സ്തോത്രം. സഹായിച്ചവർക്കും കൂടെ പ്രവർത്തിച്ചവർക്കും ഹൃദയംഗമമായ നന്ദി.*

***ഏവർക്കും ഉയിർപ്പ് പെരുന്നാൾ ആശംസകൾ***

**റവ. തോമസ് പി.കോശി**



# നോമ്പ്: വീണ്ടെടുപ്പിന്റെ കാലം

**റവ.സിബി മാത്യു കൊമ്പാടി**



**നോമ്പിന്** വ്യത്യസ്ത മാനങ്ങൾ ഉണ്ട്. അതിൽ ഒന്ന്, നഷ്ടപ്പെട്ടത് വീണ്ടെടുക്കുന്നതിനുള്ള ഒരു സമയമാണ് നോമ്പുകാലം എന്നതാണ്. വീണ്ടെടുപ്പാണ് വേദപുസ്തകത്തിന്റെ ഉടനീളമുള്ള പ്രമേയം. കാണാതെ പോയതിന്റെ വീണ്ടെടുപ്പ് ആണല്ലോ യേശുവിന്റെ ജീവിതം മുഴുവനും. ജീവിതത്തിൽ നിന്നും നഷ്ടപ്പെട്ട അത്യന്താപേക്ഷിതമായതിനെ വീണ്ടെടുക്കാനുള്ള സമയമായി നോമ്പ് കാലം ഉപയോഗിക്കണം. നഷ്ടപ്പെട്ട വിശുദ്ധി, വിശ്വാസം, ആത്മീയ ശക്തി, ധാർമ്മികത എന്നിവ വീണ്ടെടുക്കുന്നതിനുള്ള ഒരു പുനഃസ്ഥാപനത്തിന്റെ സമയമായിട്ടാണ് നോമ്പിനെ നാം കാണേണ്ടുന്നത്. സെരൂഗിലെ മാർ യാക്കോബ് പറയുന്നു 'പാപിയേ, നിന്റെ ആദ്യ സൗന്ദര്യത്തിലേക്ക് തിരിച്ചുവരിക; ഉപവാസവും കണ്ണുനീരും നിന്റെ തെറ്റുകളുടെ മാലിന്യം കഴുകിക്കളയട്ടെ' (Return, O sinner, to your first beauty; let fasting and tears wash away the filth of your errors). വീണ്ടെടുപ്പ് എന്നത് ഒരുവന്റെ ഉണ്മയിലേക്കും അതിന്റെ യഥാർത്ഥ പ്രകാശനത്തിലേക്കുമുള്ള മടങ്ങിവരവാണ്. ഈ ലേഖനത്തിൽ നോമ്പിലൂടെ കണ്ടെത്തേണ്ടുന്ന മൂന്ന് ചിന്തകൾ പങ്കുവയ്ക്കുന്നു.

**പുതുമനുഷ്യന്റെ വീണ്ടെടുക്കലാണ് നോമ്പ്**

അൻപതു ദിവസത്തെ വലിയ നോമ്പ് യാത്ര അവസാനിക്കുന്നത് ഉയിർപ്പു പെരുനാളിലാണ്. നോമ്പിന്റെ അൻപതു ദിനങ്ങൾ യേശുവിന്റെ ക്രൂശിന്റെയും പീഡാനുഭവത്തിന്റെയും രഹസ്യത്തിലേക്ക് പ്രവേശിക്കുവാനും അവസാനം അവന്റെ മരണത്തിന്മേലുള്ള വിജയത്തിൽ പങ്കുചേരാനും അവന്റെ ഉയിർപ്പിന്റെ കൂട്ടവകാശിയാകാനും നമ്മെ സഹായിക്കുന്നു. അതുകൊണ്ടു വലിയ നോമ്പ് യാത്രയുടെ ലക്ഷ്യസ്ഥാനവും പൂർത്തീകരണവും ഉയിർപ്പാണ്. പെരുനാളുകളുടെ പെരുന്നാൾ ആണ് ഉയിർപ്പ്. മരണത്തിന്റെ കബറിൽ നിന്നും ജീവന്റെ ഉറവ പ്രവഹിച്ച ദിനമാണത്. ഓരോ മനുഷ്യനും ലഭിക്കുന്ന പുതുജീവന്റെ ഉറവയായിരുന്നു ഉയിർപ്പ്. നമ്മുടെ കർത്താവ് മരണത്തെ ജയിച്ചു എന്ന് മാത്രമല്ല, സകലർക്കും മരണത്തിനു അതീതമായ പുതുജീവൻ പങ്കുവച്ചു എന്നതാണ് ഉയിർപ്പിന്റെ ആനന്ദവും അത് നൽകുന്ന ഉറപ്പും. വി.പൗലോസ് ശ്ലീഹ പറയുന്നത് പോലെ യേശുവിന്റെ ഉയിർപ്പ് മരണത്തിൽ നിന്നും ജീവന്റെ തുടക്കത്തിൽ നടക്കാനുള്ള ക്ഷണവും വിളിയും ആണ്. ഈ പുതിയ ജീവന്റെ നിയോഗം ലഭിക്കുന്ന കൂദാശയാണ് വി. മാമോദീസ. വി. പൗലോസ്ശ്ലീഹ റോമാ സഭയോട് പറയുന്നത് യേശുവിനോടു ചേരുവാനാണ് വി. മാമോദീസ എന്നതാണ്. 'അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ

**ദൈവരാജ്യ ജീവിതമാണ് ക്രിസ്തീയ ധാർമ്മികജീവിതം. പരിശുദ്ധന്റെ ഫലങ്ങളെ പുറപ്പെടുവിക്കുന്ന ജീവിതശൈലിയാണത്. അത് ക്രിസ്തുജീവിതശൈലിയാണ്. അവിടെ ജീവന്റെ പരിപോഷണവും സംരക്ഷണവും സാധ്യമാകുന്നു. പുതുമനുഷ്യനായി തീരുന്നതും വ്യത്യസ്തമായ ഒരു ജീവിത അസ്തിത്വം യേശുവിലൂടെ കണ്ടെത്തുന്നതും ദൈവരാജ്യത്തിന്റെ ജീവിത ശൈലിയാണ്. നമ്മുടെ ഓരോ ആരാധനയും ഈ ജീവിത രീതിക്കായി നമ്മെ ഒരുക്കുന്നുണ്ട്. നിത്യ നമസ്കാര ക്രമത്തിലെ ഒരു പ്രാർത്ഥന ഇപ്രകാരം ആണ് 'ഞങ്ങളുടെ അനീതിയിൽനിന്നു ഞങ്ങൾ പിന്തിരിയുവാനായി തന്റെ കരുണയാലും ദീർഘക്ഷമയാലും ഞങ്ങളെ വഹിച്ചു സഹിക്കുന്നവനേ, നിനക്കു സ്തുതി. അരിഷ്ടരായ ഞങ്ങൾ, ലോകാവസാനം വാതിൽക്കൽ നിൽക്കുന്നു എന്ന കാര്യം ഓർക്കുന്നു പോലുമില്ല.**

കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ.' (റോമർ 6: 3– 4). ചുരുക്കത്തിൽ മരണത്തെ ജയിച്ച യേശുവിന്റെ ഉയർപ്പിനോടും ഉയർപ്പിലൂടെ ലഭിച്ച ജീവന്റെ പുതുക്കത്തിൽ ദിനംതോറും ജീവിക്കുവാനുമുള്ള ക്ഷണമാണ് ക്രിസ്തീയജീവിതം. നാം ക്രിസ്തുവിലായാൽ പിന്നെ പുതിയ സൃഷ്ടിയായി ആ പുതുക്കത്തിന്റെ അനുഭവത്തിൽ ജീവിക്കാനാണ് ശ്രമിക്കേണ്ടുന്നത്. വി. മാമ്മോദീസ നമ്മെ പുതിയ സൃഷ്ടിയാക്കുകയാണ്. വി മാമ്മോദീസയിലെ പ്രാർത്ഥനകളും അത് ഊന്നിപ്പറയുന്നു ''മാമോദീസാ മുഴുകുന്നവർ വഞ്ചനയുടെ മോഹങ്ങളാൽ ക്ഷയിപ്പിക്കുന്ന മനുഷ്യനെ ഉരിഞ്ഞു കളകയും, തന്നെ സൃഷ്ടിച്ചവന്റെ സാദൃശ്യത്തിൽ പുതുതാക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുകയും ചെയ്യാൻ തക്കവണ്ണം രൂപാന്തരപ്പെടുവാൻ കൃപ നൽകേണമേ'' മരണത്തിനു അടിമപ്പെട്ട മനുഷ്യനെ ഉരിഞ്ഞു കളഞ്ഞു യേശുവിലൂടെ ലഭ്യമാകുന്ന പുതിയ മനുഷ്യനെ ധരിക്കുവാനും ജീവന്റെ പുതുക്കത്തിൽ നടക്കുവാനും മാമ്മോദീസയിലൂടെ ഇടയാവുന്നു. അതുകൊണ്ടു ക്ഷയിച്ചുപോകുന്ന മനുഷ്യരല്ല പിന്നെയോ നാം യേശുവിലൂടെ ഉണ്ടായ ഉയിർപ്പിന്റെ അവകാശികളും പുതിയ മനുഷ്യരുമാണ്. ജീവന്റെ പുതുക്കത്തിൽ ജീവിക്കുന്ന നാം വെല്ലുവിളികളുടെയും പ്രലോഭനങ്ങളുടെയും മദ്ധ്യേയാണ് ജീവിക്കുന്നത്. പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞവർ വീണ്ടും ആ കുപ്പായം അണിയുന്നതും ജീവന്റെ പുതുക്കം പ്രാപിച്ചവർ ജീവന്റെ നിഷേധികൾ ആകുന്നതും ഉയിർപ്പിന്റെ സാക്ഷികൾ മരണത്തിന്റെ വക്താക്കൾ ആകുന്നതും നമ്മുടെ ചുറ്റുപാടുകളിലെ സാധാരണ കാഴ്ചയായി മാറി. നാം ജീവിക്കുന്ന ലോകവും അതിന്റെ ആശയങ്ങളും രീതികളും അനുഷ്ഠാനങ്ങളും എല്ലാം തന്നെ നമ്മെ പഴയ മനുഷ്യനിലേക്ക് സഞ്ചരിക്കുന്നതിനു സഹായിക്കുന്നവയാണ് എന്നു നാം മറക്കരുത്. പഴയ മനുഷ്യനായി തീരാനുള്ള സാധ്യത നമ്മുടെ മുമ്പിൽ ഉണ്ട്. ചിലപ്പോൾ അങ്ങനെ ആയിത്തീർന്നിട്ടുമുണ്ട്. ചുരുക്കത്തിൽ ഒഴുക്കിനു എതിരെ നീന്തുന്നതാണ് നോമ്പ്. നഷ്ടപ്പെട്ടു പോയി എന്നു കരുതുന്ന ആ പുതിയമനുഷ്യന്റെ കണ്ടെടുക്കലാണ് നോമ്പ്. മറ്റെല്ലാം നോമ്പിൽ വർജ്ജിക്കുന്നതു ഈ പുതിയ മനുഷ്യന്റെ കണ്ടെടുക്കലിനാണ്. ആയതിനാൽ യേശുവിലൂടെ ലഭിച്ച ജീവന്റെ പുതുക്കത്തെ കണ്ടെത്താൻ ഈ നോമ്പ് നമ്മെ സഹായിക്കട്ടെ.

**ശിഷ്യത്വത്തിന്റെ വീണ്ടെടുക്കലാണ് നോമ്പ്**

വി. മാമോദീസായിലൂടെ ഓരോരുത്തരും ക്രിസ്തീയ ശിഷ്യത്വത്തിലേക്ക് പ്രവേശിക്കുന്നു. വി. മത്തായി 28: 16–20 വരെയുള്ള വാക്യങ്ങൾ അത് രേഖപ്പെടുത്തുന്നു. 'ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ', വി. മാമോദീസ ശിഷ്യത്വ ജീവിതത്തിലേക്കുള്ള തുടക്കമാണെന്ന് ഈ വേദഭാഗം ചൂണ്ടി കാണിക്കുന്നു. ശിഷ്യത്വം പുതിയനിയമത്തിൽ ഉടനീളം വ്യത്യസ്തമായ ഒരു നിലനില്പിനെക്കുറിച്ചാണ് പറയുന്നത്. അത് ക്രിസ്തുവിനാൽ പരിവർത്തനപ്പെട്ട, ക്രിസ്തുവിനാൽ പിടിക്കപ്പെട്ട, സ്വയത്തെ ഉപേക്ഷിച്ചു ക്രിസ്തുവിൽ ആയിത്തീരുന്ന ഒരു ജീവിതക്രമമാണ്. ലോകത്തിന്റെ രീതികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ജീവിതമാണത്. വി. ബേസിൽ പറയുന്നതുപോലെ അത് ക്രിസ്തുവിനോട് ചേർന്നുള്ള പുതിയ ജീവിത രൂപീകരണമാണ് (A disciple does not live for himself but is crucified with Christ, dying to the world and being raised to a new existence in Him": St. Basil the Great). ഭൗതികത, സമ്പത്ത്, അധികാരം, അഹംഭാവം എന്നിവയുടെ മൂല്യങ്ങളെക്കാൾ ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ പ്രതിഫലിപ്പിക്കുന്നവനാണ് യഥാർത്ഥ ശിഷ്യൻ. അത് യേശുക്രിസ്തുവുമായുള്ള ആത്മബന്ധമാണ്. അപ്പോഴാണ് ഈ ലോകത്തിൽ വ്യത്യസ്തമായ ഒരു നിലനില്പ്പ് സാധ്യമായിതീരുന്നത്. ഈ വ്യത്യസ്തമായ നിലനില്പിനെക്കുറിച്ചു പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ രേഖപ്പെടുത്തുന്നു. 'എങ്കിലും എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു.' പൗലോസിന് ഗുണപ്രദമായതും, ഉപകാരപ്രദമായതുമായ അധികാര ഘടകങ്ങൾ ഉണ്ടായിരുന്നു. അതെല്ലാം പൗലോസിന് സവിശേഷമായ പദവികളും അധികാരങ്ങളും ആനുകൂല്യങ്ങളും നേടിക്കൊടുത്തു. എന്നാൽ ഈ വിശേഷാധികാരങ്ങൾ എല്ലാം ക്രിസ്തുവിന്റെ ശിഷ്യനായി ത്തീരുന്നതിനു ഉപേക്ഷിക്കുകയാണ്. ഈ പദവികൾ ഇല്ലാതെയും ഒരു ജീവിതം സാധ്യമാണ് എന്ന് വി. പൗലോസ് ജീവിച്ചു കാണിച്ചു. ലൗകികമായ എല്ലാ മുൻഗണനകളുടെയും വിപരീതമായ ഒരു ജീവിതമാണത്. എല്ലാം ക്രിസ്തുവിനായ് ചേതം എന്ന് എണ്ണി ജീവിക്കുന്നത് ഒരു ബദൽ ജീവിതമാണ് എന്ന് പൗലോസ് ഓർമ്മപ്പെടുത്തുന്നു. ശിഷ്യത്വ ജീവിതത്തിൽ മറ്റെല്ലാ മുൻഗണനകൾക്കും ഉപരിയാണ് യേശുക്രിസ്തു. വി. മാമ്മോദിസയിലൂടെ ആരംഭിച്ച ശിഷ്യത്വ ജീവിതത്തിൽ മുൻഗണനകൾക്കു മാറ്റം വന്നിട്ടുണ്ട്. ക്രിസ്തുവിനൊപ്പം വ്യത്യസ്തമായി നിലനിൽക്കാൻ വിളിക്കപ്പെട്ട നാം അവന്റെ പേരിൽ പല സവിശേഷമായ പദവികളും ആനുകൂല്യങ്ങളും നേടിയെടുത്തു. ഗുണപ്രദമായത് പലതും ലഭിച്ചപ്പോൾ യേശു പലപ്പോഴും നമുക്ക് അന്യമായി. യഥാർത്ഥ ശിഷ്യത്വത്തിന്റെ വീണ്ടെടുക്കലാകണം നോമ്പ്. ലോകത്തിനു അനുരൂപമാകാതെ യേശുവിനാൽ പിടിക്കപ്പെട്ടവനായി ഈ ലോകത്തിൽ വ്യത്യസ്തമായി നിലനിൽക്കാൻ നമുക്കാകണം.

**ധാർമ്മികതയുടെ വീണ്ടെടുക്കലാണ് നോമ്പ്**

ദൈവരാജ്യ ജീവിതമാണ് ക്രിസ്തീയ ധാർമ്മികജീവിതം. പരിശുദ്ധന്റെ ഫലങ്ങളെ പുറപ്പെടുവിക്കുന്ന ജീവിതശൈലിയാണത്. അത് ക്രിസ്തുജീവിതശൈലിയാണ്. അവിടെ ജീവന്റെ പരിപോഷണവും സംരക്ഷണവും സാധ്യമാകുന്നു.



പുതുമനുഷ്യനായി തീരുന്നതും വ്യത്യസ്തമായ ഒരു ജീവിത അസ്തിത്വം യേശുവിലൂടെ കണ്ടെത്തുന്നതും ദൈവരാജ്യത്തിന്റെ ജീവിത ശൈലിയാണ്. നമ്മുടെ ഓരോ ആരാധനയും ഈ ജീവിത രീതിക്കായി നമ്മെ ഒരുക്കുന്നുണ്ട്. നിത്യ നമസ്കാര ക്രമത്തിലെ ഒരു പ്രാർത്ഥന ഇപ്രകാരം ആണ് 'ഞങ്ങളുടെ അനീതിയിൽനിന്നു ഞങ്ങൾ പിന്തിരിയുവാനായി തന്റെ കരുണയാലും ദീർഘക്ഷമയാലും ഞങ്ങളെ വഹിച്ചു സഹിക്കുന്നവനേ, നിനക്കു സ്തുതി. അരിഷ്ടരായ ഞങ്ങൾ, ലോകാവസാനം വാതിൽക്കൽ നിൽക്കുന്നു എന്ന കാര്യം ഓർക്കുന്നു പോലുമില്ല. 'ഈ ലോകത്തിൽ സൽക്രിയകളാകുന്ന സൽഫലങ്ങൾ പുറപ്പെടുവിക്കുവാനായി ദൈവരാജ്യ മൂല്യങ്ങളുടെ വീണ്ടെടുപ്പാണ് നോമ്പിൽ ഉണ്ടാകേണ്ടുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളും ദൈവമേഖലയായി പരണമിക്കുമ്പോഴാണ് ധാർമ്മികതയുടെ വീണ്ടെടുപ്പ് സാധ്യമാ കുന്നത്. സാധു കൊച്ചുകുഞ്ഞു ഉപദേശി ആത്മീയ ഉണർവിന്റെ, പുതുക്കത്തിന്റെ പ്രകാശനമായി കണ്ടിരുന്ന ഒന്നാണ് ധാർമ്മികത. അദ്ദേഹത്തിന്റെ വ്യാപാര ധർമ്മം എന്ന ചെറിയ ഗ്രന്ഥത്തിൽ ഒരു കച്ചവടക്കാരൻ ക്രൈസ്തവ ധർമ്മികത എങ്ങനെ അനുഷ്ഠിക്കണമെന്നു ചൂണ്ടിക്കണിക്കുന്നു. ഒരു കച്ചവടക്കാരൻ ലോകത്തിനു നന്മ ചെയ്യുന്നവനും പരമാർത്ഥനിഷ്ഠയുള്ളവനും ആയിരിക്കണം. കച്ചവടം ഒരു സുവിശേഷവേലയായി നിർവ്വഹിക്കണം, മാത്രമല്ല ദൈവഭയത്തോടെ നിർദോഷിയായി നീതിയോടെ തന്റെ വ്യാപാരം ചെയ്യുമ്പോൾ അയാൾ ഒരു പുതിയസൃഷ്ടിയായി ബദൽ നിലനിൽപ്പ് സാധ്യമാക്കുന്നു. സമൂഹത്തിലെ ഒരു മേഖല മാത്രമാണ് ഇവിടെ പരാമർശിക്കപ്പെട്ടതു. ഈ ധാർമ്മികത ക്രൈസ്തവ സമൂഹത്തിലെ സമസ്ത മേഖലകളിലും വ്യപാരിക്കുമ്പോഴാണ് ദൈവരാജ്യ സമൂഹം രൂപപ്പെടുന്നത്. നമ്മൾ ഇന്ന് ഒരു വിഷലിപ്തമായ സമൂഹത്തിലാണ് ജീവിക്കുന്നത്. എല്ലാ ധാർമ്മിക മൂല്യങ്ങളെയും ഉല്ലംഘിക്കുന്ന ഒരു സാഹചര്യവും നമ്മുടെ ചുറ്റും ഉണ്ട്. അധാർമ്മികതകളും അനീതികളും ആധിപത്യം സ്ഥാപിച്ച ഈ സാമൂഹിക ക്രമം ജീവിക്കാൻ ഒട്ടും യോഗ്യമല്ലാത്ത ഒരു ലോകം സൃഷ്ടിച്ചിരിക്കുന്നു എന്നത് ചുറ്റും കണ്ണോടിച്ചാൽ നമുക്ക് കാണാൻ സാധിക്കും. 59 ദിവസം കൊണ്ട് 70 കൊലപാതകങ്ങൾക്കു കേരളം സാക്ഷ്യം വഹിച്ചു. കൊലവിളികളും അനീതിയും ദുർമാർഗ്ഗവും നമ്മുടെ നാട്ടിൽ പതിവ് സംഭവങ്ങൾ ആയി മാറി. ഇത്തരം സംഭവങ്ങളിൽ പ്രതികൾ എന്നു കരുതുന്ന ഭൂരിപക്ഷത്തിനും യാതൊരു കുറ്റബോധവും ഇല്ല എന്നതാണ് ഭയാനകം. പ്രതികൾ കൂടുതലും ലഹരിക്ക് അടിമകളാണ്. സുബോധവും ധാർമ്മികതയും നഷ്ടപ്പെട്ടു മരണം മണക്കുന്ന ചുറ്റുപാടുകൾ സൃഷ്ടിക്കപ്പെടുന്നു എന്നത് ആശങ്കാജനകമാണ്. ഇത്തരത്തിലുള്ള ഒരു കാലത്ത് നാം നോമ്പ് അനുഷ്ഠിക്കുമ്പോൾ അത് നമ്മുടെയും സമൂഹത്തിന്റെയും കൈമോശം വന്ന ധാർമികതയുടെ വീണ്ടെടുപ്പ്കൂടി ആകണം. നമ്മുടെ ഭവനത്തിൽ, ഇടവകകളിൽ ദൈവരാജ്യ മൂല്യങ്ങളുടെ പരിശീലനവും പരിപോഷണവും ഉണ്ടാകുമ്പോൾ അടുത്ത തലമുറയെ ക്രിസ്തു മുന്നോട്ടു വച്ച ധാർമ്മിക മൂല്യത്തിൽ രൂപപ്പെടുത്തുവാൻ സാധിക്കും. അതുകൊണ്ടു ക്രിസ്തീയ ധാർമ്മികതയെ വീണ്ടെടുക്കാൻ ഈ നോമ്പ് കാലത്തു നമുക്ക് സാധിക്കട്ടെ.

നോമ്പ് ഒരു വീണ്ടുവിചാരത്തിന്റെ, കണക്കെടുപ്പിന്റെ, വിലയിരുത്തലിന്റെ കാലമാകണം. നമ്മെ നാം ആക്കിയിരുന്ന പലതും പല സന്ദർഭങ്ങളിൽ നമ്മിൽ നിന്നും നഷ്ടപ്പെട്ടു പോയിട്ടുണ്ട്. നമ്മെ ക്രിസ്തുവിൽ പുതുതാക്കിയ മാമോദീസ അനുഭവവും, മാമ്മോദീസയിലൂടെ ആരംഭിച്ച ക്രിസ്തീയ ശിഷ്യത്വജീവിതവും, ശിഷ്യത്വ ജീവിതത്തിന്റെ പ്രകാശനമായ ധാർമ്മിക മൂല്യങ്ങളും പലപ്പോളായി നമ്മിൽ നിന്നും കൈമോശം സംഭവിച്ചു. അത് ഉപേക്ഷിച്ചു മുമ്പോട്ടുള്ള യാത്ര ക്രിസ്തീയ ജീവിതത്തിന്റെ നിഷേധവും നമ്മെ വിളിച്ചവന്റെ വിളിയോടുള്ള അവഗണനയും ആണ്. നഷ്ടമായതിനെ കണ്ടെത്തി യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കാൻ ഈ നോമ്പ് കാലത്തു ദൈവം നമ്മെ എല്ലാവരെയും സഹായിക്കുമാറാകട്ടെ. ആമ്മേൻ.

●



# നോമ്പ് : ക്രിസ്തീയ ജീവിതത്തിലെ ഊന്നുവടി

*പിന്നെ യേശു ശിഷ്യന്മാരോടു പറഞ്ഞതു*
*''ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ*
*തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശു എടുത്തു*
*എന്നെ അനുഗമിക്കട്ടെ''.*
***മത്തായി 16:24***



**ബിനിൽ വർഗ്ഗീസ്**

**നോ**മ്പ്: വേദനയുടെ പന്തിയിൽ പരമകാരുണ്യവാനായ തമ്പുരാൻ വിളമ്പിയ അതിമധുരമായ വിഭവമാണ്. അതിന്റെ വീര്യത്തിന് ഒരു യൗവ്വനക്കാരന്റെ ആയുസ്സിന്റെ വിലയുണ്ട്. അതിന് വിലയേറിയ പൊൻനാണയങ്ങൾക്ക് നൽകാൻ കഴിയാത്ത അത്രയും മൂല്യമുണ്ട്, ഒരു നാടോടിയുടെ സാഹസികയാത്രയെക്കാൾ ജീവനുണ്ട്. ഇത് ക്രൂശിലേക്കുള്ള യാത്രയാണ്. കേവലം ദൈനംദിന ഭക്ഷണക്രമത്തിൽ മാത്രമല്ല നമ്മെ സ്വാധീനിക്കുന്ന സകലമാന ആസക്തികളിൽ നിന്നുമുള്ള വേറിട്ട യാത്രയാണ് ഇത്.

കർത്താവ് ഒരുക്കുന്ന മഹാവിരുന്നിലേക്കുള്ള ഒരു ക്ഷണം കൂടിയാണ് നോമ്പ്. ക്രിസ്തു തന്റെ നിയോഗ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് തന്നെത്താൻ ഒരുക്കപ്പെടുവാനായി സാത്താന്റെ പരീക്ഷണത്തിന് വിധേയനായി തീർന്ന കാഴ്ച നമുക്കുള്ള വെല്ലുവിളിയാണ്. ബേത്‌ലഹേമിൽ നിന്ന് മരുഭൂമിയിലേക്കും അവിടെ നിന്ന് കാൽവരി ക്രൂശിലേക്കും ഉള്ള യേശുവിന്റെ അതിദൈർഘ്യമേറിയ തീർത്ഥാടന യാത്ര. ഭൂമിയുടെ സകല മാലിന്യങ്ങളും തന്റെ ചുമലിൽ വഹിച്ച് മരണത്തോളം താഴ്ത്തിയ 'ദൈവ സ്നേഹം' നോമ്പിന്റെ ചിത്രമാണ്. അതികഠിനമായ മരു യാത്രയുടെ എല്ലാ പരീക്ഷണ അതിർവരമ്പുകളും ഭേദിച്ച് ആത്മനിറവിൽ അവൻ മുമ്പേ നടന്നു, വളരെ സൗമ്യനായി തന്നെ. ആ യാത്രികന്റെ ജീവിതമാണ് നമ്മുടെ മാർഗ്ഗദീപം. വീണ്ടെടുപ്പിന്റെ, ഉയർപ്പിന്റെ, പ്രത്യാശയുടെ, നല്ല നാളേക്കായി രക്ഷകൻ വെച്ച ആ ചുവടുകൾ പിൻപറ്റേണ്ടവരാണ് നമ്മൾ.

നോമ്പിന്റെ നാളുകളിൽ നമ്മളിൽ ആത്മശോധന വളരെ ആവശ്യമാണ്. അത് ഈ യാത്രയുടെ തുടക്കത്തിൽ നമുക്ക് ഊർജ്ജവും ഉത്സാഹവും നൽകുന്നു. നാം എന്താണെന്നും എങ്ങനെ ആയിരിക്കുന്നു എന്നും നമ്മെ ഓർമിപ്പിക്കുന്നു. പിന്നിട്ട നാളുകളിൽ നാം അവന്റെ ക്രൂശിന്റെ യാത്രയിൽ എത്ര ദൂരം അനുഗമിച്ചു എന്ന് സ്വയം വിലയിരുത്തുന്നതിന് സഹായിക്കുന്നു.ലക്ഷ്യം എത്തും മുമ്പേ നമ്മിൽ പലരും യാത്ര അവസാനിപ്പിച്ചവരാകും. ആ കുറ്റബോധം പതിയെ നമ്മെ കുമ്പസാരത്തിന്റെ അനുഭവത്തിലേക്ക് തിരിക്കുകയും ചെയ്യുന്നു.


ചില ക്രമപ്പെടുത്തലുകൾ നമുക്ക് ആവശ്യമാണ്. നമ്മുടെ ജീവിതത്തെ ഒന്നുകൂടി പുതുക്കി പണിയുന്നതിന് അവ നമ്മെ സഹായിക്കുന്നു. ഉടഞ്ഞ മൺപാത്രമായ നാം കുശവന്റെ കൈകളിൽ സ്വയം വിധേയപ്പെടുമ്പോൾ അധികത്തിൽ പ്രയോജനമുള്ളവനായി മാറുവാൻ കഴിയും. ക്രൂശിലെ വേദനയേറിയ ദിനവും ശേഷമുള്ള വിശ്രമവും നമുക്ക് ഒരുക്കിവെച്ചിരിക്കുന്നത് ഉയർപ്പിന്റെ സന്തോഷമാണ്. അതിനാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്തു അവനെ അനുഗമിക്കാം.

**ഉടഞ്ഞ മൺപാത്രമായ നാം കുശവന്റെ കൈകളിൽ സ്വയം വിധേയപ്പെടുമ്പോൾ അധികത്തിൽ പ്രയോജന മുള്ളവനായി മാറുവാൻ കഴിയും. ക്രൂശിലെ വേദനയേറിയ ദിനവും ശേഷമുള്ള വിശ്രമവും നമുക്ക് ഒരുക്കി വെച്ചിരിക്കുന്നത് ഉയർപ്പിന്റെ സന്തോഷമാണ്. അതിനാൽ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശ് എടുത്തു അവനെ അനുഗമിക്കാം.**

സ്നേഹിതന്മാർക്കുംവേണ്ടി സ്നേഹിതന്മാർക്ക് കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല. യോഹന്നാൻ 15:13 പാളയത്തിന് അപ്പുറത്തേക്ക് നാം തഴഞ്ഞവരെ ഉൾക്കൊള്ളുവാൻ തയ്യാറാകുമ്പോൾ ദൂരത്ത് നിന്ന് പേർചൊല്ലി വിളിച്ചു ചേർക്കുന്ന പിതാവിന്റെ സ്നേഹം ഈ യാത്രയിൽ ഉടനീളം അനുഭവിച്ചറിയാൻ നമ്മെ സഹായിക്കുന്നു. താത്പര്യമില്ലായ്മയും ജീവിതത്തോട് വിരസതയും തോന്നുന്ന സാഹചര്യത്തിൽ നോമ്പ് എന്ന യാത്ര ഒരു ഊന്നുവടിയുടെ ഗുണം ചെയ്യും.

ക്രൂശിൽ ക്രിസ്തുവിന്റെ ത്യാഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ശക്തമായ ഓർമ്മപ്പെടുത്തലായും നോമ്പുകാലം പ്രവർത്തിക്കുന്നു. തന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും, പാപത്തിന്റെയും മരണത്തിന്റെയും ശക്തിയിൽ നിന്ന് നമ്മെ വീണ്ടെടുത്ത്, യേശു മനുഷ്യരാശിക്ക് രക്ഷയുടെ ദാനം നൽകി. ചിട്ടയില്ലാത്ത ജീവിതങ്ങൾക്ക് ക്രമവും ചാരത്തിൽ നിന്ന് പുത്തൻ പ്രതീക്ഷകളും കണ്ടെത്താൻ ഈ നോമ്പിന്റെ നാളുകളിൽ നമുക്ക് കഴിയട്ടെ.

നിങ്ങൾ പൂർണ്ണപ്രസാദത്തിന്നായി കർത്താവിന്നു യോഗ്യമാകുംവണ്ണം നടന്ന്, ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനംകൊണ്ടു നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായിച്ചു ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ (കൊലോസ്സ്യർ 1 : 9) ●



# നോമ്പ് : പരിവർത്തനത്തിന്റെ പരിശീലനകാലം



റവ. എം.ജെ. ചെറിയാൻ
മല്ലശ്ശേരിബേത്‌ലഹേം

''**അ**നന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്ക് നയിച്ചു. മരുഭൂമിയിൽ നാൽപതു ദിവസം സാത്താൻ അവനെ പ്രലോഭിപ്പിച്ചു. അവൻ വന്യ മൃഗങ്ങളോട് കൂടെ ആയിരുന്നു. മാലാഖമാർ അവനെ ശുശ്രൂഷിച്ചു.'' (മാർക്കോസ് 1:12-13) ആദ്യത്തെ വലിയ നോമ്പ് ആചരണമെന്ന് വിശേഷിപ്പിക്കാവുന്ന രേഖപ്പെടുത്തൽ സുവിശേഷകൻ നൽകുന്നു. മൃഗങ്ങളും ദൂതൻമാരും മനുഷ്യപുത്രനൊപ്പം ഉണ്ട്. യേശുവും സർവജീവജാലങ്ങളും ഒത്തൊരുമിച്ചു ജീവിക്കുന്ന സുന്ദരമായ ഓർമപ്പെടുത്തൽ. മരുഭൂമിയിൽ ദൈവീക തേജസ് നിറഞ്ഞു നിൽക്കുന്നു. യേശുവിനോട് കൂടെ ഉണ്ടായിരുന്ന വന്യമൃഗങ്ങൾ മൃഗീയ സ്വഭാവം വെടിഞ്ഞു ദൈവീക സ്വഭാവത്തിന് വിധേയമാകുന്നു. ഈ സത്യാനന്തരകാലം നമ്മെ വെല്ലുവിളിക്കുന്നതും ദൈവീക സ്വഭാവത്തിലേക്കുള്ള തീർത്ഥയാത്രയ്ക്കു വേണ്ടിയാണല്ലോ. മനുഷ്യന്റെ മൃഗീയ വാസനകൾ സടകുടഞ്ഞെഴുന്നേറ്റു സംഹാര താണ്ഡവമാടുന്ന ഭീതിജനകമായ നാളുകൾ. വന്യമൃഗങ്ങൾ പോലും വിശപ്പിന് ശമനം വന്നാൽ ഇരയെ തേടുന്നതിനു അവധി നൽകുമ്പോൾ ദൈവത്തിന്റെ സ്വരുപമായ മനുഷ്യൻ ഹിംസ ദിനചര്യയാക്കുന്ന ഹൃദയം പിളർക്കുന്ന കാഴ്ചകൾ നമ്മെ നൊമ്പരപ്പെടുത്തുന്നില്ലയോ. ''പാരിന്ന് വിണ്ണേറുവാൻ പാത കാണിക്കും കുരിശേ ജയിക്കുക''. പാപം നിറഞ്ഞ വീഥികളിൽ ശരിയായ പാത കാണിക്കാൻ കുരിശിനാകുമാമെന്ന തിരിച്ചറിവ് വെളിച്ചമായി തീരേണ്ട നാളുകളായി നോമ്പു നാളുകളെ പരിണമിപ്പിക്കാൻ നമുക്കാകണം. യെശയ്യാവ് രേഖപ്പെടുത്തുന്നതുപോലെ ചെന്നായ് കുഞ്ഞാടിനോട് കൂടെ പാർക്കും, പുള്ളിപ്പുലി കോലാട്ടുകുട്ടിയോട് കൂടെ കിടക്കും. പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും. ഒരു ചെറിയ കുട്ടി അവയെ നടത്തും. പശു കരടിയോടു മേയും. അവയുടെ കുട്ടികൾ ഒരുമിച്ചു കിടക്കും. സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും. മുലകുടിക്കുന്ന ശിശു സർപ്പത്തിന്റെ പോതിങ്കൽ കളിക്കും. മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈ ഇടും. സമുദ്രം വെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ട് പൂർണ്ണമായിരിക്കയാൽ എന്റെ വിശുദ്ധ പർവതത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല. (യെശ :11:6-9) പ്രപഞ്ചത്തിലെ എല്ലാ സൃഷ്ടികളും പരസ്പരം സ്നേഹത്തിലും പരസ്പരം വിശ്വാസത്തിലും കഴിയുന്ന നാളുകളെ സ്വപ്നം കാണാൻ കഴിയണം, പ്രപഞ്ചം മുഴുവൻ ദൈവീക ചൈതന്യം നിറയുന്ന സുന്ദരമായകാഴ്ച. ഈ സ്വപ്നം നമുക്ക് എങ്ങനെ പ്രവർത്തികമാക്കാം.

**1. നോമ്പ് : ഉപവാസം അനുഷ്ഠിക്കുന്ന ദിനങ്ങൾ.**

ജഡത്തെ അതിന്റെ രാഗമോഹങ്ങളോട് കൂടെ ക്രൂശിക്കേണ്ടതിനു പ്രത്യേകമായി വേർതിരിക്കപ്പെട്ട ദിനങ്ങൾ. സഭ ഉപവാസത്തിന് വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്. ഉയർത്തെഴുന്നേൽപ്പ് പെരുന്നാളിന് മുൻപുള്ള ദിവസങ്ങളിൽ ഉപവാസം ആചരിക്കേണ്ടതിന്റെ പ്രാധാന്യം സഭാപിതാക്കന്മാരായ തെർത്തുല്യനും ഐറേനിയോസും അത്തനാസിയോസും എടുത്തു പറഞ്ഞിട്ടുണ്ട്, AD.325ൽ കൂടിയ നിഖ്യ സുന്നഹാദോസ് നോമ്പ് ആചരണത്തിൽ ഉപവാസത്തിന്റെ പ്രാധാന്യം ആധികാരികമായി ഉറപ്പിച്ചിട്ടുണ്ട്. വിശുദ്ധ വേദപുസ്തകത്തിൽ ദൈവീക അരുളപ്പാടുകൾ സ്വീകരിക്കുന്നതിന് തന്നെത്തന്നെ ഒരുക്കുന്നതിനായി മോശെ നാല്പത് ദിവസം ഉപവസിച്ചതായി കാണുന്നു ''അവൻ അവിടെ ഭക്ഷണം കഴിക്കാതെയും വെള്ളം കുടിക്കാതെയും നാല്പത് പകലും നാല്പത് രാവും യഹോവയോട് കൂടെയായിരുന്നു. അവൻ പത്തു കല്പനയായ നിയമത്തിന്റെ വചനങ്ങളെ പലകയിൽ എഴുതി കൊടുത്തു. (പുറ: 34:28) ദൈവീക ദർശനം ലഭിക്കാൻ ഉപവാസത്തോട് കൂടിയ ഒരുക്കത്തിന്റെ പ്രാധാന്യം ഈ വചനം എടുത്തു കാട്ടുന്നു. എസ്ഥേർ രാഞ്ജി മൂന്ന് ദിവസത്തെ ഉപവാസം പ്രഖ്യാപിച്ചു ദൈവീക ഇടപെടലിനായി ദൈവത്തോട് യാചിക്കുന്നതിന് ജനത്തെ ആഹ്വാനം ചെയ്തു. "നീ ചെന്ന് എല്ലാ യഹൂദൻമാരെയും ഒന്നിച്ചു കൂട്ടി നിങ്ങൾ മൂന്നു ദിവസം ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്കുവേണ്ടി ഉപവസിപ്പിൻ. ഞാനും എന്റെ വാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും, (എസ്ഥേർ 4:16) നിനവയിലെ ജനങ്ങൾ യോനാ പ്രവാചകന്റെ പ്രവചനത്തിന് ശേഷം ഉപവസിക്കുകയും ദൈവത്തിങ്കലേക്കു തിരിയുകയും ചെയ്തു. (യോനാ 3:5-10) പുതിയ നിയമത്തിൽ യേശു നാല്പത് ദിവസം ഉപവസിച്ചതായും അതിനു ശേഷം യേശുവിന്ന് വിശന്നതായും വായിക്കുന്നു (മത്തായി 4:1-2) അതുപോലെ ഉപവാസത്തിന്റെ പ്രാധാന്യം പഠിപ്പിക്കുകയും ചെയ്തിരുന്നു (മത്തായി 6:16-18) ജഡത്തിന്റെ മോഹങ്ങളെ പൂർണ്ണമായും

ഉപവാസത്തിലൂടെ കീഴ്പ്പെടുത്തി ദൈവീക ദർശനത്തിലുടെ നമ്മിലെ മൃഗീയ വാസനകളെ നശിപ്പിച്ചു ദൈവീക സ്വഭാവം ഉള്ളവരായി നാം മാറേണ്ടത് അത്യന്താപേക്ഷിതമാണ്. നോമ്പാചാരണത്തിന്റെ അഭിവാജ്യഘടകമായി ഉപവാസം നാം പരിശീലിക്കണം.

**2.നോമ്പ്: സസ്യാഹാരം ഭക്ഷണ ക്രമമാകാൻ പരിശീലിക്കേണ്ട നാളുകൾ.** ഏദൻ തോട്ടത്തിലെ ആഹാരം സസ്യാഹാരം ആയിരുന്നു “ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകല വൃക്ഷങ്ങളും ഇതാ ഞാൻ നിങ്ങൾക്കു തരുന്നു. അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ. (ഉല്പത്തി 1:29) ഈ ആഹാരക്രമം സമാധാനവും അഹിംസയും പ്രോത്സാഹിപ്പിക്കുന്നു. ഒന്നിനെയും ഹിംസിക്കാതെയുള്ള ഭക്ഷണം മനുഷ്യന് ഇന്നും സാധ്യമാണ്. തിരുവചനം സസ്യാഹാരത്തെ നിർബന്ധമാക്കുന്നതിന്റെ ഒരു സൂചനയും നൽകുന്നില്ല. എന്നാൽ ഹിംസ താണ്ഡവമാടുന്ന ഈ നാളുകളിൽ സസ്യാഹാരം മാതൃക ഭക്ഷണമായി ചൂണ്ടിക്കാണിക്കാം, ആരെയും ഹിംസിക്കാതെ, പ്രകൃതിയുടെ താളം തെറ്റിക്കാതെ, അഹിംസ മാതൃകയാക്കാം.

**3. നോമ്പ് : ആവശ്യത്തിന് മാത്രം ഭക്ഷണം കഴിക്കാൻ പരിശീലിക്കുന്ന നാളുകൾ.** വിശുദ്ധ വേദപുസ്തക അമിത ഭക്ഷണ ശീലങ്ങളെ നിരുത്സാഹ പ്പെടുത്തുന്നു. കുടിയനും അതിഭക്ഷകനും ദാരിദ്രരാ യിതീരും, (സദൃ:23) സോദാമിന്റെ നാശത്തിനുള്ള ഒരു കാരണവും അമിതാഹാരമായിരുന്നു, ‘നിന്റെ സഹോദരിയായ സോദോമിന്റെ അകൃത്യമോ, ഗർവും തീൻ പുളപ്പും നിർഭയ സൈര്യവും, അവൾക്കും അവളുടെ പുത്രന്മാർക്കും ഉണ്ടായിരുന്നു’ (യേഹേസ്കേൽ 16:49), ‘നീ ഭോജന പ്രിയൻ ആകുന്നുവെങ്കിൽ നിന്റെ തൊണ്ടക്ക് ഒരു കത്തി വച്ച് കൊൾക’ (സദൃ :23:2). സമ്പന്നരും അതിസമ്പന്നരും പെരുകുന്ന ലോകക്രമം. പാഴാക്കുന്ന ഭക്ഷണം എത്രയധികം ആണ്. ഇത് ആഘോഷങ്ങളുടെ കാലമാണ്. എന്തിനും ഏതിനും ആഘോഷം. ഏറ്റവും മുന്തിയ ആഹാരം ആണ് വിളമ്പുന്നത്.എന്നാൽ പാഴാക്കുന്ന ആഹാരം ധാരാളം ആണ്. വിശക്കുന്നവർ, മതിയായ പോഷകാഹാരം ലഭിക്കാത്തവർ, ആരുടെയെങ്കിലും സഹായമില്ലാതെ ഭക്ഷണം കഴിക്കാൻ കഴിയാത്തവർ നമ്മുടെ ചുറ്റിനും ഉണ്ട്. വിശന്നു വലയുന്ന ഒരാളുടെ ചിത്രമെങ്കിലും ഈ നോമ്പു കാലത്തു നമ്മുടെ മനസ്സിന് നൊമ്പരം നൽകട്ടെ. ആവശ്യത്തിന് മാത്രം ഭക്ഷിക്കുന്ന, ഒട്ടും പാഴാക്കാതെയുള്ള ഭക്ഷണക്രമത്തിന് നമ്മെ വിധേയമാക്കാം.

**4.നോമ്പ്: ആസക്തികളെ അവഗണിക്കാൻ പരിശീലനം നേടുന്ന നാളുകൾ.** ആസക്തികൾ ദൈവീക നിയന്ത്രണത്തിൽ നിന്ന് നമ്മെ അകറ്റുകയും നാശകരമായ ശീലങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നു, പൗലോസ് അപ്പോസ്തോലൻ ഓർമ്മിപ്പിക്കുന്നു. “സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട്. എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട് എങ്കിലും ഞാൻ യാതൊന്നിനും അധീനനാകുകയില്ല (1 കോരിന്ത്യർ 6-12). പാപത്തിന്റെ അടിമത്വത്തിൽ ആയിപ്പോകുന്ന ദയനീയ കാഴ്ച.’ ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു, പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. (യോഹന്നാൻ 8:34) ലഹരിയുടെ ഉപയോഗം ഭീതിപ്പെടുത്തുന്നതാണ്, മിക്കവാറും എല്ലാ അക്രമങ്ങളുടെയും കൊലപാതകങ്ങളുടെയും പിൻപിൽ ലഹരിയുടെ ഉപയോഗം കാണുന്നു. നമ്മുടെ ഭവനങ്ങൾ ആസക്തികളോട് വിടപറയുന്ന ഇടങ്ങളായി രൂപപ്പെടാൻ പരിശീലനം ആവശ്യമാണ്, നോമ്പു കാലം അതിനായി നമുക്ക് വേർതിരിക്കാം.

**5. നോമ്പ്. പ്രാർത്ഥനയെ തടസ്സപ്പെടുത്തുന്ന വിനോദങ്ങളിൽ നിന്ന് ഒഴിഞ്ഞിരിക്കാനുള്ള പരിശീലനകാലം. സാങ്കേതിക വിദ്യയുടെ വളർച്ച വിനോദങ്ങൾ തേടി പോകേണ്ട, അവ നമ്മെ തേടി വരുന്നു എന്നുള്ളതാണ്.** അവരവരുടെ താല്പര്യം അനുസരിച്ചുള്ളതെന്തും നമ്മുടെ വിരൽത്തുമ്പിൽ ഉണ്ട്. എന്താണ് തിരയുന്നതെന്നു മനസ്സിലാക്കി അതുതന്നെ വിളമ്പുന്ന വിളമ്പുകാരൻ നമ്മുടെ കൂടെയുണ്ട്. എന്തു പ്രവർത്തിച്ചാലും അത് ദൈവനാമമഹത്വത്തിനായ് ഇടയായി തീരണം, ഏകാഗ്രതയും പ്രാർത്ഥനയും നഷ്ടപ്പെടുത്തുന്ന വിനോദങ്ങൾ വർദ്ധിക്കുന്നു, ഏദൻ തോട്ടത്തിൽ യഹോവയോട് കൂടെ ആദവും ഹവ്വയും ചേർന്നിരുന്ന ഉദ്യാനത്തേക്കാൾ സുന്ദരമായ ചിത്രം വേറെ കാണില്ല, ദൈവീക ബന്ധം തടസപ്പെടുത്തുന്ന എല്ലാ വിനോദങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കാൻ നമുക്ക് പരിശീലിക്കാം.

**6 നോമ്പ് : സ്വാർത്ഥതയെ അവഗണിക്കാനും ദാനധർമ്മത്തിന് ഒരുക്കമുള്ളവരായി തീരാനും പരിശീലിക്കാം.**

തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവ സ്നേഹം കുരിശിലൂടെ അനുഭവിച്ചവരാണ് മാനവജാതി. ആ സ്നേഹത്തിന്റെ മൂർത്തി ഭാവം കുരിശിലൂടെയുള്ള മരണത്തിൽ വെളിവാക്കപ്പെട്ടിരിക്കുന്നു. കുരിശിന്റെ വഴി സ്വയം നഷ്ടപ്പെടുത്തി നേടുന്നതിന്റെ കലയാണ് പഠിപ്പിക്കുന്നത്. ഞാൻ, എനിക്ക്, എന്റേത് ഈ പദങ്ങൾ അപ്രസക്തമാകാൻ പരിശീലിക്കേണ്ട നാളുകൾ, നമുക്ക്, നമ്മുടേത് എന്ന് ഒരു പ്രാവശ്യമെങ്കിലും ഊരുവിടേണ്ട നാളുകൾ, ഈ പദങ്ങൾ ശീലമാക്കിയാൽ കുടുംബ ബന്ധങ്ങൾ കുറെക്കൂടെ ഊഷ്മളമാകും. ഞാനെന്ന ഭാവത്തെ നേർത്തതാക്കി തീർക്കാൻ ശ്രമിക്കാം. ഹൃദയത്തിൽ ഞാൻ മാത്രം വാഴുമ്പോൾ മറ്റാർക്കും ഇടമില്ലാതെ പോകുന്നു. നമ്മുടെ കരുതൽ ആവശ്യമുള്ളവർ വേറെയാണ്, ഇല്ലായ്മയിൽ നിന്ന് നൽകുന്നതാണല്ലോ ഉത്തമം. അതിനായി ഒരുക്കപ്പെടാം. നോമ്പുകാലം പരിവർത്തനത്തിന്റെ കാലമാകട്ടെ, ജീവിതം ഒരു തീർത്ഥാടനം ആകുന്നുവല്ലോ. ദൈവത്തിൽ നിന്ന് ദൈവത്തിലേക്കുള്ള മടക്കയാത്ര, നോമ്പു ദിനങ്ങൾ നമ്മെ കൂടുതൽ ദൈവീക സ്വഭാവമുള്ളവരാക്കി തീർക്കട്ടെ. ●

# നിഖ്യ ഒരു പുനർവിചിന്തനം: നമ്മുടെ കാലത്തിനുവേണ്ടി ഒരു വിശ്വാസപ്രമാണം



റവ .ഡോ. വൈ.റ്റി. വിനയരാജ്

**ആ**ഗോള ക്രൈസ്തവ ചരിത്രത്തിലെ നാഴികക്കല്ലായി മാറുകയാണ് 2025. A D 325ൽ നിഖ്യായിൽ നടന്ന ആദ്യത്തെ എക്യൂമെനിക്കൽ കൗൺസിലിന്റെ 1700–ാം വാർഷികം ആഘോഷിക്കുകയാണ് നാം. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും അടങ്ങിയ ആഗോള ക്രൈസ്തവ സമൂഹങ്ങളുടെ വിശ്വാസപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാന പ്രമാണമായി പിൽക്കാലത്തു മാറിയ നിഖ്യ വിശ്വാസ പ്രമാണത്തിന്റെ ഉത്ഭവം സംഭവിച്ചത് പ്രസ്തുത കൗൺസിലിൽ ആയതുകൊണ്ടുതന്നെ ഈ ഓർമ്മ ചരിത്രപരമായി പ്രാധാന്യമുള്ളതായി തീരുന്നു.

യേശുക്രിസ്തുവിന്റെ ആളത്വവും സ്വഭാവവും നിശ്ചയിക്കപ്പെടുകയും അതുകൊണ്ടുതന്നെ പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും തമ്മിൽ ശ്രേണീബദ്ധമല്ലാത്ത ഒരു ബന്ധുത്ത്വം അംഗീകരിക്കപ്പെടുകയും ചെയ്തുവെന്ന കാരണം കൊണ്ടുതന്നെ ദൈവശാസ്ത്രപരമായ വലിയ പ്രാധാന്യം നിഖ്യാവിശ്വാസ പ്രഖ്യാപനത്തിനുണ്ട്. വിഭജിതമായിരുന്ന ക്രൈസ്തവ സമൂഹങ്ങളിൽ ഐക്യം ഉണ്ടാക്കുന്നതിനും ഏകപക്ഷീയമായ ദൈവശാസ്ത്ര വ്യാഖാനങ്ങൾക്കും വ്യവഹാരങ്ങൾക്കും ഇടനൽകാതെ ക്രിസ്തുവിശ്വാസത്തെ കൂടുതൽ തെളിമയോടെ അവതരിപ്പിക്കുന്നതിനും നിഖ്യവിശ്വാസപ്രമാണത്തിന് സാധിച്ചു.

ക്രിസ്തുവിന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും ആരംഭിച്ച വീണ്ടെടുപ്പിന്റെയും ചലനാത്മക പ്രക്രിയ, പരിശുദ്ധാത്മാവിന്റെ പരിവർത്തനാത്മക സാന്നിധ്യം, സഭയുടെ ജീവിതത്തിലൂടെയും സാക്ഷ്യത്തിലൂടെയും പ്രകടമാകുന്ന ദൈവരാജ്യത്തിന്റെ പ്രത്യാശാ നിർഭരമായ ആഗമനം തുടങ്ങി ലോകത്തിൽ ദൈവത്തിന്റെ നിരന്തരവും എപ്പോഴും ഊർജ്ജസ്വ ലവുമായ പ്രവർത്തനത്തെ അംഗീകരിക്കാൻ സഭയെ പ്രാപ്തമാക്കിയ ഒരു ദൈവശാസ്ത്ര പ്രഖ്യാപനമാ യിരുന്നു നിഖ്യ വിശ്വാസപ്രമാണം.

അതുപോലെതന്നെ, സഭയുടെ അടിസ്ഥാന നിർമ്മിതി സ്മരണയുമായി റീകണക്ട് ചെയ്യപ്പെടുവാനും ആ സ്വത്വബോധം അരക്കിട്ട് ഉറപ്പിക്കാനുമുള്ള ഒരു മാർഗമായും വിശ്വാസപ്രമാണം പ്രവർത്തിക്കുന്നു. അങ്ങനെ, സഭയുടെ സ്വത്വത്തെയും ദൗത്യത്തെയും നിരന്തരം രൂപപ്പെടുത്തുന്ന വിശ്വാസത്തിന്റെ ഒരു സുപ്രധാന ജീവൽ സംഭരണിയാണ് നിഖ്യാവിശ്വാസ പ്രമാണം.

എന്നാൽ, രാഷ്ട്രീയമായി ആധിപത്യം പുലർത്തിയിരുന്ന മതപരമായ അന്തരീക്ഷത്തിൽ ഏറ്റുപറയപ്പെട്ട വിശ്വാസ പ്രതികരണങ്ങളിലൂടെയും സാമ്രാജ്യത്വ സ്വാധീനത്തിലൂടെയും രൂപപ്പെടുകയും, പിൽക്കാല സഭാവിഭജനങ്ങളിൽ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്ത നിഖ്യാവിശ്വാസ പ്രമാണം ഇന്നത്തെ സാഹചര്യങ്ങളിൽ സൂക്ഷ്മമായ പുനഃപരിശോധന ആവശ്യപ്പെടുന്നു. മത, സാംസ്കാരിക ബഹുസ്വരതയുടെ ആവിഷ്കാരങ്ങളാൽ സവിശേഷതയുള്ള സമകാലിക പശ്ചാത്തലത്തിൽ ഇത് പ്രത്യേകിച്ചും പ്രധാനമാണ്.

കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലഘട്ടം മുതൽ സഭാ ഭരണത്തിൽ സാമ്രാജ്യത്വ ഭരണത്തിന്റെ സ്വാധീനം പ്രകടമാണ്, ഇത് നിർണായകമായ ആശങ്കകൾ ഉയർത്തുന്നു. ഒരു ആധിപത്യസ്വഭാവം, മേൽ–കീഴ് ബന്ധങ്ങൾ, ഒഴിവാക്കലിന്റെ പഠിപ്പിക്കലുകൾ ഒക്കെത്തന്നെ നിലനിർത്തുന്ന ഒന്നായി ലിറ്റർജിയും സാക്രമെന്റുകളും തീർന്നിട്ടുണ്ട്. പണ്ഡിതനായ കോൾ ബിഡിക്കിൻസൺ ചൂണ്ടിക്കാണിക്കുന്നതു പോലെ, നിരന്തരം പുതുക്കിക്കൊണ്ടിരിക്കുന്ന ഒരു സഭയെ വളർത്തിയെടുക്കുന്നതിന് കാനോനിക്കൽ പാരമ്പര്യങ്ങൾ, തിരുവെഴുത്തുകൾ, ആചാര അനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ദൈവശാസ്ത്ര പഠിപ്പിക്കലുകൾ എന്നിവയുടെ ഒരു മെസ്സിയാനിക് പുന:പരിശോധന അടിയന്തിരമായി ആവശ്യമാണ് (കാനോനും മിശിഹായ്കും ഇടയിൽ: സമകാലിക കോണ്ടിനെന്റൽ ചിന്തയിലെ വിശ്വാസഘടന, ലണ്ടൻ: ബ്ലൂംസ്ബറി, 2013).

നിഖ്യാ വിശ്വാസപ്രമാണം കേവലം വിശ്വാസത്തിന്റെ ഒരു കാനോനിക്കൽ പ്രസ്താവന എന്നതിനേക്കാൾ പ്രാധാന്യമുള്ള ഒന്നാണ്. നവ മുതലാളിത്തത്തിന്റെയും നിയോഫാസിസത്തിന്റെയും സമകാലിക പശ്ചാത്തലത്തിൽ സഭ അതിന്റെ വിശ്വാസ പാരമ്പര്യങ്ങളിലേക്കും ആചാര–അനുഷ്ഠാന ങ്ങളിലേക്കും പുതിയ ഉൾക്കാഴ്ചകളും അർത്ഥങ്ങളും ആഴത്തിലുള്ള പുനരാഖ്യാനങ്ങളും നിരന്തരം തേടുന്ന ഒരു ജീവസുറ്റ വിശ്വാസ രേഖയായി അത് മാറ്റപ്പെടേണ്ടതുണ്ട്.

വിശ്വാസം നിശ്ചലമായൊരു താത്വിക പ്രഖ്യാപനമായി മനസ്സിലാക്കപ്പെടുകയും അങ്ങനെ അത് കൃത്യമായി വിഗ്രഹവൽക്കരിക്കപ്പെടുകയും ചെയ്യുമ്പോൾ, അത് സഭയുടെ കർശനമായ സ്ഥാപനവൽക്കരണത്തിന് കാരണമാകുകയും അതിന്റെ പരിവർത്തന സാധ്യതകളെ അടിച്ചമർത്തുകയും ചെയ്യും എന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

അതുകൊണ്ട്, സഭ, ഈ വിശ്വാസപ്രമാണത്തിന്റെ പുനർചിന്തനയുടെ ഈ നിർണായകവേളയിൽ, സഭയുടെ തന്നെ ശ്രേണിപരമായ ഘടന പുനഃപരിശോധിക്കാനും, ഒരു ക്രൂശിത ജീവിതരീതിയോടുള്ള പ്രതിബദ്ധത പുനഃസ്ഥാപിക്കാനും, ഒരു സമൂഹവുമില്ലാത്തവരെപ്പോലും ഉൾക്കൊള്ളുന്ന “വരാനിരിക്കുന്ന ഒരു മിശിഹസമൂഹത്തിനായി'' അതിന്റെ സമർപ്പണത്തെ പ്രതിഫലിപ്പിക്കുന്ന ഒരു പൊതു സാക്ഷ്യത്തിൽ ഏർപ്പെടാനുമുള്ള നിർണായക അവസരമായി ഈ ഘട്ടത്തെ കാണേണ്ടതുണ്ട്.

*(സി.ഐ.എസ്.ആർ.എസ്–ന്റെ ഓപ്പൺ ജേർണലിൽ പ്രസിദ്ധീകരിച്ച ചെറുലേഖനത്തിന്റെ ഭാഷാന്തരം)*

●




# ദൈവകൃപയുടെ തണലിൽ



**റവ.ഏബ്രഹാം മാത്യു**
**കീക്കൊഴൂർ**

ഇത്രത്തോളം യഹോവ സഹായിച്ചു. ദൈവം നടത്തിയ വഴികളും വിധങ്ങളും ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

ഞാൻ കൊച്ചുകോയിക്കൽ ട്രിനിറ്റി മാർത്തോമ്മാ ഇടവകാംഗമാണ്. കുടിയേറ്റ പ്രദേശമെന്ന നിലയിൽ ധാരാളം പരിമിതികളുടെ മദ്ധ്യത്തിലാണ് വളർന്നത്. കുടുംബത്തിന്റെ പട്ടിണി മാറ്റുക എന്ന ഒറ്റ ഉദ്ദേശ്യമായിരുന്നു പിതാക്കന്മാർക്കുണ്ടായിരുന്നത്. അതിനുവേണ്ടി അഹോരാത്രം മണ്ണിനോടും പ്രകൃതിയോടും വന്യമൃഗങ്ങളോടും മല്ലുപിടിച്ച് അതിജീവിച്ച ഒരു തലമുറയുടെ പിന്തുടർച്ചക്കാരനായി വളർന്നു.

തങ്ങളുടെ മക്കളും മണ്ണിനോട് പടവെട്ടി പട്ടിണിയില്ലാതെ ജീവിതം നയിക്കണമെന്ന ഉദ്ദേശ്യം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. അതിനുവേണ്ടി മക്കളുടെ എണ്ണം അനുസരിച്ച് വസ്തുക്കൾ ഉണ്ടാക്കി ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചു. അതിനപ്പുറം ഒരു ജീവിതമുണ്ടെന്നും മക്കളെ പഠിപ്പിക്കണമെന്നും ആഗ്രഹമുണ്ടായിരുന്നെങ്കിലും അതിനുള്ള സാഹചര്യമോ സാമ്പത്തിക ഭദ്രതയോ ഇല്ലാതിരുന്നതുകൊണ്ട് കൃഷി ചെയ്തു ജീവിക്കുക എന്ന ജീവനോപാധിക്കുവേണ്ടി മക്കളെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

എന്നാൽ കഠിനമായ അതിജീവനത്തിനിടയിലും കുടിയേറ്റ മേഖലകളിലെല്ലാം പുല്ലുമേഞ്ഞ ആരാധനാലയങ്ങൾ പണിത് ആരാധന, സണ്ടേസ്കൂൾ, പ്രാർത്ഥനകൾ എന്നിവയിലെല്ലാം കൈപിടിച്ച് ആത്മീയമായി വളർത്തി. രണ്ടും മൂന്നും മാസങ്ങൾ കൂടുമ്പോൾ ബഹുമാനപ്പെട്ട അച്ചന്മാർ പരിമിതമായ സാഹചര്യങ്ങളിൽ വന്ന് ശുശ്രൂഷ ചെയ്തത് അനുഗ്രഹവും പ്രചോദനവുമായിരുന്നു.

പ്രീഡിഗ്രി കഴിഞ്ഞ് ആ വർഷത്തെ വി.ബി.എസ് ആണ് ജീവിതത്തിൽ വഴിത്തിരിവായത്. മുന്നോട്ട് പഠിക്കുവാൻ നിർവ്വാഹമില്ലാതെ വഴിമുട്ടിയപ്പോൾ വി.ബി.എസ് ലീഡർ ശ്രീ. വില്യം ഏബ്രഹാമാണ് (ഇപ്പോൾ സി.എസ്.ഐ.പട്ടക്കാരൻ) മദ്രാസിലുള്ള ഹിന്ദുസ്ഥാൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.ടി.എച്ചിന് പോകുവാനും പഠിക്കുവാനും ആലോചനയും പ്രചോദന വുമായത്. അതിനുശേഷം പ്രകൃതിക്ഷോഭം മൂലം ഒറ്റപ്പെട്ടു പോയ മാങ്കുളം എന്ന കുടിയേറ്റ മേഖലയിൽ അഭിവന്ദ്യ സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചു. കാസയുടെ നേതൃത്വത്തിൽ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തും ചിതറികിടന്ന ചില മാർത്തോമ്മാ കുടുംബങ്ങളെ ഏകോപിപ്പിച്ചു. ഒരു വീടിന്റെ വരാന്തയിൽ ആരാധന ആരംഭിക്കുകയും പിന്നീട് 40 സെന്റ് ഭൂമി വാങ്ങി കാട്ടുകമ്പുകൾ ഉപയോഗിച്ച് പ്രാർത്ഥനാലയവും പണിത് ആരാധന തുടർന്നു. ഇന്ന് മനോഹരമായ ദൈവാലയവും പാഴ്സനേജും എല്ലാം അനുഗ്രഹീതമായ അനുഭവമായി.

തുടർന്ന് ലിയനോർഡ് തിയോളജിക്കൽ സെമിനാരിയിൽ ബി.ഡി പഠനം പൂർത്തിയാക്കി. കാസറഗോഡ് ബധിര വിദ്യാലയത്തിലും മണിപ്പാൽ ബഥേൽ ഹോമിലും വാർഡനായി പ്രവർത്തിച്ചത് വ്യത്യസ്തമായ ശുശ്രൂഷയും അനുഭവവുമായിരുന്നു.

1991 ആഗസ്റ്റ് 10-ാം തീയതി പട്ടം നൽകപ്പെട്ടു. സെക്കന്തരബാദ് ശാന്തിമന്ദിരം മിഷൻ ഫീൽഡിൽ 4 വർഷം പ്രവർത്തിച്ചത് അനുഗ്രഹമായിരുന്നു. ഒരു സംഭവം ഇന്നും മനസ്സിൽ നിൽക്കുന്നത് എഴുതട്ടെ. മിഷൻ പ്രവർത്തനത്തിനായി ആദ്യം പോയത് കാന്തിളഭം എന്ന ഗ്രാമത്തിൽ മറിയുമ്മ എന്ന വിശ്വാസിയുടെ ഭവനത്തിലാണ്. ചാണകം മെഴുകിയ ഒറ്റമുറി വീട്. പ്രാർത്ഥനയ്ക്കായി ആ വീട്ടിൽ പ്രവേശിച്ചു. സഹപ്രവർത്തകരായ പ്രിയ സുവിശേഷകർ പതിവുപോലെ അവർ കരുതിയ നവഭാരത് ന്യൂസ് പേപ്പർ തറയിൽ വിരിച്ച് ചെന്നപാടെ തറയിൽ ഇരുന്നു. പക്ഷേ അച്ചൻ എന്ന ഞാൻ ഒരു കസേര ലഭിക്കുമെന്ന പ്രതീക്ഷയിൽ ചുറ്റും നോക്കി. സുവിശേഷകർ ഊറിചിരിച്ചു. കാര്യം മനസ്സിലാക്കിയ മറിയുമ്മ അടുത്ത വീട്ടിലേക്ക് ഓടിയത് എന്റെ പ്രതീക്ഷ വർദ്ധിപ്പിച്ചു. മറിയുമ്മ മടങ്ങി വന്നത് ചുരുട്ടിപ്പിടിച്ച ഒരു ചാക്കുമായാണ്. അത് എന്റെ മുമ്പിൽ വിരിച്ച് ദയനീയമായി ഒന്നു നോക്കി. അല്പം ജാള്യത്തോടെ എന്റെ ഉള്ളിലുണ്ടായിരുന്ന അച്ചത്വം സകല സങ്കല്പങ്ങളും ആ ചാക്കിൽ കുടഞ്ഞിട്ട് ഇരുന്നു. പിന്നീടൊരിക്കലും അങ്ങനെയൊരാഗ്രഹം തോന്നിയിട്ടില്ല.

അങ്ങനെ സെക്കന്തരബാദിലെ പ്രവർത്തനം തുടരുമ്പോൾ ഒരു കത്ത് ലഭിച്ചു. രണ്ടു പേജിൽ നിറയെ കുത്തിക്കുറിച്ച ഒരു കത്ത്. ഡോ. ജോർജ് സാറിന്റെ കത്തായിരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും മെഡിസിൻ പാസായ ശേഷം താനും തന്റെ ഭാര്യ ഡോ. ശാന്തി ജോർജും തീരുമാനിച്ചു ഏതെങ്കിലും ഗ്രാമത്തിൽ മിഷനറി ഡോക്ടർമാരായി പ്രവർത്തിക്കണം. അന്വേഷണത്തിനൊടുവിൽ ചാഗലമാരി, നന്ദിയാൽ റായല സീമ ഏരിയായിൽ ആതുര ശുശ്രൂഷയും അതോടൊപ്പം സുവിശേഷ പ്രവർത്തനവും ആരംഭിച്ചു. ആ പ്രദേശം കാണുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ക്ഷണിച്ചു കൊണ്ടുള്ള കത്തായിരുന്നു. അങ്ങനെ ആദ്യമായി ഒരു മാർത്തോമ്മാ പട്ടക്കാരൻ ആ പ്രദേശം സന്ദർശിച്ചു. ഡോക്ടറോടൊപ്പം മിക്കവാറും ഗ്രാമങ്ങൾ സന്ദർശിച്ചു. തന്റെ പ്രവർത്തനങ്ങൾ തുടർന്ന് മാർത്തോമ്മാ സഭയുടെ സുവിശേഷ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കണമെന്ന് ആഗ്രഹിച്ചു. അഭിവന്ദ്യ തിയഡോഷ്യസ് തിരുമേനിയുടെ നിർദ്ദേശവും താല്പര്യവും അന്നത്തെ സുവിശേഷ പ്രസംഗ സംഘം ജനറൽ സെക്രട്ടറിയുടെ ആലോചന പ്രകാരവും സെക്കന്തരബാദ് മിഷനിൽ നിന്നും രണ്ട് സുവിശേഷകരെ പ്രാരംഭ പ്രവർത്തനത്തിനായി അയച്ചു. തുടർന്നാണ് മിഷനറിമാരെ നിയോഗിച്ചതും വേല തുടർന്നതും. ഇന്ന് സഭയുടെ വളരെ അനുഗ്രഹിക്കപ്പെട്ട വേലസ്ഥലമായി തീർന്നിരിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

പിന്നീട് മനസ്സിൽ തങ്ങി നിൽക്കുന്ന ഒരു

അനുഭവമാണ് ഗ്രാമജ്യോതി സ്കൂൾ കോർഡിനേറ്ററായി സഭ നിയമിച്ചത്. അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ 80-ാം ജന്മദിനം പ്രമാണിച്ച് ഗ്രാമങ്ങളിൽ 100 സ്കൂളുകൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ വടക്കേ ഇന്ത്യൻ ഗ്രാമങ്ങളിലെ സ്കൂളുകൾ ഏകോപിപ്പിക്കേണ്ട ചുമതലയായിരുന്നു. സീഹോറയിൽ താമസിച്ചുകൊണ്ടായിരുന്നു പ്രവർത്തനം. ഈ കാലയളവിൽ വടക്കേ ഇന്ത്യയിലെ മിക്കവാറും എല്ലാ ഇടവകകളും ഇടവകാതിർത്തിയിൽ പ്രവർത്തിച്ച മിഷൻ കേന്ദ്രങ്ങളും സന്ദർശിക്കുന്നതിന് അവസരം ലഭിച്ചത് ജീവിതത്തിൽ മറക്കാനാവാത്ത അനുഭവമാണ്. അതോടൊപ്പം നമ്മുടെ മിഷനറി അച്ചന്മാരും സുവിശേഷകരും ആത്മാർത്ഥമായി പ്രവർത്തിക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

2018 ലെ ജലപ്രളയം, നല്ല മഴ കൺകുളിർക്കെ കണ്ടു പമ്പയാറ്റിലേക്ക് നോക്കി, ഉയർന്നു വരുന്ന വെള്ളത്തിന്റെ മനോഹാരിത അവിസ്മരണീയമാണ്. ഒറ്റ രാത്ര ഇരുട്ടി വെളുത്തപ്പോൾ കാര്യങ്ങൾ എല്ലാം കൈവിട്ടു പോയി. ചുറ്റും വെള്ളത്താൽ നിറഞ്ഞ ദ്വീപുപോലെ അനുഭവപ്പെട്ടെങ്കിലും തുടർന്നു വരാനിരിക്കുന്ന ഭയാനകമായ സാഹചര്യം മനസ്സിലാക്കിയില്ല. പതുക്കെ പാഴ്സനേജിൽ വെള്ളം പ്രവേശിക്കും എന്ന് മനസ്സിലായപ്പോൾ ഒറ്റനിലയിലുള്ള വീടിന്റെ മുകളിൽ ഞങ്ങൾ കയറിയിരുന്നു. പതുക്കെ വെള്ളം ഉയർന്നു കൊണ്ടേയിരുന്നു. അങ്ങനെ പാഴ്സനേജിന്റെ ടെറസ്സിൽ വെള്ളം കയറാൻ തുടങ്ങിയപ്പോൾ അതിനു മുകളിൽ സുരക്ഷിത സ്ഥലം ഇല്ലെന്ന് കണ്ട് മരണമല്ലാതെ ഗത്യന്തരമില്ല എന്ന ചിന്ത ഞങ്ങൾ പങ്കിട്ടു. ഹൃദയംപൊട്ടിയുള്ള ഞങ്ങളുടെയും സമശിക്ഷാവിധിയിലുള്ള എല്ലാവരുടെയും പ്രാർത്ഥന ദൈവം കേട്ടു. രാത്രി മഴ കുറഞ്ഞു. വെള്ളം പതുക്കെ ഇറങ്ങാൻ തുടങ്ങിയത് പുതുജീവൻ ലഭിച്ച അനുഭവമാണ്. മൂന്നുദിവസം ഭക്ഷണമില്ലാതെ വലഞ്ഞു. അല്പം ആശ്വാസം ലഭിച്ചപ്പോൾ അയിരൂർ സെഹിയോൻ ഇടവകയിലെ അംഗങ്ങൾ വള്ളത്തിൽ രക്ഷപെടുത്തിയതും ഓർത്തു ദൈവത്തെ സ്തുതിക്കുന്നു.

ശുശ്രൂഷയ്ക്കായി സഭ ഏല്പിച്ച ഇടവകകൾ എല്ലാം വളരെ സാദ്ധ്യതകൾ ഉള്ള ഇടങ്ങളായിരുന്നു. വെല്ലുവിളികളും അതിനപ്പുറം ദൈവകൃപയും അനുഭവിച്ച നാളുകൾ ഓർത്തോർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുമ്പോൾ കഴിഞ്ഞ 33 വർഷത്തെ തിരിഞ്ഞുനോട്ടത്തിൽ ദൈവം നടത്തിയ വഴികളും വിധങ്ങളും നന്ദിയോടെ ഓർക്കുന്നു. ശുശ്രൂഷയിൽ ഒന്നിച്ച് ചുമലു നൽകിയ കുടുംബം, മക്കൾ എല്ലാം ഓർക്കുമ്പോൾ ഒന്നേ പറയാനുള്ളൂ. നിന്നതല്ല-നിർത്തിയതാണ്. നേടിയതല്ല - എല്ലാം തന്നതാണ്. ഈ കാലയളവിൽ അഭിവന്ദ്യ തിരുമേനിമാരിൽ നിന്നും സഹോദര പട്ടക്കാരിൽ നിന്നും ഇടവകജനങ്ങളിൽ നിന്നും ലഭിച്ച നിർലോഭമായ സ്നേഹത്തിനും കരുതലിനും ആലോചനയ്ക്കും നന്ദി. അതിലുപരി ദൈവത്തിന് സ്തോത്രം. തുടർന്നും ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ. ആരോഗ്യമുള്ളിടത്തോളം ആയിരിക്കുന്ന ഇടങ്ങളിൽ സുവിശേഷവേലയിൽ വർദ്ധിച്ചു വരുന്നതിന് ദൈവം ശക്തി നൽകട്ടെ എന്ന് ഒരിക്കൽ കൂടി പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. നന്ദി.


**MAR THOMA TEACHERS' TRAINING COLLEGE**

Edakulam, Ranni, Pathanamthitta (Dist), Kerala

(Affiliated to Mahatma Gandhi University and Approved by NCTE)

NAAC Accredited with 'A' Grade

E-Mail: marthomatrainingcollege@yahoo.co.in,

Website:marthomacollege.org Ph: 8281952071

Estd. 1995

**അപേക്ഷകൾ സ്വീകരിക്കുന്നു**

**റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള റാന്നി-ഇടക്കുളം, മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയ്നിംഗ് കോളജിൽ താഴെപ്പറയുന്ന ഒഴിവുകളിലേക്ക് യൂണിവേഴ്സിറ്റി നിയമപ്രകാരം യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.**

**2025 ഏപ്രിൽ 30ന് മുമ്പായി ബയോഡേറ്റായും, അനുബന്ധ രേഖകളുടെ കോപ്പിയും സഹിതം ഭദ്രാസന സെക്രട്ടറിക്ക് നൽകേണ്ടതാണ്.**

**1. Social Science (One Vacancy) 2. Warden (College Ladies Hostel)**

വാർഡനായി അപേക്ഷിക്കുന്നവർ കുറഞ്ഞത് 10-ാം ക്ലാസ് യോഗ്യത ഉണ്ടായിരിക്കണം. മുൻപരിചയമുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കും.

അപേക്ഷ അയക്കേണ്ട വിലാസം

Diocesan Secretary Ranni-Nilackal Dioese
Mandiram, Ranni-689672
E-Mail:raninilackal@marthoma.in
Ph:9747181974 (O)

2025-2027 ബാച്ചിലേയ്ക്കുള്ള **B.Ed** അപേക്ഷ ഫോം കോളേജ് ഓഫീസിൽ നിന്നും ഏപ്രിൽ ഒന്ന് മുതൽ ലഭിക്കുന്നതാണ്.

(English, Malayalam, Mathematics, Social Science, Physical Science,Natural Science.)

## സജീവ സേവനത്തിൽനിന്നും വിരമിക്കുന്ന പട്ടക്കാർക്ക് ഭദ്രാസനത്തിന്റെ ആദരവ്



റവ.എബ്രഹാം മാത്യു



റവ.തോമസ് പി.ചാണ്ടി



റവ.വി.ജി.മാത്യു



റവ.മാത്യൂസ് ചാണ്ടി







മിഷൻബോർഡിന്റെ ചുമതലയിൽ അയിരൂർ മാർത്തോമ്മ ഹൈസ്കൂളിൽ നടന്ന ഓറിയന്റേഷൻ ക്ലാസ്









മിഷൻ എക്സ്പോ – ഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചപ്പോൾ




# ദൈവിക കരുതലിൽ 41 വർഷം

**റവ.മാത്യൂസ് ചാണ്ടി**



**ഇടവക ജനങ്ങളുടെ പ്രാർത്ഥനയും സ്നേഹവും കരുതലും അനുഭവിച്ചത് അവർണ്ണനീയമാണ്. പലരുടെയും തെറ്റുകളെ സ്നേഹപൂർവ്വം പറഞ്ഞു തിരുത്തലിന് ഇടയാക്കിയതും ദൈവകൃപകൊണ്ടു മാത്രമാണ്. കുടുംബമായി സഭയിലെ മേല്പട്ടക്കാരിൽ നിന്നും സഹപട്ടക്കാരിൽ നിന്നും ലഭിച്ച സ്നേഹവും കരുതലും നന്ദിയോടെ സ്മരിക്കുന്നു.**

**മാർ**ത്തോമ്മാ സഭയുടെ വൈദികനായി കഴിഞ്ഞ 4 പതിറ്റാണ്ടിൽ അധികം സജീവ ശുശ്രൂഷ ചെയ്യുവാൻ ഇടയാക്കിയ ദൈവത്തിനു സ്തോത്രം. ഞാൻ പട്ടത്വ ശുശ്രൂഷയിൽ വരുവാൻ ആഗ്രഹിച്ചതല്ല. എനിക്ക് 11 വയസ്സുള്ളപ്പോൾ ഒരു മരത്തിൽ കയറി അതിന്റെ കൊമ്പ് ഒടിഞ്ഞ് വെട്ടിനിർത്തിയ ഒരു മരക്കുറ്റിയിൽ വീഴുകയും നെഞ്ചിന്റെ ഇടത്ത് വശത്ത് മരക്കുറ്റി ഒടിഞ്ഞ് ഹൃദയത്തിന്റെ തൊട്ട് അടുത്തായി എത്തി എങ്കിലും ദൈവം അതിൽ കൊള്ളുവാൻ ഇടവരുത്തിയില്ല സ്തോത്രം. ആ അനുഭവത്തിനു ശേഷം ലഭിച്ച, ആയുസ്സ് കർത്തൃശുശ്രൂഷയ്ക്കായി ആശുപത്രി കിടക്കയിൽ വച്ച് സമർപ്പിച്ചു. തുടർ ശുശ്രൂഷയിലും അപകടകരമായ പല അനുഭവങ്ങളിലും ദൈവകരുതൽ അനുഭവിച്ചു. ശുശ്രൂഷയുടെ ആദ്യകാലങ്ങളിൽ വാഹനം ഒന്നും ഇല്ലാതെയാണ് ശുശ്രൂഷ നിർവ്വഹിച്ചത്. ആരോഗ്യത്തോടെ വഴി നടത്തിയ ദൈവത്തിന് എത്ര നന്ദിപറഞ്ഞാലും മതിയാകില്ല. ശുശ്രൂഷ കാലയളവിൽ അനുവദി ക്കപ്പെട്ട അവധിപോലും പലപ്പോഴും എടുത്തിട്ടില്ല. ജനങ്ങളുടെ പശ്ചാത്തലം മനസ്സിലാക്കി അവരോട് ഇടപെടുവാൻ സാധിച്ചത് പ്രയോജനമായി. ഒരിക്കൽ വാഹനം സ്വന്തമായി ഇല്ലാതെ ഒരു ദളിത് പള്ളിയിലെ കൂട്ടായ്മയ്ക്കായി നടന്നുപോകുവാൻ അടുത്തുള്ള കവലയിൽ എത്തിയപ്പോൾ ആ ഇടവകയിലെ മദ്യപാന രോഗിയായ ഒരാൾ എന്നെ കണ്ടു. അച്ചൻ എന്തിന് നടക്കണം. അദ്ദേഹം ഓട്ടോക്കൂലി കൊടുത്ത് എന്നെ പള്ളിയിൽ എത്തിക്കുവാൻ ശ്രമിച്ചത് അദ്ദേഹത്തിന്റെ ഉള്ളിലെ നന്മകൾ വെളിപ്പെടുത്തുന്നതായിരുന്നു. മറ്റൊരു ഇടവകയിൽ പള്ളിയിലെ ശുശ്രൂഷകൻ മദ്യപാനം, പുകവലി തുടങ്ങിയ ദുശീലങ്ങൾക്ക് അടിമയായിരുന്നു. ഞാൻ അദ്ദേഹത്തോട് മദ്യപാനം, പുകവലി തുടങ്ങിയവ ഉപേക്ഷിക്കണം അത് ചേർന്നതല്ല എന്നു പറഞ്ഞിരുന്നു. അദ്ദേഹം എന്നോടു പറഞ്ഞത് കഴിഞ്ഞ മുപ്പതിലധികം വർഷം ഞാൻ ശുശ്രൂഷകനാണ്. എന്നോട് ആരും മദ്ബഹായിൽ അസിസ്റ്റ് ചെയ്യണ്ട എന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം ആദ്യം വിസമ്മതിക്കുകയും പിന്നീടും വിശുദ്ധ കുർബ്ബാനയിൽ അസിസ്റ്റു ചെയ്യുന്നത് തുടരുകയും ചെയ്തു. എന്നാൽ മൂന്ന് ദിവസം കഴിഞ്ഞ് അദ്ദേഹത്തിന് പനി വരികയും ആശുപത്രിയിൽ പ്രവേശിക്കുകയും ചെയ്തു. ഡോക്ടർ പറഞ്ഞു കരൾ കാൽ ഭാഗം മാത്രമേ ഉള്ളൂ. മദ്യപാനം പൂർണ്ണമായും ഉപേക്ഷിക്കണം എന്നു പറഞ്ഞു. ദൈവകൃപയാൽ ഡോക്ടറുടെ ഉപദേശം കൂടി ആയപ്പോൾ അദ്ദേഹം ആ അടിമത്വത്തിൽ നിന്നും വിടുതൽ പ്രാപിപ്പാൻ ഇടയാക്കിയ സംഭവം സന്തോഷകരമായ അനുഭവമായിരുന്നു. ഇടവക ജനങ്ങളുടെ പ്രാർത്ഥനയും സ്നേഹവും കരുതലും അനുഭവിച്ചത് അവർണ്ണനീയമാണ്. പലരുടെയും തെറ്റുകളെ സ്നേഹപൂർവ്വം പറഞ്ഞു തിരുത്തലിന് ഇടയാക്കിയതും ദൈവകൃപകൊണ്ടു മാത്രമാണ്. കുടുംബമായി സഭയിലെ മേല്പട്ടക്കാരിൽ നിന്നും സഹപട്ടക്കാരിൽ നിന്നും ലഭിച്ച സ്നേഹവും കരുതലും നന്ദിയോടെ സ്മരിക്കുന്നു. ദൈവിക സ്വഭാവം ജീവിതത്തിന്റെ വിവിധ അനുഭവങ്ങളിൽ രുചിച്ചറിയുവാൻ ഇടയായിട്ടുണ്ട്. തിരിഞ്ഞു നോക്കുമ്പോൾ ഇത്രത്തോളം ദൈവം സഹായിച്ചു എന്നു പറയുവാൻ മാത്രമേ കഴിയൂ. ദൈവാത്മാവ് ശുശ്രൂഷയ്ക്കായി ശക്തീകരിച്ചു. ദൈവിക ശുശ്രൂഷയ്ക്ക് എന്ന് യോഗ്യനാക്കിയ ദൈവകൃപയ്ക്ക് നന്ദി അർപ്പിക്കുന്നു. ദൈവരാജ്യ സേവനത്തിനായി തുടർന്നും നമ്മെ എല്ലാവരെയും ദൈവം ശക്തീകരിക്കട്ടെ. ●




# കരുതലും കൂട്ടായ്മയും



റവ. തോമസ് പി. ചാണ്ടി

41 വർഷങ്ങൾ ഒരേ മേഖലയിൽ മടുപ്പില്ലാതെ പ്രവർത്തിക്കുക ഈ കാലഘട്ടത്തിൽ അത്ര സാധാരണവും അത്ര ലളിതവുമല്ല. എന്നാൽ ദൈവരാജ്യത്തിന്റെ ശുശ്രൂഷ കർത്താവിന്റെ മുന്തിരി തോട്ടത്തിൽ എത്രയോ ആനന്ദകരമായിരുന്നു, അഭിമാനകരമായിരുന്നു. നീണ്ടകാലത്തെ ദൈവരാജ്യ ശുശ്രൂഷയ്ക്കു ശേഷം ഞങ്ങൾ ചില പട്ടക്കാർ സഭയിലെ സജീവ സേവനത്തിൽ നിന്നും വിരമിക്കുകയാണ്.

1984 ജൂൺ 10-ാം തീയതിയാണ് ഞാൻ കശ്ശീശയായി പട്ടം കെട്ടപ്പെട്ടത്. തുടർന്ന് പ്രവർത്തിച്ച വിവിധ ഇടവകകൾ, സ്ഥാപനകൾ എല്ലാം തന്ന ദൈവകൃപയുടെ ഇടങ്ങളായിരുന്നു. ഏറെ പരിമിതികൾ ഉള്ള കാലത്താണ് ശുശ്രൂഷ ആരംഭിച്ചത്. സ്വന്തവാഹനം ഇല്ല, വാഹന സൗകര്യം പരിമിതവും. പല വാഹനങ്ങൾ കയറിയിറങ്ങിയും നടന്നും അന്നു ചെയ്ത ശുശ്രൂഷകൾ ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. ഒരു ദേശത്തിന്റെ മുഴുവൻ വികാരിമാരായാണ് ആ കാലഘട്ടത്തിൽ പട്ടക്കാർ പ്രവർത്തിച്ചത്. ജാതിമത വേർതിരിവുകൾ ഇന്നത്തേതുപോലെ അന്നില്ല. അന്നു പ്രവർത്തിച്ച പ്രദേശങ്ങളിലുള്ള ഇതരമതസ്ഥർ ഇന്നും നമ്മെ തങ്ങളുടെ ഓർമ്മയിൽ സൂക്ഷിക്കുന്നു എന്നത് എത്രയോ അഭിമാനകരമാണ്.

നാലു മെത്രാപ്പോലീത്തമാരുടെ കാലഘട്ടത്തിലാണ് ഞാൻ സഭാ ശുശ്രൂഷ നിർവ്വഹിച്ചത്. സഭയുടെ വ്യത്യസ്തമായ നിലപാടുകൾ, പാരമ്പര്യങ്ങൾ, മുൻഗണനകൾ ഇന്നു ഗൗരവത്തോടെ സംരക്ഷിച്ച അവരോടൊപ്പമുള്ള പ്രവർത്തനങ്ങൾ, അതാത് ഭദ്രാസനങ്ങളിലെ എപ്പിസ്കോപ്പാമാർ നൽകിയ പിതൃതുല്യമായ കരുതലും നേതൃത്വവും ഏറെ ആദരവോടെ ഓർക്കുന്നു. പട്ടക്കാരുടെ ശുശ്രൂഷയുടെ കരുത്ത് സഹപട്ടക്കാർ നൽകുന്ന കരുതലും കൂട്ടായ്മയുമാണ്. അത് ആവോളം അനുഭവിക്കുന്നതിന് ഈ കാലഘട്ടങ്ങളിൽ ഞങ്ങൾക്ക് സാധിച്ചു. നൽകിയ സ്നേഹത്തിന്റെ അനേക മടങ്ങി തിരികെ തന്നവർ, തങ്ങളുടെ സുഖത്തിലും ദുഃഖത്തിലും ഒപ്പം നിന്ന ഇടവക വികാരിയെ ഒരിക്കലും മറക്കാത്തവരാണ് സാധാരണക്കാരായ മാർത്തോമ്മാ വിശ്വാസികൾ. പ്രവർത്തിച്ച എല്ലാ ഇടവകകളിലും എല്ലാ സംഘടനകളേയും പ്രോത്സാഹിപ്പിച്ചു. ഒപ്പം സണ്ടേസ്കൂളിനും യുവജന പ്രവർത്തനങ്ങൾക്കും മുൻഗണന നൽകി. മുടങ്ങാതെയുള്ള ഭവന സന്ദർശനവും ഇടവകാംഗങ്ങളോടുള്ള വ്യക്തിബന്ധവും ഏത് പ്രതിസന്ധികളേയും അതിജീവിക്കുന്നതിനുള്ള കൃപ നൽകി.

റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിൽ തുടർച്ചയായി 9 വർഷങ്ങൾ ശുശ്രൂഷ ചെയ്യുന്നതിനുള്ള അവസരം ലഭിച്ചു. അത് ഇടവകകളും ഒരു സ്ഥാപനവും. സഭ നിയോഗിച്ച ഇടങ്ങളിലൊക്കെ ദൈവം നൽകിയ കൃപയ്ക്ക് ഒത്തവണ്ണം സഭയുടെ സാക്ഷ്യത്തിന് കളങ്കം ഉണ്ടാകാതെ പ്രവർത്തിക്കുവാൻ പരമാവധി പരിശ്രമിച്ചു. എന്റെ പരിമിതികളും മാനസിക സംഘർഷങ്ങളും വളരെ ആയിരുന്നുവെങ്കിലും ബലഹീനതയിൽ തികഞ്ഞു വരുന്ന ദൈവകൃപയുടെ സമൃദ്ധി അനുഭവിക്കുവാൻ നീണ്ട 41 വർഷങ്ങളിൽ സാധിച്ചു. ദൈവത്തോടും സഭാനേതൃത്വത്തോടും സഹപട്ടക്കാരോടും വിശ്വാസി സമൂഹത്തോടും കുടുംബത്തോടും ഏറെ കടപ്പെട്ടിരിക്കുന്നു. യേശുക്രിസ്തുവിലേക്ക് മറ്റുള്ളവരെ ചേർത്തു നിർത്തുന്ന അനുഗ്രഹീതമായ സഭയുടെ ശുശ്രൂഷ ഫലകരമായി തുടരുന്നതിന് പട്ടത്വ സമൂഹത്തിന് തുടർന്നും സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. ●




# എന്നെ ശക്തനാക്കിയവൻ മുഖാന്തരം

## (പട്ടത്വ ശുശ്രൂഷ- ഒരു തിരിഞ്ഞുനോട്ടം)



റവ.വി.ജെ.മാത്യു

കഴിഞ്ഞ 41 വർഷത്തെ സഭാ ശുശ്രൂഷയിലേക്ക് നോക്കുമ്പോൾ ദൈവത്തോടും സഭയോടും ആത്മാർത്ഥമായ കൃതജ്ഞതയും ആഴത്തിലുള്ള സന്തോഷവും അതിരുകളില്ലാത്ത അഭിമാനമാണ് മനസ്സിൽ നിറയുക.ആത്മീയമായും സാമൂഹ്യമായും വൈകാരികമായും ഉള്ള വളർച്ചയുടെ നാളുകൾ. ഒരു യുവ പട്ടക്കാരനായി ഉത്സാഹത്തോടെ പ്രവർത്തിച്ച ദിനങ്ങൾ വ്യത്യസ്തങ്ങളായ വെല്ലുവിളികളും സന്തോഷകരമായ നന്മകളും അല്പം പ്രയാസ പ്രതിസന്ധികളും അനുഭവിച്ച സമാനതകൾ അധികമില്ലാത്ത ശുശ്രൂഷാ ഇടങ്ങൾ. ജനങ്ങളുടെ ഉയർച്ചതാഴ്ചകളിൽ അവരോടൊപ്പം സഞ്ചരിക്കുവാനും അവർക്കായി പ്രാർത്ഥിക്കുവാനും ലഭിച്ച അവസരങ്ങൾ. ദൈവവചനവും വിശുദ്ധ കൂദാശകളും ദൈവജനത്തെ വളർത്തുന്നതും ബലപ്പെടുത്തുന്നതുമായ സവിശേഷ അനുഭവങ്ങൾക്ക് സാക്ഷിയാകുവാൻ ലഭിച്ച നാളുകൾ.

മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം സുവിശേഷകൻ ശ്രീ വി. എം. ജോസഫിന്റെയും അന്നമ്മ ജോസഫിന്റെയും 5 മക്കളിൽ നാലാമനായി ജനനം. സുവിശേഷകന്റെ കുടുംബം ആയതിനാൽ പല ഇടങ്ങളിലുള്ള വിദ്യാഭ്യാസം. ചെറുപ്പം മുതൽ സുവിശേഷ പ്രവർത്തനങ്ങളിൽ താല്പര്യം ഉണ്ടായിരുന്നു.എന്നാൽ കുടുംബത്തിന്റെ സാമ്പത്തിക പരാധീനത തിരിച്ചറിഞ്ഞതിനാൽ ഒരു ജോലിയോടൊപ്പം സുവിശേഷ വേലചെയ്യുവാൻ ആഗ്രഹിച്ചു. ആയതിനാൽ ബികോം പാസായതിനുശേഷം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ജോലിക്കായി അപേക്ഷിക്കുകയും അതിനായുള്ള കാത്തിരിപ്പിന്റെ നാളുകളിൽ കൊമ്പാടി എ. എം. എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹ്രസ്വകാല വേദപഠനത്തിനായി ചേരുകയും ചെയ്തു.

അന്നത്തെ സന്നദ്ധ സുവിശേഷക സംഘം ജനറൽ സെക്രട്ടറിയും ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പലും ആയിരുന്ന ഭാഗ്യ സ്മരണീയനായ റവ. ജോൺ വർക്കി അച്ചന്റെ അവിചാരിതമായ ഇടപെടലിലൂടെ വൈദിക സെമിനാരിയിലേക്ക് മറ്റ് രണ്ട് സഹപാഠികളോടൊപ്പം അപേക്ഷ സമർപ്പിച്ചു.

വലിയവനായ ദൈവത്തിന്റെ സവിശേഷമായ കരുണയാൽ സഭ ആദ്യമായി ആരംഭിച്ച പ്രീ-തിയോളജി കോഴ്സിന് കൊമ്പാടിയിൽ പരിശീലനത്തിന് ശേഷം 1981 ജൂൺ മാസം കോട്ടയം വൈദിക സെമിനാരിയിൽ പഠനം ആരംഭിക്കുകയും തുടർന്ന് 1984 മെയ് മാസം 23-ന് ശെമ്മാശനായും ജൂൺ മാസം എട്ടാം തീയതി കശ്ശീശാ ആയും അഭിവന്ദ്യ ഡോ.തോമസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്ത പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിപ്പിച്ചു.1984 ജൂൺ 15ന് ഇടവക ശുശ്രൂഷയ്ക്കായി അന്നത്തെ മെത്രാപ്പോലീത്താ ഡോ.അലക്സാണ്ടർ മാർത്തോമ്മ മെത്രാപ്പോലീത്ത കൊട്ടാരക്കര ഓടനാവട്ടം മുതലായ ഇടവകകളിലേക്ക് നിയോഗിക്കുകയും ചെയ്തു. അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി ആയിരുന്നു അന്നത്തെ ഭദ്രാസന അധ്യക്ഷൻ. തുടർന്ന് സഭയിലെ ഏഴോളം തിരുമേനിമാരുടെ ഭദ്രാസനങ്ങളിൽ ശുശ്രൂഷ ചെയ്യുവാൻ ദൈവം ഭാഗ്യം നൽകി. കേരളത്തിലും നോർത്ത് ഇന്ത്യയിലും, യു.എസ്-ലും ആയി 15 ഇടങ്ങളിൽ പാർത്ത് 31 ഓളം ഇടവകകളിൽ ശുശ്രൂഷ ചെയ്യുവാൻ ദൈവം സഹായിച്ചു.

കൂടുതൽ നാളുകൾ ശുശ്രൂഷ ചെയ്തത് അഭിവന്ദ്യ ഡോ.ജോസഫ് മാർ ബർണബാസ് സഫ്രഗൻ തിരുമേനിയോടൊപ്പമായിരുന്നു എന്നത് അനുസ്മരിക്കുന്നു. എല്ലാ തലത്തിലും ഉള്ള ജനങ്ങളുടെ സഹകരണവും പ്രാർത്ഥനയും ശുശ്രൂഷയ്ക്ക് മുതൽക്കൂട്ടായിരുന്നു. എന്നാൽ ആരുടെയും അനർഹമായ പരിഗണനകൾ ആഗ്രഹിക്കാതെ ഇടവകയുടെ ചെറുതും വലുതുമായ ആവശ്യങ്ങൾക്ക് അനുസരണമായും ദൈവം നൽകിയ പ്രാപ്തിക്കനുസരിച്ചും ശുശ്രൂഷ ചെയ്തു. പൂർണ്ണത അവകാശപ്പെടുന്നില്ല. അപാകതകൾ വന്നിട്ടുണ്ടാകാം. എന്നാൽ ദൈവീക സ്വാധീനം മറ്റുള്ളവരിലേക്ക് പകരുവാനും സ്വയം അനുഭവിക്കുവാനും കഴിഞ്ഞു എന്നത് സന്തോഷകരമായ യാഥാർഥ്യം ആണ്. ശുശ്രൂഷയുടെ അവസാന നാളുകളിൽ രോഗത്താൽ ഭാരപ്പെട്ട് മരണത്തെ മുഖാമുഖമായി കണ്ടു 13 ദിവസങ്ങൾ വെന്റിലേറ്ററിൽ കഴിഞ്ഞു എങ്കിലും അനേകരുടെ പ്രാർത്ഥനയും സഭയുടെ കരുതലും അഭിവന്ദ്യ പിതാക്കന്മാരുടെ വാൽസല്യത്തോ ടുള്ള പ്രാർത്ഥനയും ശുശ്രൂഷയിലേക്ക് തിരികെ പ്രവേശിക്കുവാൻ ഇടയായതിൽ ദൈവത്തെ ആത്മാർത്ഥമായി സ്തുതിക്കുന്നു.

എന്റെ സഹധർമ്മിണി ഷീലാ മാത്യുവും മക്കളും അവരുടെ കുടുംബവും എല്ലാ അനുഭവങ്ങളിലും ആവശ്യമായ പിൻബലം നൽകി എന്നതും ശുശ്രൂഷാകാലം പൂർത്തീകരിക്കാൻ ഏറെ സഹായമായി ഭവിച്ചു. സഭയുടെ സജീവ ശുശ്രൂഷയിൽ നിന്ന് വിരമിക്കുമ്പോഴും സുവിശേഷവേലയിൽ നിന്നും ദൈവിക ശുശ്രൂഷയിൽ നിന്നും വിരമിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഞങ്ങൾ തിരിച്ചറിയുന്നു.

ശുശ്രൂഷയ്ക്കായി വിളിച്ച് ശക്തികരിച്ച് ദൈവത്തോടും ശുശ്രൂഷക്കായി വാതിൽ തുറന്നു തന്ന മാർത്തോമ്മാ സഭയോടും മറ്റ് എല്ലാവരോടും ഹൃദയംഗമായി നന്ദിയും കടപ്പാടും അറിയിക്കുന്നു. എന്നെയും എന്റെ കുടുംബത്തെയും ശക്തനാക്കിയവൻ മുഖാന്തരം എല്ലാം സാധ്യമായി. ദൈവത്തിന് സ്തോത്രം. തുടർന്നും എല്ലാവരു ടെയും പ്രാർത്ഥന അപേക്ഷിക്കുന്നു. ദൈവം സഭയിലൂടെ നമ്മെ എല്ലാവരെയും തുടർന്നും അനുഗ്രഹിക്കട്ടെ.





# പൂമ്പാറ്റകളുടെ നിറം മാറുകയോ?

**സി.ജെ. ഈശോ, റാന്നി**

**ക**വിഭാവനയിൽ പൂമ്പാറ്റകളാണ് കുഞ്ഞുങ്ങൾ. ഭാവന ചിറക് വിരിക്കുമ്പോൾ കവിയ്ക്കുണ്ടാകുന്ന ചോദ്യമുണ്ട് "പൂവുകൾ തെണ്ടും പൂമ്പാറ്റെ നിനക്ക് എന്ത് വെളിച്ചം. അതിന് കാരണം മഴവില്ലാണോ? പക്ഷേ ഇന്ന് കവി ചോദിക്കാവുന്ന ഒരു ചോദ്യമാണിത്. പൂമ്പാറ്റകളുടെ നിറം മാറുകയോ?

ഒരു വിദ്യാലയവർഷം അവസാനിക്കുകയും മറ്റൊന്ന് ആരംഭിക്കുകയുമാണ്. ഒരുകാലത്ത് വിദ്യാലയങ്ങളിലെ പൂമ്പാറ്റകളായി വിഹരിച്ചിരുന്ന വിദ്യാർത്ഥികളായ പൂമ്പാറ്റകളെ നിങ്ങൾക്ക് ഇന്ന് എന്തു സംഭവിച്ചു. 2025 മാർച്ച് 1-ാം തീയതിയിലെ പത്രമാണ് എന്റെ മുന്നിൽ. വാർത്തകളുടെ ബാഹുല്യമാണ് പത്രത്താളുകളിൽ. വർഷങ്ങൾക്ക് മുമ്പ് കൊലപാതക വാർത്തകളും ഭയാനക കാര്യങ്ങളും പത്രത്തിൽ വിരളമായിരുന്നു. കുട്ടികൾ അവ വായിച്ചാൽ ഭയന്നു പോകുമെന്ന ചിന്തയായിരുന്നു പിന്നിലെ കാരണം. എന്നാലിന്ന് മാറ്റങ്ങൾ സംഭവിച്ചു. അവിടെത്തന്നെ ഓർമ്മിപ്പിച്ചിരിക്കുന്നു 'ഇതൊക്കെ അവസാനിപ്പിച്ചേ തീരൂ'. കേരളത്തിലെ വിവിധ ഇടങ്ങളിൽ നടന്ന അക്രമസംഭവങ്ങൾ. എല്ലാം കൗമാരക്കാരായ വിദ്യാർത്ഥികളുടെ കൂട്ടത്തല്ലും, ലഹരിപ്പാർട്ടി വിവരങ്ങളും ക്രൂരമർദ്ദനവുമാണ്. എല്ലാം ചെയ്യുന്നത് സഹപാഠികൾ തമ്മിലാണ്. മുതിർന്നവർ ചോദിക്കുകയാണ് നമ്മുടെ ക്രമസമാധാനനില തകർന്നുവോ? സ്കൂളുകളുടേയും കോളേജുകളുടെയും പരിസരങ്ങൾ കലാപരംഗങ്ങളായി മാറുകയോ? ഇവിടെ നമുക്ക് വലിയ പിഴവ് പറ്റിയെന്ന് പറയേണ്ടിയിരിക്കുന്നു. തെറ്റുകൾ തിരുത്തേണ്ടത് അനിവാര്യമാണ്. ആരാണ് കുറ്റക്കാർ. നമുക്ക് നമ്മോട് തന്നെ ചോദിക്കാം.

ബാലനായ യേശുവിന്റെ വിദ്യാഭ്യാസം എപ്രകാരമായിരുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ അത് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് നാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശങ്ങൾ കേൾക്കയും അവരോടു ചോദിക്കുകയും

**നസ്രേത്തിലെ ജോസഫിന്റെ കുടുംബം നമുക്ക് എന്നും ഒരു മാതൃകയാകട്ടെ. ദൈവദർശനം ലഭിച്ച മാതാപിതാക്കളാൽ അനുഗ്രഹിക്കപ്പെട്ട ഒരു ഭവനമായിരുന്നു നസ്രേത്തിലെ ഭവനം. ഭവനത്തിലും സമൂഹത്തിലും വെളിച്ചം പരത്തി പൂമ്പാറ്റകളെപ്പോലെ വിരാജിച്ചിരുന്ന കുഞ്ഞുങ്ങൾ തമസ്സിന്റെ പിടിയിൽ പെടാതെ വെളിച്ചം പരത്തി മുന്നേറുവാൻ ദൈവം സഹായിക്കട്ടെ.**

ചെയ്യുന്നതു കണ്ടു (ലൂക്കൊ.2:46). ശരിയായ വിദ്യാഭ്യാസത്തിന്റെ ഒരു ലക്ഷണം ഗുരുക്കന്മാരുടെ മുമ്പിൽ ഇരിക്കുകയും കേൾക്കുകയും ചോദിക്കുകയും ചെയ്യുന്ന ഒരനുഭവം. ഇന്ന് അപ്രകാരം നടക്കുന്നുണ്ടോ? ഇതോ ക്ലാസ്സിൽ കയറാതെ എല്ലാം ചോദ്യം ചെയ്യപ്പെടുന്ന ഒരു സ്ഥിതി വിശേഷമോ?കുഞ്ഞുങ്ങൾ ഒന്നും ചെയ്യാതെ മറ്റാരോ ചെയ്തുകൊള്ളുമെന്ന ചിന്തയാണോ നമുക്ക്.

കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ പ്രക്രിയയിൽ മാതാപിതാക്കളുടെ പങ്ക് വലുതാണ്. കുട്ടികളുടെ പ്രഥമ പഠനശാലയാണ് ഭവനം. ക്രിസ്തീയ ഭവനം ഒരു ആത്മിക പാഠശാലയാണ്. ഭവനത്തിൽ മാതാപിതാക്കളെ ബഹുമാനിക്കാത്തവർ സഹോദരി സഹോദരന്മാരെ സ്നേഹിക്കാത്തവർ വിശാലമായ ലോകത്ത് മറ്റുള്ളവരെ എങ്ങനെ കാണും.

നസ്രേത്തിലെ ജോസഫിന്റെ കുടുംബം നമുക്ക് എന്നും ഒരു മാതൃകയാകട്ടെ. ദൈവദർശനം ലഭിച്ച മാതാപിതാക്കളാൽ അനുഗ്രഹിക്കപ്പെട്ട ഒരു ഭവനമായിരുന്നു നസ്രേത്തിലെ ഭവനം. ഭവനത്തിലും സമൂഹത്തിലും വെളിച്ചം പരത്തി പൂമ്പാറ്റകളെപ്പോലെ വിരാജിച്ചിരുന്ന കുഞ്ഞുങ്ങൾ തമസ്സിന്റെ പിടിയിൽ പെടാതെ വെളിച്ചം പരത്തി മുന്നേറുവാൻ ദൈവം സഹായിക്കട്ടെ. ●



# ജീവിതത്തെ ഉണർത്തുന്ന ദൈവിക സംഗീതം



**റവ. ഉമ്മൻ കെ. ജേക്കബ്**
Director DSM & C

" If Music wakes you up, make you think, heals you, then I guess the music is working..." ***A.R. Rehman***

**ആമുഖം**

സംഗീതത്തോളം ഹൃദയത്തെ സ്പർശിക്കുന്ന മറ്റൊന്നും ഇല്ല എന്നു പറയാം. എല്ലാ വികാരങ്ങളെയും പ്രതിഫലിപ്പിക്കാനും എല്ലാ വികാരങ്ങളെയും അഭിസംബോധന ചെയ്യാനും അതിന് പ്രത്യേക സിദ്ധി ഉണ്ട്. ശബ്ദത്തിന്റെ ഫ്രീക്വൻസിയാലുണ്ടാകുന്ന ക്രമാനുഗതമായ വ്യതിയാനങ്ങൾ ശബ്ദ-നാദ -സംഗീത ക്രമത്തിലേക്ക് പുരോഗമിക്കുകയാണ് ചെയ്യുന്നത്. വളരെ പ്രാചീനകാലം മുതലേ സംഗീതത്തിന്റെ വിശുദ്ധിയും ഗുണപരമായ കഴിവുകളും ശ്രദ്ധേയമായിട്ടുണ്ട്. ആത്മീയഭാഷിയായി സംഗീതത്തെ പരിഗണിക്കുന്നതോടൊപ്പം ആരാധനാ സംഗീതത്തിന്റെ വികാസവും കാലാന്തരത്തിൽ സംഭവിച്ചിട്ടുണ്ട്.

എല്ലാ മതങ്ങളിലും സംഗീതത്തിന്റെ ആകർഷണീയത ആരാധന-ഉത്സവ-കൂടിവരവുകളിൽ കൃത്യമായി ഉപയോഗിച്ചു പോന്നിട്ടുണ്ട്. ഏതൊരു മതത്തിന്റെയും വിശ്വാസം പ്രചരിപ്പിക്കാനും കൈമാറാനും സംഗീതം പോലെ വഴങ്ങുന്ന മറ്റൊരു മാദ്ധ്യമമില്ല.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആരാധനാക്രമീകരണത്തിൽ ദിവ്യസംഗീത ഞായർ മെയ് മാസത്തിന്റെ അവസാന ആഴ്ചയാണ്. അതിനോട് ബന്ധപ്പെട്ട ചിന്തകളും വായനകളും നിർദ്ദേശിക്കപ്പെടുന്നു. ജീവിതത്തിന് പുതിയ ഊർജ്ജം നൽകുന്ന സംഗീതം ദിവ്യ സംഗീത ദിനത്തിൽ പ്രാധാന്യത്തോടെ കാണുന്ന സംഗീതത്തിന്റെ അമൂല്യമായ ചില സ്വഭാവങ്ങൾ പരാമർശിച്ച് പോകുന്നതിന് ശ്രമിക്കുന്നു.

1. **Tranquality (സമാധാനം)**

ശാസ്ത്രീയമായി സംഗീതത്തെ പഠിക്കുമ്പോൾ വ്യത്യസ്തമായ സംഗീതരൂപങ്ങൾ, വ്യക്തികളുടെ സ്വഭാവവുമായി താരതമ്യപ്പെടുത്തി ഉപയോഗിക്കാൻ കഴിയൂ എന്ന് മനസ്സിലാക്കാൻ കഴിയും.

മാനസിക സമ്മർദ്ദങ്ങൾക്ക് പോംവഴിയായി സംഗീതത്തെ കാണുന്നുണ്ട്. സംഗീത ചികിത്സ (Music Therapy) യൊക്കെ ഈ കാര്യത്തിന്റെ ചുവടുപിടിച്ച് വരുന്നതാണ്. സംഗീതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സമയത്ത് അതിലെ തരംഗങ്ങൾ കേൾവിയിലൂടെ തലച്ചോറിനേയും അതിലൂടെ മനസ്സിനേയും ശരീരത്തിന്റെ പ്രവർത്തനങ്ങളേയും സ്വാധീനിക്കുന്നു. സമ്മർദ്ദമുള്ള സാഹചര്യത്തിൽ അതിന് ആനുപാതികമായ സംഗീതത്തിന്റെ കേൾവി ഹൃദയത്തിന് ശാന്തതയും സമാധാനവും നൽകുന്നു. ശ്രദ്ധിക്കുന്നതിലെ ധ്യാനാവസ്ഥ മനസ്സിനെ കുറച്ചൊന്നുമല്ല സഹായിക്കുന്നത്. ശുദ്ധ സംഗീതത്തിന്റെ ശ്രവണം ഒരാളുടെ സ്വഭാവത്തെത്തന്നെ മാറ്റിമറിക്കുന്നതാണ്.

2. **Temperance (സംയമനം)**

സംഗീത ചികിത്സയും ഗൗരവമായ കേൾവിയും സംഗീതധ്യാനവും ഒരാളുടെ ആകമാനമായ സ്വഭാവത്തെ കൂടുതൽ പ്രൗഢമാക്കുന്നതാണ്. തിടുക്കവും പെട്ടെന്നുള്ള ദേഷ്യപ്രകടനവും വികാര വിക്ഷോഭങ്ങളും ഒരു പരിധിവരെ നിയന്ത്രണവിധേയമാകുന്നതിന് സഹായിക്കും. മനസ്സിലും ആളത്വത്തിലും സംഭവിച്ചിട്ടുള്ള പരിക്കുകളും അശുദ്ധിയും സ്വാഭാവികമായി കാലാന്തരത്തിൽ സംഗീതത്തിന്റെ സാമീപ്യത്തിലൂടെ സൗഖ്യമാക്കപ്പെടും. സംഗീത വിദ്യാർത്ഥികളും സംഗീതജ്ഞരും ശുദ്ധ സംഗീതത്തിന്റെ ഈ പ്രക്രിയ അവരറിയാതെ തന്നെ വഹിക്കുന്നുണ്ട്. എല്ലാറ്റിലും മിതത്വവും സൗമ്യതയും ശാലീനതയും സ്വാഭാവികമായി പ്രകടിപ്പിക്കുവാൻ അവർക്കാകും.

3. **Tolerance (സഹിഷ്ണുത)**

സഹിഷ്ണുത എന്നാൽ ശാന്തമായി കാര്യങ്ങളെ ഉൾക്കൊള്ളുവാനുള്ള കഴിവാണ്. യാഥാർത്ഥ്യത്തെ തന്മയത്വത്തോടെ സ്വീകരിക്കുക എന്ന കഴിവ് സംഗീതത്തെ ഉപാസിക്കുന്നവർക്കും സംഗീതത്തെ ഗൗരവമായി എടുക്കുന്നവർക്കും കൂടുതലായി കാണപ്പെടുന്നുണ്ട്. അവരുടെ ഉൾകാഴ്ച വ്യത്യസ്തവും ലോകവീക്ഷണം വേറിട്ടതും ആയിരിക്കും. Relaxation Music പോലെയുള്ള സംഗീതത്തിന്റെ ധർമ്മവും ഇങ്ങനെയുള്ള മാനസിക തലത്തെ ദൃഢപ്പെടുത്തുക എന്നതാണ്. മാനസികാരോഗ്യത്തെക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു സാമൂഹിക പരിസരത്തിൽ സംഗീതത്തെ ജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു മാദ്ധ്യമമായി കണക്കാക്കേണ്ടത് ഏറെ അനിവാര്യമാണ്.

4. **Transformation (രൂപാന്തരം)**

സംഗീതത്തിന്റെ പരമപ്രധാനമായ ലക്ഷ്യം രൂപാന്തരമാണ്. വ്യക്തി -സാമൂഹിക- അവസ്ഥകളേയും തലങ്ങളേയും രൂപാന്തരപ്പെടുത്തുന്നതാണ്. എല്ലാ ആത്മീയചര്യകളും മനുഷ്യമനസ്സുകളുടെ രൂപാന്തരത്തെയാണ് കേന്ദ്രീകരിക്കുന്നത്. കേഴ്‌വി എന്നത് ശ്രദ്ധ ആവശ്യമായ കാര്യമാണ്. കേൾവിയിലൂടെ ബോധതലത്തെ കടഞ്ഞെടുക്കുവാൻ സംഗീതത്തിനാകും. അത്തരം ധ്യാനപൂർവ്വമായ ചിട്ട ജീവിതത്തിന് ദിശാബോധം നൽകും. മനസ്സിന്റെ ഉള്ളിൽ വന്ന് പതിക്കുന്ന നിഷേധാത്മക ചിന്തകളും മാലിന്യങ്ങളും സംഗീതത്തിന്റെ ശുദ്ധീകരണ പ്രക്രിയയിൽ പരിഹരിക്കപ്പെടുന്നതിന് കഴിയും.

**ഉപസംഹാരം**

ഏതുപ്രായത്തിലുള്ളവർക്കും സാധനയും അഭിനിവേശവും വ്യക്തിത്വത്തിൽ സാരമായ മാറ്റമുണ്ടാക്കും. പ്രാർത്ഥനപോലെ തന്നെ ആത്മാവിനെ വിശുദ്ധീകരിക്കുന്ന ചര്യയാണ് പാടുക എന്നതും. ഒരുമിച്ച് പാടുന്നതിലൂടെ, പാട്ടുകൾ കേൾക്കുന്നതിലൂടെ രൂപാന്തരത്തിന്റെ പ്രക്രിയയിലൂടെ സാദ്ധ്യമാകും എന്ന തിരിച്ചറിവ് നമ്മിൽ വളരട്ടെ. ●



**Namitha Abraham**
Salem Marthoma Church
Poovanpara Konni

# Graceful Lent: Embracing Fasting with Joyful Heart

*"God's love is limitless, and His forgiveness knows no bounds" 1 John 4:9-10,*

" This is how God showed His love among us: He sent His one and only Son into the world that we might live through Him".

This is love not that we loved God, but that He loved us and sent His Son as an atoning sacrifice for our sins

Reflecting on this great gift to mankind, we are reminded that Lent is not only about personal repentance but also about extending forgiveness to others, just as we have been forgiven. By sharing His love with those around us we fulfill the mission He has entrusted to us.

The season of Nature often mirrors the season of our hearts. Just as the Earth goes through cycles of renewal, growth ,decay, and rest, our emotional and spiritual lives experience similar rhythms. These natural transitions offer a profound way to understand our inner journeys, especially in the context of the Christian faith.

During the season of Lent, we experience a time of spiritual winter. It can be a period of regeneration. Like trees that shed their leaves, we let go of distractions and worldly comforts to prepare our hearts for renewal. This season might bring feelings of sorrow or introspection, but it's also a time of deep cleansing and transformation, just as winter prepares the earth for spring. After the barren stillness of winter, spring emerges with new life, much like the joy and hope that comes with Easter. Resurrection of Christ and the rebirth of our spirits blooms our hearts with gratitude, hope and renewal. We begin to feel the warmth of God's love more fully.

Summer reflects our times of growth, vibrancy and spiritual abundance, where we bear fruit in our faith, serving and loving others with zeal. Then comes autumn, a season of reflection, harvest, and sometimes a return to calm moments as we gather the fruits of our labour, giving thanks for God's blessings. Each season, whether one of joy or sorrow, growth or rest,is an opportunity to draw closer to God, letting each emotion deepen our relationship with Him. Lent is a season where we are reminded of Jesus' sacrifice on the cross, which opened the door for redemption and eternal grace for all who believe.

In Christian faith, we are called to be instruments of God's grace, reflecting His love,mercy and compassion in the world. As we grow in our relationships with God, we allow His Grace to flow through us to others. We became the conduits of His Divine power and kindness.

"Is not this the kind of fasting I have chosen: to loose the chains of injustice and untie the cords of the yoke, to set the oppressed free and break every yoke" Isaiah 58:9.


Each season, whether one of joy or sorrow, growth or rest, is an opportunity to draw closer to God, letting each emotion deepen our relationship with Him. Lent is a season where we are reminded of Jesus' sacrifice on the cross, which opened the door for redemption and eternal grace for all who believe.



This reminds us that true fasting is about breaking chains of injustice and serving those in need. As we walk through this sacred season, we understand that Lent is not just about giving up something but about preparing ourselves to live out God's purpose with love, dedication and faith. Lent provides an opportunity to detach from worldly distractions and seek God's guidance with renewed heart. It's a unique call to serve God and others.

●

# ഭരണഘടന @75: ഒരു വിലയിരുത്തൽ





**അഡ്വ. ശ്യാം ജെ. സാം**
കേരള ഹൈകോടതി

**ആമുഖം**

ഭാരതം 1947-ൽ സ്വാതന്ത്ര്യം നേടിയപ്പോൾ, ഒരു ജനാധിപത്യ രാജ്യമായി മാറുന്നതിനായി ശക്തമായ ഒരു ഭരണഘടനയുടെ ആവശ്യം ഉണ്ട് എന്ന് മനസ്സിലാക്കി. ഇതിന്റെ ഫലമായാണ് 1949 നവംബർ 26-ന് ഭരണഘടനാസഭ ഭാരത ഭരണഘടനയെ അംഗീകരിക്കുകും 1950 ജനുവരി 26-ന് പ്രാബല്യത്തിൽ വരികയും ചെയ്തത്. 75 വർഷങ്ങൾ പിന്നിടുമ്പോൾ, നമ്മുടെ ഭരണഘടനയുടെ യാത്രയും വിപുലീകരണവും വിലയിരുത്തുന്നത് പ്രധാനമാണ്.

**ഭരണഘടനയുടെ പ്രധാന സവിശേഷതകൾ**

1. **ലിഖിതഭരണഘടന :** ലോകത്തിലെ ഏറ്റവും വിപുലമായ ലിഖിതഭരണഘടനയാണ് ഭാരതത്തിന്റേത്.
2. **ജനാധിപത്യ, മതേതരത്വ, സാമൂഹ്യവാദം:** രാജ്യം ഒരു സ്വാതന്ത്ര്യ, സുസ്ഥിരമായ ജനാധിപത്യ പ്രഭുത്വമായി തുടരുന്നു.
3. **അടിസ്ഥാനാവകാശങ്ങൾ :** രാജ്യം എല്ലാ പൗരന്മാർക്കും സമത്വം, സ്വാതന്ത്ര്യം, സദാചാര സംരക്ഷണം എന്നിവ ഉറപ്പു നൽകുന്നു.
4. **അടിസ്ഥാന കർത്തവ്യങ്ങൾ:** പൗരന്മാർ രാജ്യത്തിന് മുമ്പിൽ ചെയ്യുന്ന ചുമതലകൾ നിർവചിക്കുന്നു.
5. **സ്ഥിരമായ പരിഷ്കാരങ്ങൾ:** ഭാവിയിൽ രാജ്യത്തിന്റെ വികസനത്തിനനുസൃതമായി ഭേദഗതികൾക്ക് ഒരുക്കം.

**75 വർഷത്തെ പരിവർത്തനം**

(1) പ്രധാന ഭേദഗതികളും നിയമവ്യവസ്ഥകളും:

ഭരണഘടനയുടെ ഭാഗമായി 100-ൽപ്പരം ഭേദഗതികൾ വരുത്തപ്പെട്ടിട്ടുണ്ട്. 42-ാം ഭേദഗതി (1976) ഭരണഘടനയുടെ സാമൂഹികവാദപരമായ ഘടകങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി. 73-ാം, 74-ാം ഭേദഗതികൾ ഗ്രാമ-നഗര സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകി.

(2) സുപ്രീംകോടതി വിധികളും നയപരിപാടികളും:

കേശവാനന്ദ ഭാരതി കേസിൽ (1973) ഭരണഘടനയുടെ അടിസ്ഥാന ഘടന മാറ്റാനാകില്ല എന്ന വിധി.

വിശാഖ കേസിൽ (1997) തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തിയ വിധി.

ആധാർ, ശബരിമല, റൈറ്റ് ടു പ്രൈവസി പോലുള്ള വിധികളും ഭരണഘടനയുടെ പരിണാമത്തിലൂടെ ഉയർന്നുവന്നു.

(3) ഭരണഘടനയും സാമൂഹ്യനീതിയും:

ദളിതർക്കും പിന്നോക്കക്കാർക്കും സംവരണ വ്യവസ്ഥ ശക്തിപ്പെടുത്തി.

സ്ത്രീ സുരക്ഷയ്ക്കായി നിയമങ്ങൾ രൂപീകരിച്ചു (ധൗഹിത്യവിരുദ്ധ നിയമങ്ങൾ, സ്ത്രീ സദാചാര സംരക്ഷണ നിയമങ്ങൾ).

വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ എന്നിവയിൽ ഭരണഘടന പരിഷ്കാരങ്ങൾ കൊണ്ടുവന്നു.

**ഭാവിയിലേക്ക്: ഭാവി വെല്ലുവിളികളും സാധ്യതകളും**

1. നാഗരിക സ്വാതന്ത്ര്യവും വ്യക്തിപരമായ ഗോപനീയതയും: ടെക്നോളജി വികസനത്തോടെ പുതിയ നിയമഭേദഗതികൾ ആവശ്യമാണ്.
2. ന്യായപരമായ വൈകിപ്പോകലുകൾ: കോടതികളിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടത് അനിവാര്യമാണ്.
3. ഭരണഘടനയുടെ രാഷ്ട്രീയ ദുരുപയോഗം: ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്.
4. പൗരന്മാരുടെ പങ്കാളിത്തം: ഭരണഘടനയുടെ സംരക്ഷണത്തിനായി ജനങ്ങൾ കൂടുതൽ സജീവമായി ഇടപെടണം.

**ഉപസംഹാരം**

ഭാരത ഭരണഘടന, 75 വർഷങ്ങൾ പിന്നിട്ടപ്പോൾ, അതിന്റെ ശക്തിയും താളപ്പിഴകളും വ്യക്തമാകുന്നു. ലോകത്തിലെ ഏറ്റവും മികച്ച ഭരണഘടനകളിൽ ഒന്നായിതന്നെ ഇത് ഇന്നും നിലനില്ക്കുന്നു. ജനാധിപത്യ മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടതും ഭാവിയിലേക്ക് മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതും നമ്മുടെ ഉത്തരവാദിത്തമാണ്.

**'ഭരണഘടന ഞങ്ങളുടെ മൂലധനം അതിന്റെ സംരക്ഷണവും പരിപോഷണവും നമ്മുടെ കടമ!'**

●



# GEN Z'S PREFERENCE IN THE DIGITAL ERA

**Dr. Annie Rajan, Ph.D.**

Associate Professor,Dhempe College.Goa.

While driving with my daughter, I asked, "I don't see you reading books." She replied, "I am Gen Z. We prefer visual representation." Her response made me pause and reflect on how education, communication, and learning have evolved over generations.

In an era dominated by digital media, traditional book reading for knowledge acquisition faces competition from visual content. Gen Z, born between the mid-1990s and early 2010s, has grown up in a world where smartphones, social media, and video platforms are integral to daily life. The rapid evolution of Artificial Intelligence (AI) is reshaping education, digital communication, and social responsibility. As a digitally native generation, Gen Z favors interactive and visual content over traditional text-based learning. Their information consumption habits, shaped by the digital revolution, lean toward images, videos, and interactive media rather than long-form text.

### The Shift from Text to Visual Content

This transition raises important questions: Is Gen Z reading? Is reading becoming obsolete? What does their preference for visual content mean for education and intellectual development? Should educators and parents adapt or reinforce traditional reading habits?

The digital age has changed how people consume information. Platforms like YouTube, Instagram, and Snapchat have made videos, images, and infographics the primary modes of communication. With the widespread availability of smartphones and high-speed internet, these platforms provide instant access to vast information. Gen Z, having grown up with digital devices, finds visual representation more natural than reading lengthy texts. Social media feeds are filled with engaging videos, memes, and graphics, offering quick, digestible content. Studies show Gen Z has an average attention span of around eight seconds, making traditional reading less appealing in a world of bite-sized information.

Unlike previous generations, which relied on books as primary sources of knowledge and entertainment,



Gen Z has diverse alternatives. E-books, audiobooks, podcasts, and video-based learning platforms have largely replaced printed books. While these alternatives improve accessibility, they may also reduce reading comprehension and patience for long-form content. Many Gen Z individuals struggle with lengthy articles or novels, preferring shorter, more direct sources of information.

### The Challenges of Visual Learning

Although visual learning has advantages, it presents challenges for educators. One major concern is the decline in critical thinking and deep reading skills. Reading books fosters patience, analytical thinking, and the ability to process complex ideas-skills that may be diminishing due to the prevalence of short-form visual content. Educators must balance incorporating visual tools while ensuring students retain essential reading and comprehension skills.

To address this shift, educational institutions should integrate visual learning methods into traditional curricula:

**Blended Learning:** Combining reading with multimedia elements such as videos, infographics, and interactive quizzes. **Gamification:** Using educational games and simulations to make learning engaging. **Audiobooks and Podcasts:** Encouraging students to listen to audiobooks alongside reading to enhance comprehension.

By incorporating visual learning tools without entirely replacing books, educators can cater to diverse learning preferences while preserving essential reading skills.

### Finding Balance Between Visual and Text-Based Learning

A key drawback of visual learning is its tendency to provide

quick, surface-level information. To counter this, students should be encouraged to engage in discussions, critical analysis, and deeper topic exploration:

* Analyzing and debating ideas from books and visual content.

* Assigning research projects requiring reading, writing, and multimedia integration.

* Teaching students to critically evaluate and analyze visual content.

Reading need not be confined to printed books. Digital platforms offer innovative ways to engage with text-based content. Websites like Medium, online journals, and digital libraries provide access to high-quality articles and research papers. Additionally, influencers and educational content creators can promote books and discussions on educational topics, making reading more appealing to Gen Z.

**Embracing the Evolution of Learning**

My conversation with my daughter made me realize that the shift toward visual learning is not necessarily negative-it is an evolution in knowledge consumption. Gen Z's preference for visual representation reflects the digital age they were born into, where information is dynamic, fast-paced, and highly accessible.

Rather than resisting this change, educators and parents should embrace it while preserving the intellectual benefits of traditional reading. By integrating visual learning methods with critical reading skills, we can create a balanced educational environment that caters to the strengths of modern learners. The future of education lies in adaptability. While books may no longer be the sole medium of knowledge acquisition, they still hold immense value. The challenge is ensuring that as society embraces new ways of learning, essential skills like deep comprehension, critical thinking, and analytical reasoning are not lost in the process.

**The Psychological and Cognitive Impact of Visual Learning**

One of the key aspects to consider when evaluating Gen Z's learning preferences is the psychological and cognitive impact of consuming predominantly visual content. Studies in neuroscience suggest that different modes of learning engage distinct cognitive pathways in the brain. While reading fosters deep comprehension and mental visualization, video-based learning strengthens pattern recognition and rapid information processing.

However, the reliance on short-form content could contribute to lower retention rates, as the brain may not process fragmented information as effectively as continuous narratives found in books. This raises the question: Is Gen Z's preference for visual content fostering a generation with a weaker ability to concentrate for extended time? If attention spans are indeed shrinking, what are the long-term consequences for careers that require extensive reading and critical thinking, such as law, medicine, and academia?

Another concern is the impact on creativity. Reading activates the imagination, allowing individuals to visualize scenes, characters, and abstract ideas. Watching videos, while engaging, presents pre-constructed imagery, which may limit independent imaginative thinking. Therefore, fostering creativity in Gen Z requires finding a balance between visual learning and deep reading experiences that allow for self-generated mental imagery.

**The Role of Technology in Enhancing Reading Engagement**

While digital media is often viewed as a threat to traditional reading habits, it can also be a tool to enhance engagement. Several tech-driven strategies can be implemented to encourage Gen Z to read more:

* Interactive E-books: Platforms such as Kindle and Apple Books offer enhanced e-books with embedded videos, annotations, and interactive quizzes.

* Virtual Reality (VR) Storytelling: Immersive storytelling through VR can blend the benefits of visual engagement with reading comprehension.

* Augmented Reality (AR) Literature: Books incorporating AR elements can bring stories to life, making reading a more engaging experience.

* Social Reading Platforms: Websites like Goodreads and apps like Wattpad encourage community-based reading experiences where users can discuss books, share reviews, and recommend reads.

**Redefining Literacy in the Digital Age**

As we move into an era where visual and textual literacy coexist, it is essential to redefine what it means to be "literate." Traditional literacy-being able to read and write proficiently-must now be expanded to include digital literacy. This means:

* Teaching students how to critically assess digital content, identifying credible sources from misinformation.

* Encouraging multi-modal literacy, where students can fluently interpret both textual and visual information.

* Emphasizing the importance of media ethics, including understanding the biases and influences of digital media.

The conversation with my daughter highlighted a fundamental truth: The way we acquire knowledge is evolving. Gen Z's preference for visual learning is not a sign of intellectual decline but rather an adaptation to the fast-paced, technology-driven world they inhabit. However, it is crucial to balance this new mode of learning with traditional reading to ensure the preservation of deep comprehension and analytical skills.

By integrating interactive digital tools with classical reading methods, we can create an educational framework that respects the strengths of both approaches. The goal is not to replace books but to redefine how knowledge is absorbed, ensuring that future generations remain critical thinkers, imaginative learners, and engaged global citizens. ●

# നോമ്പ്: ദൈവത്തോടും ദൈവസൃഷ്ടികളോടുമുള്ള സഹവാസം

**പ്രൊഫ. ഡോ. റോയ്സ് മല്ലശ്ശേരി**
(മുൻ പ്രിൻസിപ്പാൾ, സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി)



**ഉ**പവാസത്തിലൂടെ നയിക്കപ്പെടുന്ന സഹവാസമാണ് നോമ്പിന്റെ മുഖമുദ്ര. ക്രൂശീകരണത്തിലൂടെ സാധ്യമാക്കിയ ഉയിർപ്പിന്റെ അനുഭവം വലിയൊരു സഹവാസത്തിന്റെ സന്ദേശം വിളംബരം ചെയ്യുന്നു.

പ്രാർത്ഥന, സുഖലോലുപതയോടും-ആർഭാടത്തോടുമുള്ള ത്യജിക്കൽ, സഹോദര സമൂഹത്തോടുള്ള കരുതൽ എന്നിവ നമ്മെ ദൈവികസഹവാസത്തിനായി ഒരുക്കുന്നു. എന്നാൽ നോമ്പിന്റെ ആത്യന്തികലക്ഷ്യം ദൈവത്തോടും ദൈവസൃഷ്ടികളോടുമുള്ള സഹവാസമാണ്. ഉപവാസത്തിലൂടെ ലഭ്യമാകുന്ന ആത്മ പരിശോധനയും ഒരുക്കവും പുതുക്കവും വിശാലസഹവാസത്തിന് മാനസികമായി നമ്മെ സജ്ജരാക്കുന്നു. ഉപവാസം നമ്മിലുളവാക്കുന്ന പ്രതിഫലനം പശ്ചാത്താപത്തിന്റെയും അനുരഞ്ജനത്തിന്റെയും വഴികളിലേക്ക് നമ്മെ നയിക്കുന്നു. ഉപവാസം വൈയക്തികവും സഹവാസം സാമൂഹികവും ആണ്.

ദൈവത്തോടുള്ള സഹവാസം പൂർണ്ണമാകുന്നത് ദൈവസൃഷ്ടികളോടുള്ള സഹവാസത്തിലൂടെയാണ്. മനുഷ്യസമൂഹവും ജൈവവൈവിധ്യമുള്ള സസ്യലതാദികളും ജീവജാലങ്ങളും പ്രാപഞ്ചിക വസ്തുക്കളും പരിസ്ഥിതിയും ദൈവസൃഷ്ടികളിലുൾപ്പെടുന്നു. നോമ്പ് അതിവിശാലമായ സഹവാസത്തിലേക്ക് നമ്മെ ആഹ്വാനം ചെയ്യുന്നു.

മൂന്നു തലങ്ങളിൽ സഹവർത്തിത്വം നിർവ്വഹിക്കപ്പെടണം.
➢ ദൈവസ്നേഹത്തിന്റെ വാഹകർ ➢ ദൈവനീതിയുടെ പ്രവർത്തകർ ➢ ദൈവ ഇഷ്ടം ചെയ്യുന്നവർ. മനുഷ്യസമൂഹത്തിലും ഇതരജീവജാലങ്ങളുൾപ്പെടുന്ന പ്രകൃതിയിലും ദൈവകല്പിതമായ പരിസ്ഥിതിയിലും ദൈവസ്നേഹവും, ദൈവനീതിയും, ദൈവഹിതവും സാധ്യമാക്കുവാൻ നോമ്പ് നമ്മെ ശക്തരാക്കുന്നു. ഉപവാസത്തിന്റെ നിഷ്ക്രിയ മുഖത്തിൽനിന്ന് കർമ്മോത്സുകതയുടെ ആഘോഷത്തിലേക്ക് സഹവാസം നമ്മെ എത്തിക്കുന്നു.

**ക്രിസ്തുവിന്റെ സാർവ്വലൗകിക സാഹോദര്യപ്രഖ്യാപനം**

ദൈവ ഇഷ്ടം നിറവേറ്റുന്ന സമൂഹത്തെ ക്രിസ്തു സ്വന്തം സഹോദരരായും അമ്മയായും വിളംബരം ചെയ്യുന്നു. വിശുദ്ധ മർക്കോസിന്റെ സുവിശേഷം 3-ാം അദ്ധ്യായം 31 മുതൽ 35 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ സാർവ്വലൗകിക സഹോദരപ്രഖ്യാപനം കണ്ടെത്താം.

*"പുരുഷാരം അവന്റെ ചുറ്റുമിരുന്നിരുന്നു; അവർ അവനോട്; നിന്റെ അമ്മയും സഹോദരന്മാരും പുറത്തു നിന്ന് നിന്നെ അന്വേഷിക്കുന്നു എന്നു പറഞ്ഞു. അവൻ അവരോട്; എന്റെ അമ്മയും സഹോദരന്മാരും ആർ എന്നു പറഞ്ഞിട്ട് ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട് എന്റെ അമ്മയും സഹോദരന്മാരും ഇതാ, ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നെ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നുവെന്ന് പറഞ്ഞു".Christ's declaration on Universal brotherhood, sisterhood and motherhood.*

മതിലുകളും വിഭാഗീയതകളും ഇല്ലാത്ത വിശാലസഹവാസത്തിന്റെ പ്രകടമായ ഉദാഹരണം. തങ്ങളുടെ മാത്രം സ്വന്തമാണ് ക്രിസ്തു എന്ന സ്വാർത്ഥ അവകാശബോധവുമായി ചില സ്ഥാനങ്ങളിൽ ഇടിച്ചുകയറുന്ന മതാധിപന്മാർക്കും കപട ഭക്തിക്കാർക്കും ചുട്ട മറുപടിയാണ് ക്രിസ്തുവിന്റെ വിശ്വസാഹോദര്യ പ്രഖ്യാപനം.

**വിശ്വാസത്തിലൂടെ ദൈവമക്കൾ എന്ന പദവിയിലേക്ക്**

- പുരുഷാരത്തിന്റെ വ്യത്യസ്തകളേയും വൈവിധ്യങ്ങളേയും അതിജീവിക്കുന്ന ദൈവീകസ്വഭാവത്തെ വിശുദ്ധ പൗലോസ് എടുത്തുകാട്ടുന്നു. (ഗലാത്യർ 3:23-29)

*'യഹൂദരും യവനരും എന്നില്ല':* വിഭാഗീയത ദൈവമക്കളെ കണ്ടെത്തുന്നതിൽ ഒരിക്കലും ഇല്ല. അവരിൽ യഹൂദരും യവനനും എന്നില്ല. ശമര്യരും മോവാബ്യരും ജാതികളും കറുത്തവരും വെളുത്തവരും, ഏതു ഭൂഖണ്ഡത്തിൽപ്പെട്ടവരായാലും അവർ ദൈവമക്കളുടെ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നു. 'പ്രാദേശികത'യ്ക്ക് അർഹരാകുമ്പോൾ തന്നെ ക്രിസ്തു സാർവ്വദേശീയരെയും സാർവ്വസംസ്ക്കാരങ്ങളെയും സാർവ്വഭാഷകരേയും അംഗീകരിക്കുന്നു. (Cross Cultural spirituality).

*'ദാസനും സ്വതന്ത്രനും എന്നില്ല':* സൃഷ്ടിയുടെ തുടക്കം മുതൽ അടിമത്വവും ദാസഭാവവും സമൂഹത്തിന്റെ ഭാഗമായിരുന്നു. മതത്തിന്റെയും ന്യായപ്രമാണത്തിന്റെയും ഉന്നതകുലത്തിന്റെയും പേരിൽ ചിലരൊക്കെ സ്വതന്ത്രരും. പില്ക്കാലത്ത് ചില ലോകരാജ്യങ്ങളിൽ കേന്ദ്രീകരിച്ച രാഷ്ട്രീയ അമിതാധികാരത്തിന്റെ അടിച്ചേല്പിക്കലും, ലോകസമ്പത്തിന്റെ നീതിപൂർവ്വകമല്ലാത്ത വിതരണവും, ജാതിമതങ്ങളുടെ പേരിലുള്ള വർഗ്ഗീയതയും, ഉച്ചനീചത്വവും, അദ്ധ്യാത്മികതയുടെപേരിൽ നടന്ന മതാത്മകതയുടെ കടന്നുകയറ്റവും, ജനകോടികളെ അടിമകളാക്കി. ഇവരും ദൈവത്തിന്റെ മക്കളാണെന്ന പ്രഖ്യാപനം ഇവിടെ കണ്ടെത്താം.

*'ആണും പെണ്ണും എന്നില്ല':* പുരുഷനും സ്ത്രീയും എന്ന ലിംഗവ്യത്യാസം ദൈവീകപദ്ധതിയാണ്. ലിംഗവ്യത്യാസം ആരെയും ദൈവമക്കൾ എന്ന പദവിയിൽനിന്ന് മാറ്റിനിർത്തുന്നില്ല. ലിംഗവ്യത്യാസവും ലിംഗസമത്വവും പലപ്പോഴും തെറ്റായി നിർവ്വചിക്കപ്പെടുന്നു. (gender diversity and gender equality). തുല്യതയും അതുല്യതയും വേറിട്ട അർത്ഥതലങ്ങളാണ്. പുരുഷന്റെയും സ്ത്രീയുടെയും അതുല്യതകൾ (Uniqueness) സൃഷ്ടാവ് നൽകുന്ന വരദാനങ്ങളാണ്. അവകാശങ്ങളിൽ തുല്യതയ്ക്കായി ശബ്ദം ഉയർത്തുമ്പോഴും ദൈവം നൽകുന്ന അതുല്യതകളെ നിഷേധിക്കാൻ ആവില്ല.

സ്ത്രീയും പുരുഷനും പരസ്പരപൂരകമാണ്. ന്യൂനതകളെ തമ്മിൽ തമ്മിൽ പരിഹരിക്കുന്നു. (complementarianism) വ്യത്യസ്ത തലങ്ങളിൽ അവരുടെ അതുല്യത ബഹുമാനിക്കപ്പെട്ടു. എന്നാൽ തുല്യ അവസരങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെടരുത് (egalitarianism). ഗൗരവമായ പഠനം അർഹിക്കുന്ന ചിന്തകളാണ് ഇവ. ഭിന്നലിംഗസമൂഹത്തോടുള്ള സമീപനത്തിലും യാഥാർത്ഥ്യബോധവും ദൈവ ഇഷ്ടവും പ്രകടമാക്കണം. ദൈവമക്കൾ എന്ന പദവിയിലേക്ക് ഒരു തിരിച്ചുവരവ് അവർക്കും സാധ്യമാക്കണം.

**നോമ്പ് ഉയർത്തുന്ന വിശ്വശാന്തിയും കരുതലും**

മനുഷ്യസമൂഹത്തോടൊപ്പം ദൈവസൃഷ്ടികളാണ് ജൈവ വൈവിധ്യം (Biodiversity) പേറുന്ന സസ്യലതാദികളും, ജീവജാലങ്ങളും ഉൾപ്പെടുന്ന പരിസ്ഥിതി. ഇവയുടെ സംരക്ഷണവും ആവാസവ്യവസ്ഥിതിയുടെ നിലനില്പും നോമ്പ് പ്രഖ്യാപിക്കുന്ന വിശാല സഹവാസത്തിൽ ഉൾപ്പെടുന്നു. വന്യജീവികളും മനുഷ്യരും പ്രകൃതിയുടെ ഭാഗമാണ്. ഇവ തമ്മിൽ യുഗാന്തരങ്ങളായി നിലനിന്നിരുന്ന പൊരുത്തം നഷ്ടപ്പെടുന്നത് വന്യജീവികളോടും വനങ്ങളോടും വനസംസ്ക്കാരത്തോടും കാട്ടേണ്ട സഹവാസ മനസ്സിന്റെ അഭാവമാണ്.

നോമ്പ് ഉയർത്തുന്ന വിശ്വശാന്തിയുടെയും കരുതലിന്റെയും (Universal love & compassion) അനുഭവവും ദൈവസൃഷ്ടികളുമായി പങ്കിടണം. അതിവിശാലമായ ഈ സഹവാസദർശനമാണ് ദൈവരാജ്യത്തിന്റെ മുഖമുദ്ര. ●

# നോമ്പ്:
# അനുകമ്പയുടെയും ആത്മീയ വളർച്ചയുടെയും ഒരു യാത്ര



**അജീഷ് മാത്യു തോമസ്**
കോന്നി ഇമ്മാനുവേൽ എം. ടി. സി.

**നോ**മ്പുകാലം ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും കാലഘട്ടം മാത്രമല്ല; മറിച്ച് അത് ജീവിത പരിവർത്തനത്തിന്റെയാത്രയാണ്, ഒപ്പംതന്നെ ആത്മനിയന്ത്രണത്തിലൂടെയും,അനുകമ്പയിലൂടെയും, ആത്മീയ പ്രതിഫലനത്തിലൂടെയും ദൈവത്തോട് കൂടുതൽ അടുക്കാനുള്ള അവസരം കൂടിയാണ്. നമ്മെ മാനസികമായും ഭൗതികമായും അലട്ടുന്ന അസ്വസ്ഥതകളിൽ നിന്നു മാറിനിൽക്കാനും, ഹൃദയങ്ങളെ ആത്മശോധന ചെയ്യുവാനും, സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും മാതൃക കാട്ടിതന്ന ക്രിസ്തുവിന്റെ പാതയെ പിൻപറ്റുവാനുമുള്ള സമയമാണ് നോമ്പ്.


**എന്താണ് നോമ്പിന്റെ യഥാർത്ഥ അർഥം?**

മരുഭൂമിയിൽ യേശു ഉപവസിക്കുകയും പ്രാർത്ഥിക്കുകയും തന്റെ ശുശ്രൂഷയ്ക്ക് തയ്യാറെടുക്കുകയും ചെയ്ത നാൽപത് ദിവസങ്ങളാണ് നോമ്പുകാലത്തിന്റെ അടിസ്ഥാനം (മത്തായി 4:1–2). ലോകത്തിന്റെ എല്ലാം മേഖലകളിൽ നിന്നു മാറി ഏകാന്തതയോടെ തന്റെ പിതാവിനോടോപ്പം ആയിരിക്കുവാൻ വേണ്ടി യേശു മരുഭൂമിയിലേക്ക് പോകുന്നതുപോലെ നാമും ഇപ്രകാരം പ്രാർത്ഥനയ്ക്കും, അനുതാപത്തിനും, ജീവിതത്തെ പുതുക്കുന്നതിനും വേണ്ടി വിളിക്കപ്പെട്ടിരിക്കുന്നു. ലോക മോഹങ്ങളിൽ നിന്നും ഒഴിഞ്ഞു, ദൈവവുമായുള്ള ആഴമായ ബന്ധത്തിലും, മറ്റുള്ളവരെ എങ്ങനെ കരുതുന്നു എന്നതിലും നമുക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ

യെശയ്യാവു 58:6–7, ഇപ്രകാരം പറയുന്നു 'ഞാൻ തിരഞ്ഞെടുത്ത ഉപവാസം ദുഷ്ടതയുടെ ബന്ധനങ്ങളെ അഴിച്ചുമാറ്റുവാനും നുകത്തിന്റെ കെട്ടുകൾ അഴിച്ചുമാറ്റുവാനും അടിച്ചമർത്തപ്പെട്ടവരെ സ്വതന്ത്രരാക്കുവാനും എല്ലാ നുകങ്ങളെയും തകർക്കുവാനുമല്ലയോ? വിശക്കുന്നവരോട് നിങ്ങളുടെ അപ്പം പങ്കിടുകയും വീടില്ലാത്ത ദരിദ്രനെ നിങ്ങളുടെ വീട്ടിലേക്ക് കൊണ്ടുവരികയും നഗ്നനായി കാണുമ്പോൾ അവനെ മറയ്ക്കുകയും സ്വന്തം മാംസത്തിൽ നിന്ന് നിങ്ങളെത്തന്നെ മറയ്ക്കാതിരിക്കുകയും ചെയ്യുന്നതല്ലേ? നോമ്പുകാലം കേവലം നിസ്സാരമായ എന്തെങ്കിലും ഉപേക്ഷിക്കുന്നത് മാത്രമല്ല, അത് നമ്മെത്തന്നെ നമ്മുടെ സമയവും, സ്നേഹവും, അനുകമ്പയും മറ്റുള്ളവർക്ക് പകർന്നു നല്കുന്നതു കൂടെയാണ്

**ഒരു ഹൃദയസ്പർശിയായ അനുഭവം**

കുറച്ച് വർഷങ്ങൾക്ക് മുമ്പ്, നോമ്പുകാലത്ത് മേരി എന്ന പ്രായമായ ഒരു സ്ത്രീയെ ഞാൻ കാണാൻ ഇടയായി, എന്റെ പള്ളിക്കടുത്തുള്ള ഒരു ചെറിയ വീട്ടിൽ ഒറ്റയ്ക്ക് താമസിച്ചിരുന്ന വിധവയായിരുന്നു അവർ. അവർ എല്ലായ്പ്പോഴും പള്ളിയിലെ അവസാനത്തെ ബെഞ്ചിൽ ഇരുന്ന് വളരെ ഭക്തിയോടെ പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടിടുണ്ട്. ഒരു ദിവസം നോമ്പ് സന്ധ്യ നമസ്കാരം കഴിഞ്ഞ് ഞാൻ അവരുടെ അടുത്തേക്ക് നടന്ന് സംഭാഷണം ആരംഭിച്ചു. നോമ്പുകാലം എല്ലായ്പ്പോഴും അവരുടെ ജീവിതത്തിന്റെ ഒരു പ്രധാന ഭാഗമാണ് എന്ന് എന്നോട് പറഞ്ഞു. സംഭാഷണത്തിലൂടെ എനിക്ക് ഒരു കാര്യം മനസിലാക്കാൻ സാധിച്ചു. അവൾ ഉപവസിക്കുന്നതും, പ്രാർത്ഥിക്കുന്നതും സ്വന്തം ആത്മാവിന് വേണ്ടി മാത്രമല്ല, സമൂഹത്തിൽ പലവിധമായ കഷ്ടത അനുഭവിക്കുന്നവർക്ക് വേണ്ടിയാണ്. മേരിക്ക് ലളിതമായ നോമ്പുകാല ജീവിതശൈലി ഉണ്ടായിരുന്നു. നോമ്പ് കാലത്ത് ഒരു നേരം മാത്രം ഭക്ഷണം കഴിച്ചിരുന്ന അവർ, ആ ഒരു നേരത്തെ കുറഞ്ഞ അളവിലുള്ള ആഹാരം നാട്ടിലുള്ളവരെ നരഹിതനായ ഒരാളുമായി അത് പങ്കിടുന്നത് ഞാൻ



ശ്രദ്ധിച്ചു. അവൾക്ക് കൂടുതലൊന്നും ഉണ്ടായിരുന്നില്ല, പക്ഷേ തനിക്കുള്ളവയിൽ നിന്നും മറ്റുള്ളവർക്ക് പങ്കിടുന്നത് അവരുടെ സന്തോഷമായിരുന്നു. അവരുടെ ഈ ശീലം എന്നെ മത്തായി 25:35–36–ലെ യേശുവിന്റെപ്രബോധനത്തെ ഓർമ്മിപ്പിച്ചു. 'എനിക്കു വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നു; ഞാൻ അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തുകൊണ്ടു; നഗ്നനായിരുന്നു, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായിരുന്നു, നിങ്ങൾ എന്നെ കാണാൻ വന്നു; തടവിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കൽ വന്നു.' മേരിയുടെ ഈ നല്ല ശീലം ആ നോമ്പ്കാലം എനിക്ക് ഒരു പ്രചോദനമായി മാറി സമാനമായ എന്തെങ്കിലും ചെയ്യാൻ ആവശ്യത്തിലിരിക്കുന്നവരെ സേവിക്കാൻ ഞാൻ ശ്രമിച്ചു. അടുത്തുള്ള പാലിയേറ്റീവ് കേന്ദ്രത്തിൽ സന്നദ്ധപ്രവർത്തനം ആരംഭിച്ചു, അവരെ പരിപാലിക്കാൻ ആരുമില്ലാത്ത ആളുകളുമായി സമയം ചെലവഴിക്കാനും സാധിച്ചു. അന്ന് നടത്തിയ ആ ശീലം എന്റെ ജീവിതത്തിൽ ആജീവനാന്തപാഠമായി. നോമ്പ് എന്നത് ശൂന്യതയെ സ്നേഹവും ദയയും കൊണ്ട് നിറയ്ക്കുക എന്നത് കൂടിയാണ്. നാം ഉപവസിക്കുമ്പോൾ, അത് നമ്മുടെ ശക്തി കാണിക്കാനല്ല, മറിച്ച് ദൈവത്തെ നാം എത്രമാത്രം ആശ്രയിക്കുന്നു എന്ന് മനസിലാക്കാൻ ആണ്. പ്രാർത്ഥിക്കുന്നത് അനുഗ്രഹത്തിനു വേണ്ടി മാത്രം ആകരുത്, ദൈവ ശബ്ദം ശ്രവിക്കാൻ കൂടിയാവണം.

മറ്റുള്ളവർക്ക് എന്തെങ്കിലും നൽകുമ്പോൾ, തിരികെ ഒന്നും പ്രതീക്ഷിച്ചു കൊണ്ടാവരുത്, മറിച്ചു ദൈവ സ്നേഹം പ്രതിഫലിക്കുന്നതിനു വേണ്ടിയാവണം.

**നോമ്പ് കാലത്തിലൂടെ നാം സഞ്ചരിക്കുമ്പോൾ ഇപ്രകാരം ഓർക്കണം**

1. കൈപ്പിന്റെ അവസ്ഥയിൽ നിന്നും, ഹൃദയത്തെ ക്ഷമയാൽ നിറക്കുക (എഫെസ്യർ 4:31-32) 'എല്ലാ കൈപ്പും കോപവും ക്രോധവും ഏറ്റവും ഭൂഷണവും സകലദുർഗുണവുമായി നിങ്ങളെ വിട്ടു ഒഴിഞ്ഞുപോകട്ടെ. നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.'
2. സ്വാർത്ഥത വെടിഞ്ഞു. മറ്റുള്ളവർക്കു വേണ്ടി മഹാമനസ്കതയോടെ ദാനങ്ങൾ നൽകുക. (ലൂക്കോസ് 6:38) 'കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.
3. പലതര വിചാരങ്ങൾ വിട്ടു, ദൈവവചനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുക. (സങ്കീർത്ത നങ്ങൾ 119:105) നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പ്രകാശവും ആകുന്നു.

നോമ്പ് നമ്മെ ഏറ്റവും വലിയ ലക്ഷ്യസ്ഥാനമായ ഈസ്റ്ററിലേക്ക് നയിക്കുന്നു. ഈസ്റ്റർ എന്നത് പാപത്തിനും മരണത്തിനും മേലുള്ള ക്രിസ്തുവിന്റെ വിജയമാണ്, പാപത്തിന്റെ പടുകുഴിയിൽ നിന്നും രക്ഷപെട്ട മനുഷ്യ കുലത്തിന്റെ വിജയമാണ്. ഈ വിശുദ്ധകാലം നമ്മെ രൂപാന്തരപ്പെടുത്തുകയും നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുകയും അവിടുത്തെ അതിരുകളില്ലാത്ത സ്നേഹത്താൽ നമ്മെ നിറയ്ക്കുകയും ചെയ്യട്ടെ. വിശ്വാസത്തോടും പ്രത്യാശയോടും അനുകമ്പ നിറഞ്ഞ ഹൃദയത്തോടും കൂടി നമുക്ക് ഈ പാതയിലൂടെ നടക്കാം.



**എസ്തേർ മിറിയം സിബി**



# ക്രൂശിൻ നിഴലിൽ

**1 കൊരി 15:3**

ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. ഒരു നോമ്പുകാലം കൂടി വരവായി. വെറുതെ നാം നോമ്പു നോക്കുകയല്ല. യേശുക്രിസ്തു നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി ക്രൂശിൽ മരിച്ചു. മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു നമുക്കു വേണ്ടി ഇന്നും ജീവിക്കുന്നു എന്ന ഉത്തമ ബോധ്യത്തോടു കൂടിയാണ് നാം ഓരോ നോമ്പും അനുഷ്ഠിക്കുന്നത്. യേശു തന്റെ ശിഷ്യന്മാരെ അവസാനത്തോളം സ്നേഹിച്ചു. തന്റെ ക്രൂശീകരണത്തിന്റെ തലേരാത്രി യേശു തന്റെ ശിഷ്യന്മാരോടു കൂടി പെസഹാ ആചരിച്ചു. അതിനുശേഷം തന്റെ ശത്രുക്കളുടെ കൈയ്യിൽ ഏല്പിക്കപ്പെട്ട് മരിക്കുമെന്നും തന്റെ ശിഷ്യന്മാരിൽ ഒരാൾ തന്നെ ഒറ്റിക്കൊടുക്കും എന്നുപറഞ്ഞു.

പരസ്പരം സ്നേഹിക്കുകയും കരുതുകയും മറ്റുള്ളവരുടെ പ്രയാസങ്ങളിൽ പങ്കുചേരുകയും ചെയ്യണം നാം. ഒരുവന്റെ വേദന തന്റെയും വേദനയാണ് എന്ന് നാം തിരിച്ചറിയുമ്പോഴാണ് നാം യഥാർത്ഥ മനുഷ്യ നാകുന്നത്. കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നൊരു ലോകത്താണ് നാം ജീവിക്കുന്നത്. പത്രമാദ്ധ്യമങ്ങളിലൂടെ നാം ദിവസവും കേൾക്കുന്ന വാർത്ത മനുഷ്യമനസ്സുകളെ മരവിപ്പിക്കുകയാണ്. കുട്ടികൾ മാതാപിതാക്കന്മാരുടെ കരങ്ങളിൽ സുരക്ഷിതരല്ല. സ്വന്തം ഭവനങ്ങളിൽ സമൂഹത്തിൽ സുരക്ഷിതരല്ലാത്ത ഒരു കാലഘട്ടത്തി ലൂടെയാണ് നാം കഴിയുന്നത്. പ്രധാനമായും അതിന് കാരണം യഥാർത്ഥമായ ക്രിസ്തുവിനെ അറിയുന്നില്ല എന്നതാണ്. അതുപോലെ തന്നെ മാതാപിതാക്കളെ വേണ്ടാത്ത മക്കൾ. വാർദ്ധക്യത്തിൽ മക്കളാൽ ഉപേക്ഷിക്കപ്പെടുന്ന മാതാപിതാക്കൾ. വൃദ്ധസദനങ്ങളുടെ എണ്ണം കൂടി വരികയാണ്.

ഈ നോമ്പുകാലത്ത് മറ്റുള്ളവരെ കരുതുന്ന മക്കളായി നമുക്ക് പുതിയ തീരുമാനമെടുത്ത് ജീവിക്കാം. നാം ചെയ്യുന്ന പാപത്തിന്റെ ശിക്ഷയായി നാം മരണശിക്ഷ അനുഭവിക്കേണ്ടതാണ്. അതിനു പകരമായി യേശു നമുക്കു വേണ്ടി മരിച്ചു. ഉറപ്പും, ധൈര്യവും, പ്രത്യാശയും ഉള്ളവരായി നമുക്ക് ജീവിക്കാം. യേശുവിൽ വിശ്വസിച്ച് നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമ്മെ ദൈവമക്കളായി തീർക്കുവാൻ യേശുവിന് കഴിയും. നല്ലൊരു നാളേയ്ക്കായി നമുക്ക് ഒരുമിച്ച് പ്രാർത്ഥിച്ച് മുന്നേറാം. ദൈവം നമ്മെ ഓരോരുത്തരേയും ധാരാളമായി അനുഗ്രഹിക്കട്ടെ. ആമേൻ.

# A CALL TO SACRED STEWARDSHIP

***What if our faith could reshape how we treat the earth? The Church is entrusted with leading the way, practicing sustainable living and honoring creation. Are we ready to take action?***

God said to Adam, '*Subdue the earth and have dominion over it'* (Genesis 1:28). And he entrusted humanity with a sacred responsibility - one of stewardship, not exploitation. Yet, centuries later, creation groans under the weight of our negligence. The floods of 2018, the landslides of 2024, and the rising global temperatures are not mere coincidences; they are the consequences of our thoughtless intrusion upon the earth. Pollution, deforestation, and climate change disproportionately impact the poor - those whom Christ calls us to protect. In this crisis, the Church cannot remain a mere observer. We are a divinely commissioned steward of God's creation. As Psalm 24:1 reminds us, "The earth is the Lord's and everything in it," and we are but caretakers.

**Church and care for creation**

Throughout history, the Church has led movements for justice—abolition, education, healthcare, Now, face a new challenge: ecological injustice. Many feel that climate change is beyond their control, but inaction today will weigh heavily on future generations. As Dia Mirza, UN Environment Goodwill Ambassador, stated during the 2025 World Sustainable Development Summit, "The greatest gift we can give future generations is a safe and beautiful earth." Every small action matters, and as a Church, we are called to lead by example.

**Living light and learning right**

Our ancestors lived sustainably. In days past, food waste became compost. It fed both land and livestock. Waste was minimal. Today, with the rise of plastic packaging, we



resort to unhealthy disposal methods like burning waste, harming both the environment and our health. Though social mechanisms such as the Green Task Force of Kudumbashree exist, true change lies in a lifestyle shift. Sacred stewardship calls us to rethink our habits. We need to rethink our everyday routine and reach our roots. Church and our community are reorienting tools for learning right and living light.

**Call to conscience and steps to change**

***1. When less is more***



Fast fashion, endless gadgets, oversized homes, and impulsive shopping have driven us into a consumerist culture that damages the earth. Every product we purchase contributes to carbon emissions, leading to further climate deterioration. Jesus exemplified simplicity, relying on wisdom rather than wealth. Luke 12:15 warns, "Watch out! Be on your guard against all kinds of greed; life does not consist in an abundance of possessions." As a Church, let us embrace a simpler life—one where we reuse and

repurpose until items truly reach the end of their lifespan.

***2. A Zero-Waste lifestyle***

A common misconception is that replacing plastic with glass or steel solves the problem. However, the deeper issue lies in how we consume and discard. The Great Pacific Garbage Patch, a massive accumulation of plastic waste, is evidence of our poor disposal habits. Studies show that only 9% of plastic ever produced has been recycled, while 79% remains on earth, polluting ecosystems. Instead, let us aim for a zero-waste lifestyle. Some families have begun composting food waste. Others shop at zero-waste stores, bringing reusable containers, much like our grandparents did when purchasing oil in their own bottles. As Proverbs 12:27 states, "The diligent make use of everything they find." Conscious living means minimizing waste in every possible way.

***3. Green gatherings***

Our gatherings—baptisms, weddings, funerals, and festivals—often generate enormous waste. Imagine if every celebration honored creation! We can use washable plates instead of disposables, cloth or cardboard banners instead of plastic ones, and refillable glass bottles instead of single-use plastic. If every church event included tree planting, imagine the green legacy we would leave. Psalm 96:12 envisions, "Let the fields be jubilant, and everything in them; let all the trees of the forest sing for joy." Let our celebrations reflect this joy of creation.

***4. Conscious construction***

As temperatures rise, the demand for air conditioners grows, yet these appliances further contribute to global warming. The Paris Agreement urges us to limit global warming to 1.5°C, requiring reduced energy consumption. Renowned architect Laurie Baker designed homes with natural cooling techniques, eliminating the need for artificial cooling. Similarly, IIT Professor Chetan Singh Solanki promotes energy conservation by simple acts like avoiding unnecessary ironing of clothes. As stewards, let us prioritize sustainable construction, using natural ventilation and materials that reduce environmental impact.

**Every great change begins with one person, one church, one community, one nation, and ultimately, the world. If we, as a faith community, take small steps toward sustainability, we will leave a lasting impact.**

***5. Thoughtful travels***

Travel is a dream for many, yet transportation is a major contributor to carbon emissions. Using public transport, cycling, walking, and limiting unnecessary trips can significantly reduce our footprint. Technology allows for virtual meetings, reducing the need for long-distance travel. As Romans 12:2 urges, "Do not conform to the pattern of this world, but be transformed by the renewing of your mind." Let us rethink the way we move through the world.

**Collective faith in action**

Every great change begins with one person, one church, one community, one nation, and ultimately, the world. If we, as a faith community, take small steps toward sustainability, we will leave a lasting impact.

As stewards, our dominion over the earth must reflect care, not destruction. Faith blended with care is beyond compare. May the Lord guide us on this journey together. Amen.

***Dr. Elizabeth Jacob***
*(W/o. Rev.Johnson P.Abraham,Bethel MTC,Delhi)*
*Assistant Professor New Delhi Institute of Management*




1) ഒരിക്കലും തൃപ്തി വരാത്ത അവയവം?
2) നിഗളവും ഗർവവും ഉള്ളവന്റെ പേർ?
3) വെള്ളിത്താലത്തിൽ പൊൻ നാരങ്ങ പോലെ ഉള്ളത് എന്ത്?
4) തരിക തരിക എന്ന രണ്ടു പുത്രിമാരുടെ അമ്മയാര്?
5) സ്വന്തം പ്രവർത്തികളാൽ പട്ടണ വാതിൽക്കൽ പ്രശംസ ലഭിക്കുന്നതാർക്ക്?
6) ആരുടെ നിലമാണ് ആക്രമിക്കരുത് എന്ന് ശലോമോൻ പറയുന്നത്?
7) സഖി എന്ന് പേർ വിളിക്കുന്നത് ആരെ?
8) ബുദ്ധി സമ്പാദിക്കുന്നവൻ ആരെ സ്നേഹിക്കുന്നു?
9) യഹോവയ്ക്ക് വെറുപ്പ് ആകുന്ന രണ്ടു കാര്യങ്ങൾ ഏതെല്ലാം?
10) രാജാവ് തന്റെ സിംഹാസനത്തെ എന്തിനാൽ ഉറപ്പിക്കുന്നു?
11) സദൃശ്യവാക്യങ്ങൾ എഴുതിയതാര്?
12) താഴ്മയ്ക്കും യഹോവ ഭക്തിക്കും ഉള്ള പ്രതിഫലം എന്ത്?
13) ഇമ്പമായി സംസാരിക്കുന്നവനെ വിശ്വസിക്കരുത് എന്ന് പറയാൻ കാരണമെന്ത്?
14) നീതിമാന് ലഭിക്കുന്ന പ്രതിഫലം എന്ത്?
15) വളരെ നിക്ഷേപം ഉള്ളത് ആരുടെ വീട്ടിൽ?
16) കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളി എവിടെയാണ്?
17) മാരാമൺ കൺവൻഷൻ ആരംഭിച്ച വർഷം?
18) പകൽ ഉള്ളടത്തോളം അയച്ചവന്റെ ശുശ്രൂഷ ചെയ്യുക എന്ന പ്രഖ്യാപനം വഴി സഭയുടെ പ്രേക്ഷിത ദൗത്യത്തെ ശക്തീകരിച്ച തിരുമേനി?
19) നിഖ്യാ സുന്നഹദോസിന്റെ അഞ്ചാമത്തെ കാനോനിൽ പരാമർശിച്ചിരിക്കുന്ന നോമ്പ് ഏത്?
20) മാർത്തോമ്മാ സഭയുടെ ഇരുപതാമത് മെത്രാപ്പോലീത്ത?

---

ശരി ഉത്തരങ്ങൾ പേരും അഡ്രസ്സും ഫോൺനമ്പരും സഹിതം 2025 ജൂൺ 10-ന് മുമ്പായി 9446903155 നമ്പരിലേക്കോ- dhwani2326@gmail.com - ലേക്കോ അയക്കേണ്ടതാണ്. ശരി ഉത്തരങ്ങൾ അയക്കുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.

---

കഴിഞ്ഞ ലക്കം ബൈബിൾ ചോദ്യാവലിയിൽ ശരിയുത്തരങ്ങൾ അയച്ചവർ.

1. **ചെറിയാൻ തോമസ്, അയിരൂർ ശാലേം**
2. **സൂസൻ തോമസ്, പഴവങ്ങാടിക്കര ഇമ്മാനുവേൽ**
3. **സുസൻ വർഗ്ഗീസ് അയിരൂർ ശാലേം**
4. **ജോൺ തോമസ്, പഴവങ്ങാടിക്കര ഇമ്മാനുവേൽ**
5. **മറിയാമ്മ തോമസ്, മന്ദമരുതി ബഥേൽ**

**അഭിനന്ദനങ്ങൾ**

## അടുത്തലക്കം വിഷയം : ക്രിസ്തു ലഹരിയാകേണ്ട ജീവിതം

അടുത്ത ലക്കത്തിലേക്കുള്ള രചനകൾ, വാർത്തകൾ, ആദ്യകുർബ്ബാന ചിത്രങ്ങൾ, മറ്റുവിശേഷ പരിപാടികളുടെ ചിത്രങ്ങൾ എന്നിവ ജൂൺ 28-നകം ചീഫ് എഡിറ്റർക്കോ ഭദ്രാസനത്തിലോ അയച്ചുകൊടുക്കുക. യുവജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും അവരുടെ സൃഷ്ടികൾ അയച്ചുതരാം.
**റവ. തോമസ് പി. കോശി *Whatsapp 9446903155 e-mail:dhwani2326@gmail.com***

*കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച വചനപ്പെയ്ത്ത് എന്ന കവിത എഴുതിയത് ഷീല കുരുടാമണ്ണിൽ അയിരൂർ ആണ്. പേര് തെറ്റായി അച്ചടിച്ചതിൽ ഖേദിക്കുന്നു.*
*- ചീഫ് എഡിറ്റർ*

## ആദ്യകുർബ്ബാന സ്വീകരിച്ച കുഞ്ഞുങ്ങൾ തിരുമേനിയോടൊപ്പം



കണ്ടൻപേരൂർ സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്



കളമ്പാല മാർത്തോമ്മാ ചർച്ച്



നാരങ്ങാനം സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്





മാർത്തോമ്മാ സഭ റാന്നി–നിലയ്ക്കൽ ഭദ്രാസന നവദർശന സംഗമം പ്രശസ്ത ചരിത്രകാരൻ ഡോ.വിനിൽ പോൾ ഉത്ഘാടനം ചെയ്തു.



മാർത്തോമ്മാ സഭ റാന്നി നിലയ്ക്കൽ ഭദ്രാസനത്തിന്റെ ശ്രവണം പദ്ധതിയുടെ ഭാഗമായി ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്ത ശേഷം ഭദ്രാസന അധ്യക്ഷൻ ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പൊലീത്ത, സെക്രട്ടറി റവ. തോമസ് കോശി പനച്ചമൂട്ടിൽ, ട്രഷറർ അനു ഫിലിപ്, റവ. ജെറിൻ ജേക്കബ് എന്നിവർ ഗുണഭോക്താക്കൾക്കൊപ്പം.

### ശ്രവണ സഹായ ഉപകരണ വിതരണം

റാന്നി ● മാർത്തോമ്മാ സഭ റാന്നി നിലയ്ക്കൽ ഭദ്രാസനത്തിലെ ശ്രവണം പദ്ധതിയുടെ ഭാഗമായി ശ്രവണ സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു. ജില്ലയിൽ കേൾവി പരിമിതികളുള്ള 15 പേർക്കാണ് പരിശോധന നടത്തി ഉപകരണങ്ങൾ നൽകിയത്.

ഉപകരണങ്ങളുടെ വിതരണം ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പൊലീത്ത നിർവഹിച്ചു. കാഴ്ചയും കേൾവിയും ജീവിതത്തെ ശാക്തീകരിക്കാനുള്ള സംവിധാനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. അവയുടെ പരിമിതികൾ അനുഭവിക്കുന്നവർ നേരിടുന്ന വേദനകൾക്ക് പരിഹാരം കാണാൻ ഏവരും തയാറാകണമെന്ന് അദ്ദേഹം നിർദേശിച്ചു. ഭദ്രാസന സെക്രട്ടറി റവ തോമസ് കോശി പനച്ചമൂട്ടിൽ, ട്രഷറർ അനു ഫിലിപ്, ലിസ മറിയം ജോർജ്, ഷീലാ തോമസ് എന്നിവർ പ്രസംഗിച്ചു.

ഓഡിയോളജിസ്റ്റുമാരായ ഷിജിൻ വർഗീസ്, റീജ ഷിജിൻ, ആതിര രാജേന്ദ്രൻ, ഗൗരി രാജേഷ് എന്നിവർ പരിശോധനകൾക്ക് നേതൃത്വം നൽകി.



ശ്രീ. ശശി തരൂർ എം.പി.അരമന തപോവൻ സന്ദർശിച്ചപ്പോൾ

# 26–ാമത് ഭദ്രാസന കൺവൻഷനിൽനിന്ന്





























കലഹാണ്ടി മിഷൻ സുവിശേഷകർ കൺവൻഷനിൽ











ഭദ്രാസന കൗൺസിൽ അംഗങ്ങൾ

CRE8IVE@9846244523

Chief Editor, Bhadrasana Dhwani, TMAM Mar Thoma Centre, Mandiram P.O., Ranni 689 672
E-Mail: dhwani2326@gmail.com